# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2023 ജനുവരി, വോള്യം: 11 ലക്കം: 5

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്,
പി. നന്ദകുമാർ,
കെ ചന്ദ്രൻപിള്ള

08
സിഐടിയു 17-ാം ദേശീയ സമ്മേളനത്തിൽ അവതരിപ്പിച്ച അധ്യക്ഷ പ്രസംഗത്തിലെ പ്രസക്ത ഭാഗങ്ങൾ

17th CITU
ALL INDIA
CONFERENCE
BENGALURU 18-22 JAN 2023
Unite and Fight for Pro People Policies

16
സിഐടിയു 17-ാം ദേശീയ സമ്മേളനത്തിൽ ജനറൽ സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ

| | | |
|---|---|---|
| നവലിബറൽ കാലത്തെ തൊഴിലാളി വർഗം | 28 | പ്രഭാത് പട്നായിക്ക് |
| ഇന്ത്യൻ മതനിരപേക്ഷതയെ വിധ്വംസകമായി കടന്നാക്രമിക്കുന്നു | 32 | കെ.ടി.കുഞ്ഞിക്കണ്ണൻ |
| മഹാരാഷ്ട്ര വൈദ്യുതി സമരവിജയം | 35 | എസ്. ഹരിലാൽ |
| ഉക്രൈൻ യുദ്ധം : പ്രത്യാഘാതങ്ങൾ | 38 | ജോസ് ടി. എബ്രഹാം |
| ശീതയുദ്ധത്തിന്റെ തുടക്കം 1947 - 49 | 42 | എൻ. പത്മലോചനൻ |
| സംഘടനാ വാർത്തകൾ | 47 | |

വാർഷിക വരിസംഖ്യ : 200 രൂപ.

# മാധ്യമങ്ങളുടെ കുത്തകസേവ

ബൂർഷ്വാ മാധ്യമങ്ങളുടെ തൊഴിലാളി വിരുദ്ധ നിലപാടുകൾ, എല്ലാ സീമകളും ലംഘിച്ചിരിക്കുകയാണ്. വസ്തുതാവിരുദ്ധമായ വാർത്തകളിലൂടെ തൊഴിലാളി സംഘടനകളെ അധിക്ഷേപിക്കൽ അവർ പതിവാക്കിയിരിക്കുന്നു. വർഗവിഭജിതമായ ഒരു സമൂഹത്തിൽ, കുത്തക മുതലാളിവർഗ്ഗം ആധിപത്യം പുലർത്തുന്ന മാധ്യമരംഗം, എല്ലാ മര്യാദകളും ലംഘിക്കുന്നു. ഭരണകൂടവും, കുത്തകമൂലധന ശക്തികളും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടിന്റെ സ്വഭാവമാണ് ഇപ്പോൾ ദൃശ്യമാകുന്നത്.

മുംബൈ നഗരത്തിലെ ഒരു ഭാഗത്തെ നവിമുംബൈ വൈദ്യുതി വിതരണം. അദാനിപവ്വർ എന്ന സ്വകാര്യകമ്പനിയെ ഏൽപ്പിക്കാൻ മഹാരാഷ്ട്ര സർക്കാർ തീരുമാനിച്ചതിനെതിരെ മഹാരാഷ്ട്രയിലെ ഒരു ലക്ഷത്തോളം വരുന്ന വൈദ്യുതി ജീവനക്കാർ ജനുവരി 3 മുതൽ 72 മണിക്കൂർ പണിമുടക്കാരംഭിച്ചു. സർക്കാർ ഭീഷണി മുഴക്കുകയും, സമരത്തിന് നേരെ 'അവശ്യ സർവീസ് സംരക്ഷണ നിയമം' ഉപയോഗിക്കാൻ ഉത്തരവിറക്കുകയും ചെയ്തു. സമരം നേരിടാൻ മദ്ധ്യപ്രദേശിൽ നിന്നും എഞ്ചിനീയർമാരെ മഹാരാഷ്ട്രയിലേക്ക് നിയോഗിക്കാൻ, ബിജെപി സർക്കാർ നടപടികളാരംഭിച്ചു. എല്ലാ ഭീഷണികളെയും നേരിട്ട്, മഹാരാഷ്ട്ര വൈദ്യുതി ബോർഡിന് കീഴിലുള്ള എഞ്ചിനീയർമാരും, മറ്റ് ജീവനക്കാരും ഒറ്റക്കെട്ടായി പണിമുടക്കാരംഭിച്ചു. മഹാരാഷ്ട്ര സംസ്ഥാനത്തിന്റെ പലഭാഗത്തും വൈദ്യുതി വിതരണം മുടങ്ങി. രാജ്യത്തെമ്പാടുമുള്ള വൈദ്യുതി ജീവനക്കാരും, ട്രേഡ് യൂണിയനുകളും ഈ സമരത്തിന് പിന്തുണയുമായി രംഗത്തു വന്നു. മഹാരാഷ്ട്രയിലെ ബിഎംഎസ് പോലും സമരത്തെ പിന്തുണച്ചു.

അധികാരഗർവ് ഉപയോഗിച്ച് തൊഴിലാളികളുടെ പണിമുടക്ക് തകർക്കാനുള്ള ശ്രമങ്ങളെല്ലാം ദയനീയമായി പരാജയപ്പെട്ടു. ഒടുവിൽ സമരം ചെയ്യുന്ന ജീവനക്കാരുടെ സംഘടനാനേതാക്കളുമായി ചർച്ച ചെയ്യാൻ സർക്കാർ നിർബന്ധിതമായി. സ്വകാര്യവൽക്കരണ നടപടി ഉപേക്ഷിക്കുമെന്ന് സർക്കാർ ഉറപ്പ് നൽകിയതിനെ തുടർന്ന് തൊഴിലാളി സംഘടനകൾ പണിമുടക്ക് പിൻവലിച്ചു. മഹാരാഷ്ട്രയിലെ വൈദ്യുതി ജീവനക്കാരുടെ സമരം ഐതിഹാസിക വിജയത്തിൽ കലാശിച്ചു.

പിറ്റെ ദിവസത്തെ പ്രമുഖ മലയാള പത്രങ്ങൾ മനോരമ മാതൃഭൂമി മുതലായവ ഈ തൊഴിലാളി സമര വിജയത്തെക്കുറിച്ച് ഒരു വാർത്ത പോലും നൽകിയില്ല. ദേശാഭിമാനി പത്രം, മുൻപേജിൽ പ്രധാനവാർത്തയായി കൊടുത്തത്, മഹാരാഷ്ട്രയിലെ വൈദ്യുതി ജീവനക്കാരുടെ സമരം വിജയിച്ചത് സംബന്ധിച്ച വാർത്തയാണ്. ചില ഇംഗ്ലീഷ് പത്രങ്ങൾ ഇത് സംബന്ധിച്ച വാർത്തകൾ കൊടുക്കുകയുണ്ടായി.

മഹാരാഷ്ട്ര സർക്കാരിന്റെ സ്വകാര്യവൽക്കരണ നടപടിയെ ചെറുത്ത് തോൽപ്പിച്ച തൊഴിലാളിസമരം, 'കുത്തക' പത്രങ്ങൾക്ക് ഒട്ടും ഇഷ്ടപ്പെട്ടില്ല, ഉദാരവൽക്കരണസ്വകാര്യവൽക്കരണ നയങ്ങൾക്ക് കുഴലൂത്ത് നടത്തുന്നവരാണ് ഈ മാധ്യമകുത്തകകൾ. കേന്ദ്ര ബിജെപി സർക്കാരിന്റെ കുത്തക പ്രീണനനയത്തിന്റെ ഗുണഭോക്താക്കളാണ്, ഈ കുത്തകമാധ്യമങ്ങളുടെ ഉടമസ്ഥന്മാർ. മാധ്യമധർമമൊന്നും അവരുടെ അജണ്ടയിലില്ല.

2003 ൽ വാജ്പേയ് സർക്കാർ ആരംഭം കുറിച്ചതാണ് വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണം. തൊഴിലാളികളുടെ കൂട്ടായ ചെറുത്ത് നിൽപ്പ് കൊണ്ടാണ്, സ്വകാര്യവൽക്കരണം പൂർണതയിലെത്താതിരുന്നത്. എന്നാൽ വൈദ്യുതി ഉൽപ്പാദനരംഗത്ത്, വലിയസംരംഭങ്ങൾ ആരംഭിക്കാൻ അദാനിഅംബാനിമാർക്ക് അവസരം ലഭിച്ചു. അവർക്ക് ജനങ്ങളെ കൊള്ളയടിക്കാൻ വിതരണമേഖല കൂടി സമ്പൂർണമായി സ്വകാര്യവൽക്കരിക്കാനാണ് മോഡിസർക്കാർ ശ്രമിക്കുന്നത്.

വൈദ്യുതി വിതരണ മേഖല സ്വകാര്യവൽക്കരിക്കാനുള്ള നിയമനിർമാണത്തിനുള്ള 'ബില്ല്', 2020 ൽ പാർലമെന്റിൽ അവതരിപ്പിച്ചിരുന്നു. കർഷകസംഘടനകളും, തൊഴിലാളി സംഘടനകളും ഇതിനെ ശക്തിയായി എതിർത്തു. രാജ്യത്ത് നിലവിലുള്ള "ക്രോസ് സബ്സീഡി" എന്ന തത്വം ഇല്ലാതാവുന്നതോടെ കർഷകർ ജലസേചന ആവശ്യത്തിനു ഉപയോഗിക്കുന്ന വൈദ്യുതിയുടെ നിരക്ക് കുതിച്ചയരുമെന്ന് കർഷകർ മനസ്സിലാക്കി. ഒടുവിൽ ബില്ല് പാസ്സാക്കുന്ന നടപടിയിൽ നിന്നും സർക്കാർ പിന്തിരിഞ്ഞു. കർഷകസംഘടനകളുമായി ചർച്ച ചെയ്ത ശേഷമെ, ഈ ബില്ല് പാസ്സാക്കൂ എന്ന് സർക്കാർ ഉറപ്പ് നൽകി.

പ്രസ്തുത ഉറപ്പ് ലംഘിച്ച് കൊണ്ടാണ്, 2022 ആഗസ്റ്റിൽ, വീണ്ടും വൈദ്യുതി സ്വകാര്യവൽക്കരണ ബില്ല് പാർലമെന്റിൽ വന്നത്. പാർലമെന്റിൽ പ്രതിപക്ഷപാർട്ടികളും, പുറത്ത് കർഷകതൊഴിലാളി സംഘടനകളും ശക്തമായ എതിർപ്പുയർത്തി. തുടർന്ന് പ്രസ്തുത ബില്ല്, ഊർജ്ജവകുപ്പിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിശോധനക്കായി അയച്ചിരിക്കുകയാണ്.

അതിനിടയിലാണ്, നവിമുബൈയിലെ, വൈദ്യുതി വിതരണം, അദാനിപവ്വർ കമ്പനിയെ ഏൽപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചത്. ഇപ്പോൾ വൈദ്യുതി വിതരണം നടത്തുന്ന പൊതുമേഖലാസ്ഥാപനത്തെ തകർക്കുന്നതും, ജനങ്ങളുടെ മേൽ കടുത്ത ഭാരം അടിച്ചേൽപ്പിക്കുന്നതുമാണ് ഈ നടപടി. ഈ കാര്യങ്ങളൊന്നും ബൂർഷ്വാമാധ്യമങ്ങൾക്ക് ഒരു വാർത്തയേയല്ല. കേരളത്തിലെ 'മ' പത്രങ്ങളുടെ വർഗ്ഗസ്വഭാവം ഒരിക്കൽ കൂടി വ്യക്തമാക്കുന്നതാണ് ഈ സംഭവം.

തൊഴിലാളികളെയും അവരുടെ ട്രേഡ് യൂണിയനുകളെയും അധിക്ഷേപിക്കാൻ ഒരു പിശുക്കും കാണിക്കാത്തവരാണ്, അച്ചടി ദൃശ്യ മാധ്യമങ്ങളിലെ കുത്തകസ്ഥാപനങ്ങൾ. 2022 മാർച്ച് 28, 29 തീയതികളിൽ നടന്ന ദേശീയ പണിമുടക്കിനെതിരെ മര്യാദയുടെ എല്ലാസീമകളെയും ലംഘിച്ചുകൊണ്ടാണ്, കേരളത്തിലെ അച്ചടിദൃശ്യമാധ്യമങ്ങൾ, വാർത്തകൾ ചമച്ചത്, ഏഷ്യാനെറ്റ് ചാനൽ ഇന്നേവരെ ഒരു മാധ്യമവും കാണിച്ചില്ലാത്ത നെറികേടാണ് പണിമുടക്ക് ദിവസങ്ങളിൽ കാണിച്ചത്.

കേരളത്തിലെ ഏറ്റവും പ്രബല ട്രേഡ് യൂണിയനാണ് സിഐടിയു തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്താനും തൊഴിലാളി വിരുദ്ധ നീക്കങ്ങളെ ചെറുക്കാനും പൊതുമേഖലയെയും പരമ്പരാഗത വ്യവസായങ്ങളെയും സംരക്ഷിക്കാനും, വിട്ടുവീഴ്ചയില്ലാതെ പോരാടുന്ന സംഘടനയാണ് സിഐടിയു. കേരളത്തിലെ തൊഴിലാളികളുടെ ജീവിതം അഭിവൃദ്ധിപ്പെടുത്തുന്നതിൽ, സിഐടിയു വഹിച്ച പങ്ക് ആർക്കും നിഷേധിക്കാനാവാത്തതാണ്. എന്നാൽ സിഐടിയുവിനെ അധിക്ഷേപിക്കാനും, തകർക്കാനും പ്രതിജ്ഞയെടുത്ത മട്ടിലാണ്, കുത്തകമാധ്യമങ്ങൾ വാർത്തകൾ ചമക്കുന്നത്.

ഈ അടുത്ത ദിവസം, കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന 'വി.ആർ.എൽ' എന്ന ലോജിസ്റ്റിക് സ്ഥാപനം സിഐടിയുക്കാർ അടച്ചുപൂട്ടിച്ചു എന്ന്, ഏതാനും മാധ്യമങ്ങൾ വാർത്ത നൽകി. പ്രസ്തുത സ്ഥാപനത്തിൽ, സിഐടിയു നേതൃത്വത്തിലുള്ള യൂണിയൻ ഒരു സമരവും നടത്തിയിട്ടില്ല. സമരനോട്ടീസ് പോലും നൽകിയിട്ടില്ല. കാലാവധി കഴിഞ്ഞ വേതനകരാർ പുതുക്കണമെന്നാവശ്യപ്പെടുക മാത്രമാണ് ചെയ്തത്. ആടിനെ പട്ടിയാക്കുന്ന വിധത്തിലാണ് ചില മാധ്യമങ്ങൾ വാർത്ത നല്കിയത്. "ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമൻ തന്നെ" എന്നതാണ് ഇവരുടെ ന്യായം.

ജീവിക്കാനുള്ള വരുമാനം പോലും ലഭിക്കാതെ കഷ്ടപ്പെടുന്ന ചുമട് തൊഴിലാളികളെ അധിക്ഷേപിക്കൽ 'മ' പ്രസിദ്ധീകരണങ്ങളുടെ ഒരു ക്രൂര വിനോദമാണ്. അതേസമയം കേന്ദ്രസർക്കാർ നയങ്ങൾ തൊഴിലാളികളെ തെരുവിലേക്ക് വലിച്ചെറിയുന്ന ഒരു സംഭവവും ഇക്കൂട്ടർ വാർത്തയാക്കുന്നില്ല.

കേന്ദ്ര ഉടമസ്ഥതയിലുള്ള 'നാഷണൽ ടെക്സ്റ്റൈൽ കോർപറേഷ'ന്റെ 5 ടെക്സ്റ്റൈൽ മില്ലുകൾ കേരളത്തിൽ രണ്ട് വർഷമായി അടഞ്ഞ് കിടക്കുകയാണ്. മൂവായിരത്തിലധികം തൊഴിലാളികളുടെ ജോലിയും, വരുമാനവും നഷ്ടപ്പെട്ടു. ഒരു പത്രമുതലാളിക്കും നോവുന്നില്ല.

'ആസ്യൻ' കരാറിനെ തുടർന്ന് റബ്ബറും, മറ്റ് നാണ്യ വിളകളും കുറഞ്ഞവിലക്ക് രാജ്യത്തേക്ക് ഇറക്കുമതി ചെയ്യുന്നതിന്റെ ഫലമായി. റബ്ബർ തോട്ടം മേഖല തകർന്നു. നിരവധി തോട്ടങ്ങൾ അടച്ചുപൂട്ടി. ആയിരക്കണക്കിന് തൊഴിലാളികൾ തെരുവാധാരമായി. സംസ്ഥാന സമ്പദ്ഘടനയെ ബാധിക്കുന്ന പ്രശ്നമായിട്ടും, 'മ' മാധ്യമങ്ങൾ അനങ്ങുന്നില്ല. കുറഞ്ഞ വിലക്കുള്ള റബ്ബർ ഇറക്കുമതിയുടെ ഗുണഭോക്താക്കളിൽ ഒരു സ്ഥാപനം എം.ആർ.എഫ് എന്ന ടയർ കമ്പനിയാണ്. പിന്നെ എങ്ങിനെ 'മ' പത്രങ്ങൾക്ക് മിണ്ടാനാവും.

സംസ്കരിച്ച കശുവണ്ടി പരിപ്പ്, കുറഞ്ഞ വിലക്ക്, ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യാൻ അനുമതി നൽകിയ കേന്ദ്രസർക്കാർ, തോട്ടണ്ടി ഇറക്കുമതിയിന്മേൽ നികുതി ചുമത്തി, അതിന്റെ വില വർദ്ധിപ്പിച്ചു. പരമ്പരാഗത കശുവണ്ടി വ്യവസായം ഇന്ന് നേരിടുന്ന ഗുരുതരമായ പ്രതിസന്ധിക്ക് കാരണമിതാണ്. കുത്തക മാധ്യമങ്ങൾക്ക് സംസ്ഥാന താൽപ്പര്യമോ തൊഴിലാളി താൽപ്പര്യമോ അശേഷമില്ല. തങ്ങളുടെ മൂലധനതാൽപ്പര്യം സംരക്ഷിക്കുന്ന മോഡി സർക്കാരിനോട്, ദാസ്യമനോഭാവമാണവക്ക്.

മാധ്യമങ്ങളുടെ രാഷ്ട്രീയം തൊഴിലാളികളും, ട്രേഡ് യൂണിയൻ പ്രവർത്തകരും നന്നായി മനസ്സിലാക്കണം. കേന്ദ്രനയങ്ങൾക്ക് ജനപക്ഷ ബദലുയർത്തുന്ന, സംസ്ഥാനത്തെ എൽഡിഎഫ് സർക്കാരിനെതിരെ 'മ' പത്രങ്ങളും, മറ്റ് കുത്തക മാധ്യമങ്ങളും എങ്ങിനെ പെരുമാറുന്നു എന്ന് കാണുന്നവരാണ് നാം. ഇടതുപക്ഷ പ്രസ്ഥാനങ്ങളെ ദുർബലപ്പെടുത്തുക എന്ന ഒറ്റ അജണ്ട മാത്രമാണവർക്കുള്ളത്. കുത്തകമൂലധന ശക്തികൾക്കും, അവരെ താലോലിക്കുന്ന കേന്ദ്രസർക്കാർ നയങ്ങൾക്കുമെതിരെ ചെറുത്ത്നില്പ് സംഘടിപ്പിക്കുന്നത് പോലെ തന്നെ, ബൂർഷ്വാ മാധ്യമങ്ങളുടെ 'രാഷ്ട്രീയ' നിറവും തിരച്ചറിയുകയും, ജനമദ്ധ്യത്തിൽ തുറന്നു കാട്ടുകയും വേണം.



17th CITU
ALL INDIA
CONFERENCE
BENGALURU 18-22 JAN 2023
Unite and Fight for Pro People Policies



# സിഐടിയു 17ാം ദേശീയ സമ്മേളനത്തിലെ അധ്യക്ഷ പ്രസംഗത്തിൽ നിന്ന്

**നിരവധി സാഹചര്യങ്ങളാണ് കഴിഞ്ഞ പല വർഷങ്ങളായി നമ്മുടെ രാജ്യത്ത് വലതുപക്ഷ വർഗീയ വിഘടന ശക്തികളുടെ സ്വാധീനത്തിന്റെ സമാന്തരമായ വളർച്ചയ്ക്കും കളമൊരുക്കുന്നത്. അതുകൊണ്ട് നമ്മുടെ പോരാട്ടങ്ങൾ ഒരേ സമയംതന്നെ ഉദാരവൽക്കരണ നയങ്ങളെയും എല്ലാ നിറത്തിലുമുള്ള വർഗീയ വിഘടന ശക്തികളെയും ലക്ഷ്യം വെക്കുന്നതായിരിക്കണം. ഈ പോരാട്ടങ്ങളിൽ തൊഴിലാളി വർഗ്ഗത്തോടൊപ്പം കർഷകരുടെ ഐക്യത്തെയും ഐക്യ പോരാട്ടങ്ങളെയും ശക്തിപ്പെടുത്തിക്കൊണ്ട് അവരെയും അണിനിരത്തേണ്ടത് അനിവാര്യമാണ്.**

## ആഗോള ആരോഗ്യ പ്രതിസന്ധി

16ാം സമ്മേളനത്തിന് ശേഷമുള്ള കാലഘട്ടം ഏറെ വെല്ലുവിളികൾ നിറഞ്ഞ ഒന്നായിരുന്നു. ആ സമ്മേളനത്തിൽ നമ്മൾ സൂചിപ്പിച്ചിരുന്ന സാമ്പത്തിക പ്രതിസന്ധിയോടൊപ്പം മാനവ ചരിത്രത്തിലെ ഏറ്റവും മാരകമായ മഹാമാരികളിൽ ഒന്നായ കോവിഡിന്റെ തീവ്രമായ ആഗോള വ്യാപനം കൂടിയായപ്പോൾ ലോകത്താകെയുള്ള രാജ്യങ്ങളിലെ സ്ഥിതി കൂടുതൽ മോശമായിരിക്കുകയാണ്. 2022 നവംബർ 16 വരെയുള്ള കണക്കുകൾ അനുസരിച്ച് ലോകത്താകെ 63.3 കോടി ജനങ്ങൾക്ക് കോവിഡ് സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. 66 ലക്ഷം മരണങ്ങൾ മഹാമാരി കാരണം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുമുണ്ട്. മാനവരാശി ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും രംഗങ്ങളിൽ വമ്പിച്ച മുന്നേറ്റങ്ങൾ കൈവരിച്ചിരിക്കുന്ന

ഇക്കാലത്ത് തീർച്ചയായും ഒഴിവാക്കുവാൻ പറ്റുന്നവയായിരുന്നു ഇവയിൽ ഭൂരിപക്ഷം മരണങ്ങളും. കോവിഡ്19 മുതലാളിത്ത വ്യവസ്ഥിതിയുടെ കാര്യക്ഷമത ഇല്ലായ്മയെയും ജനങ്ങളുടെ ജീവനെ സംരക്ഷിക്കുന്നതിൽ അത് വരുത്തിയ വീഴ്ചയേയും തുറന്നുകാട്ടുകയുണ്ടായി. ഏറ്റവും വികസിതമായ മുതലാളിത്ത രാജ്യമായ അമേരിക്കയിലാണ് അതിന്റെ വികസന മാതൃകയുടെ പൊള്ളത്തരത്തെ വെളിപ്പെടുത്തിക്കൊണ്ട് ഏറ്റവും അധികം രോഗബാധിതരും മരണമടഞ്ഞവരും റിപ്പോർട്ട് ചെയ്യപ്പെട്ടത്. യഥാക്രമം 9.7 കോടിയും 10.6 ലക്ഷവും.

## ജനങ്ങളുടെ ദുരിതത്തിൽ നിന്ന് വൻ ലാഭക്കൊയ്ത്ത് നടത്തുന്നു

വാക്സിൻ ഉത്പാദകരും, ഔഷധ കമ്പനികളും, ആരോഗ്യ ഇൻഷുറൻസ് സ്ഥാപനങ്ങളും മഹാമാരിയെ ലാഭം കൊയ്യുന്നതിന് വേണ്ടി ഉപയോഗിക്കുകയാണ് ചെയ്തത്. Moderna, BioNTech, Phiser എന്നീ മൂന്ന് വമ്പൻ മരുന്ന് കമ്പനികൾ mRNA വാക്സിനുകൾക്ക് മേൽ അവയ്ക്കുണ്ടായിരുന്ന കുത്തകസ്ഥാനത്തെ ദുരുപയോഗം ചെയ്ത് മനസാക്ഷിക്ക് അംഗീകരിക്കാനാകാത്ത വിധത്തിൽ അതിഭീമമായ ലാഭമാണ് കൈക്കലാക്കിയത്. ഒരു സെക്കൻഡിൽ 1000 ഡോളർ അല്ലെങ്കിൽ പ്രതിദിനം 93 ദശലക്ഷം ഡോളർ എന്ന തോതിലാണ് അവ ലാഭം ഊറ്റിയതെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുകയാണ്. ഉത്പ്പാദനത്തിന്റെ കുത്ത കാവകാശം ഈ കമ്പനികൾ കൈക്കലാക്കി വച്ചിരിക്കുന്നു. വാക്സിനുകൾ വികസിപ്പിച്ചെടുക്കുന്നതിനായി അമേരിക്ക, ജർമ്മനി ഉൾപ്പെടെയുള്ള നിരവധി രാജ്യങ്ങളിലെ 100 ബില്യനോളം ഡോളറുകളാണ് പൊതുജനങ്ങളുടെ പണത്തിൽ നിന്ന് ചെലവാക്കപ്പെട്ടത്. ഇതിന് സമാനമായാണ് കേന്ദ്ര സർക്കാരിന്റെ ധനസഹായത്തിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി എന്നീ സ്ഥാപനങ്ങളുടെ പിന്തുണയോടെ ഇന്ത്യയിൽ വികസിപ്പിച്ചെടുത്ത കോവാക്സിന്റെ കുത്തവകാശം ഭാരത് ബയോടെക് എന്ന സ്വകാര്യ കമ്പനിക്ക് സമ്മാനിക്കപ്പെട്ടത്. മഹാമാരി 9 പുതിയ ഡോളർ ശത കോടീശ്വരന്മാർക്ക് കൂടി ജന്മം നൽകുകയുണ്ടായി.

അതുപോലെ തന്നെ കോടിക്കണക്കിന് തൊഴിലാളികൾക്ക് ജോലിയും വരുമാനവും നഷ്ടപ്പെടുകയും ലക്ഷക്കണക്കിന് ചെറുകിട സ്ഥാപനങ്ങൾ അടച്ചുപൂട്ടകയും ചെയ്യപ്പെട്ട മഹാമാരിയുടെ സമയത്ത് ആമസോൺ, നെറ്റ്ഫ്ലിക്സ്, സൂം, മൈക്രോസോഫ്റ്റ് തുടങ്ങിയ ഡിജിറ്റൽ/ഇവാണിജ്യ ഭീമന്മാരുടെ സമ്പത്തും അതിഗണ്യമായാണ് പെരുകിയത്.

## ആഗോള സാമ്പത്തിക പ്രതിസന്ധി

ആഗോള സമ്പദ്ഘടന 1970 നു ശേഷമുള്ള ഏറ്റവും രൂക്ഷമായ മുരടിപ്പിലേക്ക് നീങ്ങുകയാണ് എന്നാണ് നിരവധി ധനശാസ്ത്രജ്ഞരും സാമ്പത്തിക സ്ഥാപനങ്ങളും പ്രവചിക്കുന്നത്. ലോകത്താകെ ഉപഭോക്താക്കളുടെ ആത്മവിശ്വാസത്തിൽ മുൻകാലങ്ങളിലെ ആഗോള മുരടിപ്പുകളുടെ സമയത്ത് അനുഭവപ്പെട്ടതിനേക്കാൾ രൂക്ഷമായ ഇടിവാണ് ഇപ്പോൾ ദൃശ്യമാകുന്നത്.

**2022 നവംബർ 16 വരെയുള്ള കണക്കുകൾ അനുസരിച്ച് ലോകത്താകെ 63.3 കോടി ജനങ്ങൾക്ക് കോവിഡ് സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. 66 ലക്ഷം മരണങ്ങൾ മഹാമാരി കാരണം റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ഏറ്റവും വികസിതമായ മുതലാളിത്ത രാജ്യമായ അമേരിക്കയിലാണ് അതിന്റെ വികസന മാതൃകയുടെ പൊള്ളത്തരത്തെ വെളിപ്പെടുത്തിക്കൊണ്ട് ഏറ്റവും അധികം രോഗബാധിതരും മരണമടഞ്ഞവരും റിപ്പോർട്ട് ചെയ്യപ്പെട്ടത്. യഥാക്രമം 9.7 കോടിയും 10.6 ലക്ഷവും.**

17th CITU
ALL INDIA CONFERENCE
BENGALURU 18-22 JAN 2023
Unite and Fight for Pro People Policies

യുദ്ധവും ഉയർന്ന പലിശ നിരക്കും കാരണം സാമ്പത്തിക പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകും എന്നതിനാൽ ജർമ്മനി, ഫ്രാൻസ്, ഇറ്റലി, സ്പെയിൻ എന്നീ യൂറോ മേഖലയിലെ നാല് വലിയ സമ്പദ്ഘടനകളിലെ 2023ലെ വളർച്ചാ നിരക്കുകളിൽ നേരത്തെ പ്രവചിച്ചതിൽ നിന്ന് അന്താരാഷ്ട്ര നാണയ നിധി (ഐഎംഎഫ്) വെട്ടിക്കുറവ് വരുത്തിയിരിക്കുകയാണ്.

ഐഎംഎഫിന്റെ 2022 ഒക്ടോബറിലെ

വേൾഡ് എക്കണോമിക് ഔട്ട് ലുക്ക് റിപ്പോർട്ട് ആഗോള വളർച്ചാ നിരക്ക് 2021ലെ 6%ത്തിൽ നിന്ന് 2022ൽ 3.2%മായും 2023ൽ 2.7%ആയും കുറയുമെന്നാണ് പ്രവചിച്ചിരിക്കുന്നത്.

## സമ്പദ്ഘടന വിലക്കയറ്റവും, വളർച്ചാ മാന്ദ്യവും, തൊഴിൽ ലഭ്യതയിലെ മുരടിപ്പും ഒരുമിച്ച് സംഭവിക്കുന്ന Stagflationന്റെ പിടിയിൽ.

ഇംഗ്ലണ്ടിൽ 40 കൊല്ലത്തിനിടയിൽ പണപ്പെരുപ്പം ആദ്യമായി 10%ത്തിൽ എത്തിയിരിക്കുകയാണ്. യു എസ് എ യിലും 4 ദശകങ്ങളിലെ ഏറ്റവും ഉയർന്ന പണപ്പെരുപ്പം ആണ് അനുഭവപ്പെടുന്നത്. ഭക്ഷ്യ വസ്തുക്കളുടെയും ഊർജ്ജത്തിന്റെയും വിലകൾ കുത്തനെ ഉയർന്നിരിക്കുകയാണ്. 2022 മെയ് മുതൽ സെപ്റ്റംബർ വരെയുള്ള കാലഘട്ടത്തിലെ ലോക ബാങ്കിന്റെ സ്ഥിതി വിവര കണക്കുകൾ അനുസരിച്ച് 88.9% താഴ്ന്ന വരുമാന രാജ്യങ്ങളിലും, 91.1% താഴ്ന്ന മധ്യവരുമാന (lower middle inome) രാജ്യങ്ങളിലും, 96% ഉയർന്ന വരുമാന രാജ്യങ്ങളിലും പണപ്പെരുപ്പം 5%ത്തിലും അധികമാണ്.

യൂറോപ്യൻ രാജ്യങ്ങളുമായി ബന്ധപ്പെട്ട സ്ഥിതി വിവരകണക്കുകൾ പുറത്തുവിടുന്ന യൂറോ സ്റ്റാറ്റ് എന്ന ഏജൻസിയുടെ റിപ്പോർട്ട് അനുസരിച്ച് റൊട്ടിയുടെ വില കഴിഞ്ഞ ഒരു വർഷത്തിന് മുൻപ് ഉണ്ടായിരുന്നതിനേക്കാൾ 19% വർദ്ധിച്ചിരിക്കുകയാണ് . ഇത് ഇതുവരെ രേഖപ്പെടുത്തപ്പെട്ടതിൽ വച്ച് ഏറ്റവും വലിയ വർദ്ധനവാണ്. ഹംഗറിയിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ റൊട്ടിയുടെ വില 77% ഉയർന്നു എന്നാണ് 2022 സെപ്റ്റംബർ മാസത്തിലെ വില സൂചിപ്പിക്കുന്നത്. ക്രൊയേഷ്യ, എസ്റ്റോണിയ, ലാത്വിയ, ലിത്വാനിയ, പോളണ്ട്, സ്ലോവാക്യ, തുടങ്ങിയ നിരവധി രാജ്യങ്ങളിൽ ഒരു കൊല്ലം കൊണ്ട് റൊട്ടിയുടെ വില 30%ത്തോളം ആണ് അധികരിച്ചത്.

അവശ്യസാധനങ്ങളുടെ വിലവർധനവും യഥാർത്ഥ വേതനത്തിൽ ഉണ്ടാകുന്ന ഇടിവും ലോകത്താകെ തൊഴിലാളികളുടെ ജീവിത നിലവാരം മോശമാകുന്നതിലേക്ക് നയിക്കുകയാണ്. ലോകവ്യാപകമായി ദശലക്ഷക്കണക്കിന് ജനങ്ങൾ അതിദാരിദ്ര്യത്തിലേക്ക് തള്ളിവിടപ്പെടുന്നു. പട്ടിണിയും പോഷകാഹാരകുറവും വർധിച്ചുവരുന്നു.

## അസമത്വം വർദ്ധിക്കുന്നു

വ്യത്യസ്ത രാജ്യങ്ങളിൽ വ്യത്യസ്തങ്ങളായ രീതികളിൽ നിയന്ത്രണങ്ങൾ എടുത്തു കളഞ്ഞതിന്റെയും ഉദാരവൽക്കരണ നടപടികൾ നടപ്പിലാക്കിയതിന്റെയും ഫലമായി സമ്പത്തിലെയും വരുമാനത്തിലെയും അസമത്വങ്ങൾ 1980കൾ മുതൽ ഏകദേശം എല്ലായിടത്തും വർദ്ധിച്ചു വരികയാണ്. യു എസ് എ, റഷ്യ, ഇന്ത്യ തുടങ്ങിയ ചില രാജ്യങ്ങളിൽ അസമത്വത്തിന്റെ വർദ്ധനവ് വലിയതോതിൽ അനുഭവപ്പെട്ടപ്പോൾ മറ്റു ചില രാജ്യങ്ങളിൽ (ഏതാനും യൂറോപ്യൻ രാജ്യങ്ങളിലും ചൈനയിലും) താരതമ്യേന ചെറിയ അളവിലാണ് അസമത്വം വർദ്ധിച്ചത്.

2022ലെ ആഗോള അസമത്വ റിപ്പോർട്ട് അനുസരിച്ച് പാശ്ചാത്യ സാമ്രാജ്യത്വം അതിന്റെ പാരമ്യതയിൽ ആയിരുന്ന കാലഘട്ടത്തിൽ ഉണ്ടായിരുന്നത്ര രൂക്ഷമായ അസമത്വമാണ് ഇന്ന് ലോകത്താകെ നിലനിൽക്കുന്നത്. ലോക ജനസംഖ്യയുടെ പകുതി വരുന്ന ദരിദ്ര ജനങ്ങളുടെ ഇന്നത്തെ വരുമാനത്തിലുള്ള പങ്ക് 1820കളിൽ ഉണ്ടായിരുന്നതിന്റെ പകുതി മാത്രമാണ്.

ലോക ജനസംഖ്യയിലെ അതിസമ്പന്നരായ 10%ആണ് ആഗോള വരുമാനത്തിന്റെ 52 ശതമാനവും ഇന്ന് കൈകലാക്കുന്നത്. ജനസംഖ്യയുടെ ഏറ്റവും ദരിദ്രരായ പകുതിക്ക് ലഭിക്കുന്നതാകട്ടെ വരുമാനത്തിന്റെ 8.5% മാത്രവും.




ആഗോള സമ്പത്തിന്റെ കേവലം 2%മാണ് ലോക ജനസംഖ്യയുടെ ഏറ്റവും ദരിദ്രരായ പകുതിയുടെ പക്കൽ ഉള്ളത്. അതിസമ്പന്നരായ 10%ത്തിന്റെ കൈവശമാണ് 76% സമ്പത്തും. ആഗോള വരുമാനത്തിലെ ലിംഗപരമായ അസമത്വത്തെ കുറിച്ചുള്ള ആദ്യ കണക്കുകളും 2022ലെ ആഗോള അസമത്വ റിപ്പോർട്ട് നൽകുന്നുണ്ട്. ആഗോള തൊഴിൽ വരുമാനത്തിൽ 1990ൽ 30% മായിരുന്ന സ്ത്രീകളുടെ പങ്ക് ഇന്നും കാര്യമായ വർദ്ധനവ് കൈവരിക്കാതെ 35%ത്തിൽ താഴെയാണ്.

രാഷ്ട്രങ്ങൾ സമ്പന്നമാകുമ്പോൾ സർക്കാരുകൾ ദരിദ്രമാകുന്ന സാഹചര്യത്തെക്കുറിച്ചും റിപ്പോർട്ടിൽ സൂചനയുണ്ട്. സമ്പന്ന രാജ്യങ്ങളിൽ പൊതുസംവിധാനങ്ങളുടെ കൈവശമുള്ള സമ്പത്തിന്റെ മൂല്യം പൂജ്യമോ നെഗറ്റീവോ ആണ്. ഇവിടങ്ങളിൽ മൊത്തം സമ്പത്തും സ്വകാര്യ മേഖലയുടെ കൈയിലാണ് എന്നാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്.

## പിരിച്ചുവിടൽ, എണ്ണം കുറയ്ക്കൽ, അടച്ചുപൂട്ടൽ

സ്ഥാപനങ്ങളുടെ അടച്ച് പൂട്ടൽ, തൊഴിലാളി സംഘടനാ പ്രവർത്തകരെ

ജോലിയിൽ നിന്ന് പിരിച്ചുവിടൽ തുടങ്ങിയ ഭയാനകമായ ഭീഷണികളെ മുതലാളിത്ത വർഗ്ഗത്തിൽ നിന്ന് തൊഴിലാളികൾ നേരിടുകയാണ്. ഇതിന്റെ സമീപകാലത്തെ ഏറ്റവും ശ്രദ്ധേയമായ ഉദാഹരണമാണ് സ്റ്റാർബക്സിലെ സംഭവവികാസങ്ങൾ. സ്റ്റാർബക്സ് വർക്കേഴ്സ് യുണൈറ്റഡ് എന്ന തൊഴിലാളി സംഘടനയുടെ രൂപീകരണത്തെ അട്ടിമറിക്കുന്നതിനായി കഴിഞ്ഞ ഏഴ് മാസങ്ങളിൽ കമ്പനിയുടെ ഭാഗത്തുനിന്ന് 200 വട്ടം തൊഴിൽ നിയമ ലംഘനങ്ങൾ ഉണ്ടായി. 50 സ്റ്റോറുകളിലെ തൊഴിലാളികൾ ഹിത പരിശോധനയിൽ സംഘടനാ രൂപീകരണത്തിന് അനുകൂലമായി വോട്ട് രേഖപ്പെടുത്തുകയുണ്ടായി. 250 ഓളം സ്റ്റോറുകളിൽ ഹിത പരിശോധനകൾ നടക്കാനിരിക്കേ സ്റ്റാർബക്സ് 16 സ്റ്റോറുകൾ സുരക്ഷാ കാരണങ്ങളുടെ മറവിൽ അടച്ചു പൂട്ടിയിരിക്കുകയാണ്. കൂടുതൽ അടച്ചു പൂട്ടലുകൾ ഉണ്ടാകുമെന്ന ഭീഷണിയും ഉയർത്തിയിരിക്കുന്നു.

### എങ്ങും പോരാട്ടങ്ങളുടെ അലയടികൾ

ഈ തടസ്സങ്ങളെല്ലാം ഉണ്ടായിട്ടും തീവ്രവും നിരന്തരവുമായ പോരാട്ടങ്ങൾ അനേകം രാജ്യങ്ങളിൽ നിത്യ സംഭവങ്ങളായി മാറിയിരിക്കുകയാണ്. മുതലാളിത്ത സമൂഹത്തിൽ നേരിടേണ്ടി വരുന്ന ബഹുമുഖങ്ങളായ ആക്രമങ്ങൾക്ക് എതിരെയുള്ള തൊഴിലാളി വർഗ്ഗത്തിന്റെ പ്രതികരണമാണിത്. ഉയർന്ന പണപ്പെരുപ്പം, യഥാർത്ഥ വേതനത്തിന്റെ ശോഷണം, ജീവിത നിലവാരത്തിന്റ തകർച്ച, അടിസ്ഥാനപരമായ അവകാശങ്ങൾക്ക് നേരെയുള്ള ആക്രമണം എന്നിവ നിരവധി രാജ്യങ്ങളിൽ തൊഴിലാളികളെ പോരാട്ടങ്ങളിലേക്ക് തള്ളിവിടുകയാണ്.

ലോകത്തിന്റെ നിരവധി ഭാഗങ്ങളിൽ നടക്കുന്ന പ്രധാനപ്പെട്ട സമരങ്ങൾ ഉൾപ്പെടെയുള്ള പ്രക്ഷോഭങ്ങളെ കുറിച്ച് വിശദമായി പ്രതിപാദിക്കുന്നതിന് സ്ഥലപരിമിതി അനുവദിക്കുന്നില്ല. എന്നാൽ വികസിത മുതലാളിത്ത രാജ്യങ്ങളിൽ നടക്കുന്ന പ്രക്ഷോഭങ്ങളിൽ ചെറുതായൊന്ന് കണ്ണോടിക്കുകയാണെങ്കിൽ പോലും നവ ഉദാരവൽക്കരണ കടന്നാക്രമണങ്ങൾക്ക് എതിരായുള്ള തൊഴിലാളി വർഗ്ഗത്തിന്റെ അസംതൃപ്തിയും രോഷവും എത്രത്തോളം രൂക്ഷമാണെന്നും അതുപോലെതന്നെ തൊഴിൽ സാഹചര്യങ്ങളെയും പൊരുതി നേടിയ അവകാശങ്ങളെയും സംരക്ഷിക്കുന്നതിനുള്ള നിശ്ചയദാർഢ്യം എത്രമാത്രം ശക്തമാണെന്നും നമുക്ക് മനസ്സിലാക്കുവാൻ കഴിയും.

2022ൽ യുകെയിലെ റെയിൽവേസ്, ടെലകോം എന്നീ രണ്ട് സുപ്രധാന മേഖലകളിലെ തൊഴിലാളികൾ മൂന്ന് ദശകങ്ങൾക്കു ശേഷം ഈ മേഖലകളിൽ ആദ്യമായി ദേശീയ പണിമുടക്കുകൾക്ക് നേതൃത്വം നൽകി. ടെലികോമിലും റെയിൽവേയിലും യഥാക്രമം 1987നും 1993നും ശേഷം നടക്കുന്ന ആദ്യത്തെ പണിമുടക്കുകൾ ആയിരുന്നു അവ. പോസ്റ്റൽ മേഖലയിൽ റോയൽ മെയിൽ ജീവനക്കാരുടെ 2009നു ശേഷമുള്ള ആദ്യത്തെ പണിമുടക്കിനും 2022ൽ യുകെ സാക്ഷ്യം വഹിച്ചു. റെയിൽവേ, ബസ്സ്, മെട്രോ ഡ്രൈവർമാരുടെ സംഘടനയായ ആർ എം ടി ചെലവ് ചുരുക്കലിന് എതിരായും മെച്ചപ്പെട്ട വേതനം ആവശ്യപ്പെട്ടുകൊണ്ടും 2022 ജൂൺ മാസം മൂന്നു ദേശീയപണിമുടക്കുകൾ നടത്തുകയുണ്ടായി. തുടർന്നുള്ള മാസങ്ങളിലും ഈ സംഘടനയുടെ നേതൃത്വത്തിൽ ദേശീയ പണിമുടക്കുകൾ സംഘടിപ്പിക്കപ്പെട്ടു. പണിമുടക്കിന്റെ അലയടികൾ വിദ്യാഭ്യാസം, ആരോഗ്യം,

> **ഉയർന്ന പണപ്പെരുപ്പം, യഥാർത്ഥ വേതനത്തിന്റെ ശോഷണം, ജീവിത നിലവാരത്തിന്റ തകർച്ച, അടിസ്ഥാനപരമായ അവകാശങ്ങൾക്ക് നേരെയുള്ള ആക്രമണം എന്നിവ നിരവധി രാജ്യങ്ങളിൽ തൊഴിലാളികളെ പോരാട്ടങ്ങളിലേക്ക് തള്ളിവിടുകയാണ്. വികസിത മുതലാളിത്ത രാജ്യങ്ങളിൽ നടക്കുന്ന പ്രക്ഷോഭങ്ങളിൽ നവ ഉദാരവൽക്കരണ കടന്നാക്രമണങ്ങൾക്ക് എതിരായുള്ള തൊഴിലാളി വർഗ്ഗത്തിന്റെ അസംതൃപ്തിയും രോഷവും എത്രത്തോളം രൂക്ഷമാണെന്ന് കാണാവുന്നതാണ്.**

തുറമുഖം തുടങ്ങിയ മറ്റ് നിരവധി മേഖലകളിലേക്കും വ്യാപിച്ചു.

### പോരാട്ടങ്ങളുടെ ആഗോള വ്യാപനം കാലഘട്ടത്തിന്റെ സവിശേഷത

ഈ കാലഘട്ടത്തിന്റെ ഒരു സവിശേഷത വിലക്കയറ്റം, വേതനം, തൊഴിൽ സാഹചര്യം, അടിസ്ഥാനപരമായ തൊഴിലാളി സംഘടനാ അവകാശങ്ങളും തൊഴിലിടങ്ങളിലെ അവകാശങ്ങളും തുടങ്ങിയ സമാ

നമായ പ്രശ്നങ്ങളും ആവശ്യങ്ങളും ഉയർത്തിക്കൊണ്ട് ലക്ഷക്കണക്കിന് തൊഴിലാളികളും സാധാരണ ജനങ്ങളും എണ്ണമറ്റ വലിയ പ്രക്ഷോഭങ്ങളിൽ ലോകമൊട്ടാകെ ഒരേസമയം തന്നെ അണിനിരക്കുന്നു എന്നതാണ്. ഇത് 1990കൾ മുതൽ ലോകത്താകെ മേധാവിത്വം പുലർത്തി വരുന്ന നവ ഉദാരവൽക്കരണ നയങ്ങളുടെ പ്രത്യാഘാത ങ്ങൾക്ക് എതിരായി തൊഴിലാളികളുടെയും സാധാരണ ജനങ്ങളുടെയും വർദ്ധിച്ചുവരുന്ന രോഷത്തിന്റെ പ്രതിഫല നമാണ്. ഒട്ടുമിക്ക രാജ്യങ്ങളിലും ഭരണ സംവിധാനത്തിന്റെ ദുരുപയോഗം, വേട്ടയാടൽ, ശാരീരികമായ ആക്രമണം തുടങ്ങിയ അതിന്റെ ആവനാഴിയിലെ എല്ലാ അസ്ത്രങ്ങളും ഭരണവർഗ്ഗം എടുത്ത് പ്രയോഗിച്ചിട്ടും തൊഴിലാളി വർഗ്ഗം ചങ്കുറപ്പോടെയും നിശ്ചയദാർഢ്യത്തോടു കൂടിയും പോ രാട്ടങ്ങൾ തുടരുകയാണ്.

## വലതുപക്ഷ ശക്തികൾക്ക് നേട്ടമുണ്ടാകുന്നു

അതേസമയം തൊഴിലാളികളുടെ പോരാട്ടങ്ങൾ സ്വമേ ധയാ തൊഴിലാളി വർഗ്ഗത്തിന് അനുകൂലമായ സാമൂഹിക/ സാമ്പത്തിക മാറ്റങ്ങൾക്ക് വഴിയൊരുക്കിക്കൊള്ളും എന്ന മിഥ്യാധാരണയാൽ നാം നയിക്കപ്പെടുവാൻ പാടില്ല. ഇതിന് വിപരീതമായി വലിയ പോരാട്ടങ്ങൾ നടക്കുന്ന രാജ്യങ്ങളിൽ ഉൾപ്പെടെ ലോകത്തിന്റെ നിരവധി ഭാഗങ്ങളിൽ വലതുപക്ഷ ശക്തികൾ നേട്ടമു ണ്ടാക്കുകയും ചില രാജ്യങ്ങളിൽ അവ അധി കാരത്തിൽ എത്തുകയും ചെയ്യുകയാണ്.

## ഇടതുപക്ഷത്തേക്കുള്ള മാറ്റം

പ്രതീക്ഷകൾ നൽകുന്ന നിരവധി സംഭവവികാസങ്ങളും ലോകത്താകെ ദൃശ്യമാകുന്നുണ്ട്. പ്രത്യേകിച്ച് ലാറ്റിൻ അമേരിക്ക യിൽ. മധ്യ ഇടതുപക്ഷവും പുരോഗമന കക്ഷികളും നയി ക്കുന്ന സഖ്യങ്ങൾ റിപ്പോർട്ട് കാലഘട്ടത്തിൽ ബോളിവിയ, പെറു, ഹോണ്ടുറാസ്, ചിലി, നിക്വരാഗ, കൊളംബിയ, ബ്രസീൽ തുടങ്ങിയ ലാറ്റിൻ അമേരിക്കയിലെ നിരവധി രാജ്യങ്ങളിൽ തിരഞ്ഞെടുപ്പ് വിജയങ്ങൾ കൈവരിക്കു കയുണ്ടായി. ചിലിയിൽ ഗബ്രിയേൽ ബോറിക് എന്ന ചെറുപ്പക്കാരനായ സോഷ്യലിസ്റ്റാണ് തൊഴിലാളി വർ ഗ്ഗത്തിന്റെയും കമ്മ്യൂണിസ്റ്റുകാരുടെയും പിന്തുണയോടെ പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ വിജയിച്ചത്. അദ്ദേഹത്തി ന്റെ മന്ത്രിസഭയിലെ നിരവധി അംഗങ്ങൾ നവ ഉദാരവൽ ക്കരണത്തെ എതിർക്കുന്നവരാണ്. കൊളംബിയയുടെ ചരിത്രത്തിൽ ആദ്യമായി ഇടതുപക്ഷത്തിൽ നിന്നുള്ള ഒരു സ്ഥാനാർഥി പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. പ്രസിഡൻറ് ഗസ്റ്റാവോ പെട്രോയും വൈസ് പ്രസിഡൻറ് ഫ്രാൻസിയ മാർക്കസും സാധാരണക്കാരുടെ പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുള്ള പോരാട്ടങ്ങളുടെ കനൽ വഴികളിലൂ ടെ കടന്നു വന്നതിന്റെയും ഇടതു പക്ഷപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രവർത്തിച്ചതിന്റെയും അനുഭവമുള്ളവരാണ്. ഒരു കർഷക കുടുംബത്തിൽ നിന്ന് വരുന്ന ഫ്രാൻസിയ മാർക്കസ് ആകട്ടെ വൈസ് പ്രസിഡന്റ് സ്ഥാനം അലങ്കരിക്കുന്ന ആഫ്രോ കൊ ളംബിയൻ വംശജയായ ആദ്യത്തെ വനി തയുമാണ്. ബ്രസീലിൽ നടന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ വർക്കേഴ്സ് പാർട്ടി സ്ഥാനാർഥി ലൂല ഡി സിൽവ നേടിയത് പ്രതീക്ഷ ഉണർത്തുന്നതും നിരവധി ഭൗമരാ ഷ്ട്രീയ സംഭവവികാസങ്ങളിൽ സ്വാധീനം ചെലുത്തുന്നതിനുള്ള സാധ്യതതകൾ തുറന്നു തരുന്നതുമായ വിജയമായിരുന്നു.

## സോഷ്യലിസം തന്നെയാണ് മികച്ച വ്യവസ്ഥിതി

സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സ്വാധീനം വർദ്ധിച്ചുവരുന്നു എന്ന സൂചനകളാണ് സമകാലീന സംഭവവികാസങ്ങളിൽ നിന്ന് ലഭിക്കുന്നത്. ഇത് തീർച്ചയായും ആശാ വഹമാണ്. മഹാമാരി സൃഷ്ടിച്ച പ്രതിസ ന്ധിയെ സോഷ്യലിസ്റ്റ് രാജ്യങ്ങൾ നേരിട്ട രീതി ലോകമാകെ ശ്രദ്ധിക്കപ്പെടുക യുണ്ടായി. ധാരാളം യുവാക്കൾ സോഷ്യലിസത്തെ കൂടുതൽ മനസ്സിലാക്കുന്നതിനായി ഇന്ന് അതിനെക്കുറിച്ച് ഗഹനമായി വായി ക്കുകയാണ്. വാഷിംഗ്ടൺ ആസ്ഥാ നമായുള്ള പ്യൂ ഗവേഷണ കേന്ദ്രം നടത്തിയ ഒരു സർവ്വേയിൽ സമീപകാലത്ത് അമേരിക്ക യിലെ യുവാക്കൾക്കിടയിൽ സോഷ്യലിസത്തോട് സ്വീ കാര്യ മനോഭാവം പ്രകടിപ്പിക്കുന്നവരുടെ എണ്ണം സോഷ്യലിസത്തിന്റെ മികച്ച കാ ലഘട്ടം എന്ന് വിശേഷിപ്പിക്കാവുന്ന 1940 കളിലേതിനേക്കാൾ കൂടുതലാണ് എന്ന് കണ്ടെത്തുകയുണ്ടായി. 2021 ജൂണിൽ നടത്തിയ ആക്സിയോസ് / മൊമെന്റീ വ് സർവ്വേയിൽ പങ്കെടുത്ത 18നും 24 നും ഇടയ്ക്ക് പ്രായമുള്ള അമേരിക്കക്കാരിൽ 54% പേർ മുതലാളിത്ത സൗഹൃദ നിലപാട് ഉള്ളവരായിരുന്നില്ല. അതേസമയം 51% അമേരിക്കക്കാർ സോഷ്യലിസത്തെ തുറന്ന മനസ്സോടെ സമീപിക്കാൻ തയ്യാറായിരു ന്നു. അമേരിക്കയിൽ സോഷ്യലിസത്തോട് നിഷേധാത്മകമല്ലാത്ത കാഴ്ചപ്പാട് വച്ചു പുലർത്തുന്നവരിൽ കറുത്തവംശജർ, സ്ത്രീ കൾ, വെള്ളക്കാർ അല്ലാത്ത റിപ്പബ്ലിക്കൽ പാർട്ടിക്കാർ എന്നിവരുടെ പങ്ക് യഥാക്രമം 53%, 41%, 27% ആയിരുന്നത് 60%, 45%, 33% എന്ന ക്രമത്തിൽ വർദ്ധിച്ചിട്ടുണ്ട്. ജനങ്ങളു



ടെ ചിന്താഗതിയിൽ ഇത്തരത്തിലുള്ള മാറ്റം ഉണ്ടായതിന് കാരണം സമകാലീന പ്രതിസന്ധികൾക്ക് ഫലപ്രദമായ ബദൽ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിൽ മുതലാളിത്തം പരാജയപ്പെട്ടതും മുന്നോട്ടുപോക്ക് ഒട്ടും സാധ്യമല്ലാത്ത പാതയുടെ അടഞ്ഞ അറ്റത്ത് നവ ഉദാരവൽക്കരണം ചെന്നു പെട്ടതുമാണ്.

ശാസ്ത്ര സാങ്കേതികവിദ്യയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ചൈന ഗവേഷണത്തിന്റെ വികസനത്തിനായുള്ള ചിലവ് ഒരു ട്രില്യൻ യുവാനിൽ നിന്ന് 2.8 ട്രില്യൻ യുവാനായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഈ മേഖലയിൽ ഏറ്റവുമധികം തുക മുടക്കുന്ന ലോകത്തിലെ രണ്ടാമത്തെ രാജ്യമാണ് ചൈന. ചൈനയിലെ ഇൻറർനെറ്റ് ഉപഭോക്താക്കളുടെ എണ്ണം 1.03 ബില്യൺ ആയി ഉയർന്നിട്ടുണ്ട്.

ഇതെല്ലാം സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ മേൽക്കോയ്മയെ എടുത്തു കാട്ടുകയാണ്.

## ആഗോള പരിസ്ഥിതി പ്രതിസന്ധി

നവ ഉദാരവൽക്കരണ നയങ്ങളോടൊപ്പം ആഗോളതാപനം, ആവാസ വ്യവസ്ഥകളുടെ നശീകരണം തുടങ്ങിയ പരിസ്ഥിതി പ്രശ്നങ്ങളും വലിയ വെല്ലുവിളികൾ ഉയർത്തുകയാണ്. ഇവ തീവ്രമായ കാലാവസ്ഥാ വ്യതിയാനങ്ങൾക്കും, ലോകത്താകെ, പ്രത്യേകിച്ച് ദരിദ്ര രാജ്യങ്ങളിൽ, ദശലക്ഷക്കണക്കിന് ജനങ്ങളുടെ ഉപജീവനമാർഗങ്ങൾ ഇല്ലാ താകുന്നതിനും, മനുഷ്യവംശം ഉൾപ്പടെയുള്ള ജീവജാലങ്ങളുടെ വാസസ്ഥലങ്ങൾ നഷ്ടമാകുന്നതിനും ഇടയാക്കുകയാണ്.

വരുമാനത്തിലെയും സമ്പത്തിലെയും ആഗോള അസമത്വങ്ങൾ പാരിസ്ഥിതിക അസമത്വങ്ങളോടും കാലാവസ്ഥ വ്യതിയാനം സൃഷ്ടിക്കുന്നതിൽ വഹിച്ച പങ്കിലെ അസമത്വങ്ങളോടും ദൃഢമായി ബന്ധപ്പെട്ട് കിടക്കുകയാണ്. ഒരു മനുഷ്യൻ പ്രതിവർഷം 6.6 ടൺ കാർബൺ ഡയോക്സൈഡ് തുല്യ മൂല്യം ($CO_2$ equivalent) ആണ് പുറത്തുവിടുന്നത്. കാർബൺ ബഹിർഗമനവുമായി ബന്ധപ്പെട്ട സ്ഥിതി വിവരകണക്കുകൾ ഇക്കാര്യത്തിൽ ആഗോള തലത്തിൽ വലിയ അസമത്വങ്ങളാണ് നിലനിൽക്കുന്നത് എന്ന് വെളിപ്പെടുത്തുന്നുണ്ട്. ഏറ്റവും കൂടുതൽ കാർബൺ ബഹിർഗമനം നടത്തുന്ന 10% രാജ്യങ്ങളാണ് ലോകത്താകെ ഉണ്ടാകുന്ന മൊത്തം ബഹിർഗമനത്തിന്റെ 50%ത്തിനും ഉത്തരവാദികൾ. ഏറ്റവും കുറവായി കാർബൺ ബഹിർഗമനം നടത്തുന്ന 50% രാജ്യങ്ങളുടെ മൊത്തം ബഹിർഗമനത്തിലെ പങ്ക് 12% മാത്രമാണ്.

## വഴിമുട്ടി നിൽക്കുന്ന നവ ഉദാരവൽക്കരണം

അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളിലൂടെയും രാഷ്ട്രീയവും സൈനികമായ കരുത്ത് ഉപയോഗിച്ചുകൊണ്ടും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ മേധാവിത്വം ലോകമാകെ നിലനിർത്തുവാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്നത് നവ ഉദാരവൽക്കരണം ആഗോളതലത്തിൽ വിശ്വാസ്യത നഷ്ടപ്പെട്ട് പ്രതിസന്ധിയിൽ ആയിരിക്കുന്ന വേളയിലാണ്.

ഇന്ന് ആഗോള സമ്പദ്ഘടനയെ നിയന്ത്രിക്കുന്ന അന്തർദേശീയ ധന മൂലധനത്തിനും അതിന്റെ വ്യക്താക്കൾക്കും പ്രതിസന്ധിയെ മറികടക്കുന്നതിനായി ഘടനാപരമായ പരിഷ്കാരങ്ങൾ നടപ്പിലാക്കൽ, സ്വകാര്യ നിക്ഷേപത്തിന് വഴിവിട്ട് സഹായം ചെയ്യൽ, തൊഴിൽ നിയമങ്ങൾ ഉടമകൾ ആഗ്രഹിക്കുന്നതുപോലെ മാറ്റി

**ആഗോള സമ്പദ്ഘടനയെ നിയന്ത്രിക്കുന്ന അന്തർദേശീയ ധന മൂലധനത്തിനും അതിന്റെ വ്യക്താക്കൾക്കും പ്രതിസന്ധിയെ മറികടക്കുന്നതിനായി ഘടനാപരമായ പരിഷ്കാരങ്ങൾ നടപ്പിലാക്കൽ, സ്വകാര്യ നിക്ഷേപത്തിന് വഴിവിട്ട് സഹായം ചെയ്യൽ, തൊഴിൽ നിയമങ്ങൾ ഉടമകൾ ആഗ്രഹിക്കുന്നതുപോലെ മാറ്റിയെഴുതൽ, വലതുപക്ഷ ശക്തികളെയും യുദ്ധത്തെയും പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ പരാജയപ്പെട്ട നയങ്ങളും മാർഗങ്ങളും കൂടുതലായി പ്രയോഗിക്കുക എന്നതല്ലാതെ മറ്റു ബദലുകൾ ഒന്നും നിർദ്ദേശിക്കാനില്ല എന്നത് വ്യക്തമാണ്.**

17th CITU
ALL INDIA CONFERENCE
BENGALURU 18-22 JAN 2023
Unite and Fight for Pro People Policies

യെഴുതൽ, വലതുപക്ഷ ശക്തികളെയും യുദ്ധത്തെയും പ്രോത്സാഹിപ്പിക്കൽ, തുടങ്ങിയ പരാജയപ്പെട്ട നയങ്ങളും മാർഗങ്ങളും കൂടുതലായി പ്രയോഗിക്കുക എന്നതല്ലാതെ മറ്റു ബദലുകൾ ഒന്നും നിർദ്ദേശിക്കാനില്ല എന്നത് വ്യക്തമാണ്.

എന്നാൽ ബദലുകൾ ഒന്നുമില്ല എന്ന് ഇത് അർത്ഥമാക്കുന്നില്ല. പ്രശസ്തരായ നിരവധി ശാസ്ത്രജ്ഞന്മാർ നമ്മുടെ രാജ്യത്ത് 2% സ്വത്തു നികുതിയും 25% പിന്തുടർ

ച്ചാവകാശ നികുതിയും ചുമത്തുകയാണെങ്കിൽ ഭക്ഷണം, തൊഴിൽ ( തൊഴിൽ ലഭ്യമാക്കാത്ത അവസരത്തിൽ മുഴുവൻ വേതനം), നിലവാരമുള്ള പൊതു ആരോഗ്യ പരിരക്ഷ, എല്ലാവർക്കും സർവ്വകലാശാല തലം വരെ സൗജന്യമായ പൊതു വിദ്യാഭ്യാസം, പര്യാപ്തമായ അളവിലുള്ള വാർദ്ധക്യ പെൻഷനും അംഗപരിമിതർക്കുള്ള ആനുകൂല്യവും എന്നീ 5 അടിസ്ഥാനപരമായ സാമ്പത്തിക അവകാശങ്ങൾ യാതൊരു ബുദ്ധിമുട്ടും കൂടാതെ ലഭ്യമാക്കാനാകും എന്ന് കണക്കാക്കിയിട്ടുണ്ട്. എന്നാൽ അന്തർദേശീയ ധന മൂലധനം ഇതിന് അനുവദിക്കത്തില്ല.

## ഇന്ത്യ

വലതുപക്ഷ വർഗീയ കോർപ്പറേറ്റ് സർക്കാരിന്റെ ഭരണത്തിൻ കീഴിൽ നമ്മുടെ രാജ്യത്തെ തൊഴിലാളി വർഗ്ഗവും സാധാരണ ജനങ്ങളും അവരുടെ സഹോദരി സഹോദരന്മാരായ ഒട്ടു മിക്ക മുതലാളിത്ത രാജ്യങ്ങളിലെയും ജനങ്ങളുടെതിന് സമാനമായ സാഹചര്യങ്ങളെയാണ് നേരിടുന്നത്.

ബിജെപി സർക്കാർ അതിന്റെ നേട്ടങ്ങളെ കൊട്ടിഘോഷിക്കുമ്പോഴും നിരവധി സുപ്രധാന ആഗോള സൂചികകളിൽ ഇന്ത്യയുടെ സ്ഥാനം തുടർച്ചയായി കൂപ്പുകുത്തുകയാണ്. 121 രാജ്യങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ആഗോള പട്ടിണി സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 2021ലെ 107ൽ നിന്ന് 2022-ൽ 111ലേക്ക് പതിച്ചിരിക്കുകയാണ്.

191 രാജ്യങ്ങളുടെ വിവരങ്ങൾ അടങ്ങുന്ന ഐക്യരാഷ്ട്രസഭയുടെ മാനവ വികസന സൂചികയിൽ ഇന്ത്യയുടെ 2021-22ലെ സ്ഥാനം കഴിഞ്ഞ കൊല്ലത്തെ 131-ൽ നിന്ന് 132 ലേക്ക് താഴ്ന്നിരിക്കുന്നു. ഇതിന് പ്രധാന കാരണം കഴിഞ്ഞ കൊല്ലത്തെ 69.7 വർഷത്തിൽ നിന്ന് 2021-22ൽ ആയുർ ദൈർഘ്യം 67.2 വർഷമായി കുറഞ്ഞതാണ്.

2022-ലെ ആഗോള ലിംഗ അസമത്വ റിപ്പോർട്ടിൽ ഇന്ത്യയുടെ സ്ഥാനം 146 രാജ്യങ്ങൾക്കിടയിൽ 135 ആണ്. റിപ്പോർട്ടിൽ അസമത്വത്തിന്റെ തോത് കണക്കാക്കുന്നതിനായി ഉപയോഗിച്ച സാമ്പത്തിക പങ്കാളിത്തവും അവസരങ്ങളും എന്ന ഉപസൂചികയിൽ ഇന്ത്യയുടെ സ്ഥാനം 143 ആണ്. ഇന്ത്യയ്ക്ക് പിന്നിൽ ഇറാൻ, പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ എന്നീ മൂന്ന് രാജ്യങ്ങൾ മാത്രമേയുള്ളൂ. ആരോഗ്യവും അതിജീവനവും എന്ന മറ്റൊരു ഉപസൂചികയിൽ ഏറ്റവും പുറകിലത്തെ, 146ആം സ്ഥാനമാണ് ഇന്ത്യയ്ക്ക്.

## അസമത്വ ഇന്ത്യ

2022ലെ ലോക അസമത്വ റിപ്പോർട്ട് അനുസരിച്ച് അസമത്വം ഏറ്റവും കൂടുതലായുള്ള ലോകരാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. അതിസമ്പന്നരായ പ്രമാണിവർഗം വസിക്കുന്ന ദരിദ്രവും വലിയ തോതിൽ അസമത്വം നിലനിൽക്കുന്നതുമായ രാജ്യമായിട്ടാണ് റിപ്പോർട്ടിൽ ഇന്ത്യ വിശേഷിപ്പി ക്കപ്പെട്ടിരിക്കുന്നത്.

കഴിഞ്ഞ ഒരു കൊല്ലം കൊണ്ട് അദാനിയുടെ സമ്പത്തിൽ ഉണ്ടായ വർധനവ് 5,88,500 കോടി രൂപയാണ്. തൊട്ടു താഴെയുള്ള 9 അതിസമ്പന്നരുടെ സമ്പത്തിൽ ഉണ്ടായ മൊത്തം വർദ്ധനവിന് തുല്യമാണ് അദാനിയുടെ സമ്പത്തിൽ മാത്രം ഉണ്ടായ വർദ്ധനവ്. ഇതിൽനിന്ന് അദാനിയുടെ സമ്പത്ത് എത്ര ഭീമമായാണ് വർദ്ധിച്ചത് എന്നത് വ്യക്തമാണ്. ഇന്ത്യയിലെ രണ്ടാമത്തെ അതിസമ്പന്നനായ മുകേഷ് അംബാനിയുടെ സമ്പത്ത് കഴിഞ്ഞകൊല്ലം 76,500 കോടി രൂപയാണ് വർദ്ധിച്ചത്.

Bloomberg പ്രസിദ്ധീകരിക്കുന്ന ഡോളർ ശതകോടീശ്വരന്മാരുടെ സൂചികയനുസരിച്ച് ലോകത്തിലെ അതിസമ്പന്നരിൽ രണ്ടാമനായി അദാനി ഉയർന്നിരിക്കുകയാണ്. റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ചെയർമാൻ മുകേഷ് അംബാനി പത്താം സ്ഥാനത്താണ്. കഴിഞ്ഞവർഷം അംബാനി പ്രതിദിനം 210 കോടി രൂപ സമ്പാദിച്ചപ്പോൾ അദാനി നേടിയത് 1612 കോടി രൂപയാണ്.

അസമത്വം മാരകമാണ് എന്ന തലക്കെട്ടോടുകൂടി 2022ൽ പ്രസിദ്ധീകരിച്ച അസമത്വ റിപ്പോർട്ടിൽ ഇന്ത്യയിലെ 100 അതിസമ്പന്നരുടെ ആകെ സമ്പത്ത് 2021ൽ സർവ്വകാല ഉയർച്ച കൈവരിച്ച് 57.3 ലക്ഷം കോടി രൂപയിൽ എത്തി. അതേസമയം 4.6 കോടി ഇന്ത്യക്കാർ 2020ൽ ദാരിദ്ര്യത്തിലേക്ക് തള്ളപ്പെട്ടു.

## ഹിന്ദു രാഷ്ട്രം

ഗോമാംസ ഭോജനം, ഗോഹത്യ, ഹിജാബ്, ബാങ്കുവിളി, ലൗ ജിഹാദ്, പൊതു ഇടങ്ങളിലെ നിസ്കാരം, നിർബന്ധിത മതപരിവർത്തനം എന്നിവയുടെ മറവിൽ ന്യൂനപക്ഷങ്ങൾക്ക്, പ്രത്യേകിച്ച് മുസ്ലിം ന്യൂനപക്ഷത്തിന്, എതിരെയുള്ള ആക്രമണങ്ങൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുകയാണ്. ഉത്തർപ്രദേശ്, മധ്യപ്രദേശ്, ആസാം, കർണാടക മുതലായ ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഭരണ സംവിധാനം മുസ്ലിം ന്യൂനപക്ഷത്തെ ഭയപ്പെടുത്താനും ഭീഷണിപ്പെടുത്താനും വേണ്ടി ഉപയോഗിക്കപ്പെടുകയാണ്. നമ്മുടെ ഭരണഘടനയെ പൂർണ്ണമായും അട്ടിമറിച്ചുകൊണ്ട് മോദി നേതൃത്വം നൽകുന്ന ബിജെപി സർക്കാർ വളരെ വേഗത്തിൽ ഇന്ത്യയെ ഒരു ഭൂരിപക്ഷ വർഗീയ ഹിന്ദു രാഷ്ട്രമായി മാറ്റുന്ന ദിശയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്.

## തൊഴിലാളികൾ ഉള്ള ഇടങ്ങളിലെല്ലാം ഇടപെടൽ നടത്തുക

മതം, ജാതി, പ്രദേശം, ഭാഷ, ലിംഗം എന്നിവയ്ക്ക് അതീതമായി വർഗ്ഗ ഐക്യം ശക്തിപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ തൊഴിലിടങ്ങളും തൊഴിലാളികളുടെ വാസസ്ഥലങ്ങളും ഉൾപ്പെടെയുള്ള അവരുടെ സാന്നിധ്യമുള്ള എല്ലായിടങ്ങളിലും നടത്തണം. നവ ഉദാരവൽക്കരണ നയങ്ങൾ തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കുന്നതിനോടൊപ്പം പാർപ്പിടം, കുടിവെള്ളം, ശുചിത്വം, വൈദ്യുതി, ആരോഗ്യപരിരക്ഷ മുതലായ അടിസ്ഥാനപരമായ അവകാശങ്ങൾ നിഷേധിച്ചുകൊണ്ട് അവരുടെയും കുടുംബങ്ങളുടെയും ജീവിത സാഹചര്യങ്ങളെ പ്രതികൂലമായി ബാധിക്കുകയുമാണ്. നമ്മുടെ കമ്മിറ്റികളും അംഗങ്ങളും തൊഴിലാളികളുടെ താമസസ്ഥലങ്ങളിലെ ജനകീയ പ്രസ്ഥാനങ്ങളുമായി ചേർന്നുകൊണ്ട് ഈ പ്രശ്നങ്ങളെ നേരിടണം. അതിനോടൊപ്പം തൊഴിലാളികൾ എവിടെയാണെങ്കിലും അവരുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിന് തൊഴിലാളി സംഘടനകൾ മുന്നോട്ടു വരുമെന്ന ആത്മവിശ്വാസം അവർക്ക് പകർന്നു നൽകുകയും വേണം.

## നവഉദാരവൽക്കരണത്തിനെതിരായുള്ള വിവിധ തലങ്ങളിലെ പോരാട്ടങ്ങൾ

ജനങ്ങളുടെ ജീവിതത്തെ സാമ്പത്തികമായി ബാധിക്കുന്നതുകൂടാതെ സമൂഹത്തിന്റെ സാമൂഹികരാഷ്ട്രീയസാംസ്കാരിക തലങ്ങളെയെല്ലാം നവ ഉദാരവൽക്കരണം സ്വാധീനിക്കുന്നു എന്നാണ് നമ്മുടെ കഴിഞ്ഞ 30 കൊല്ലത്തെ അനുഭവങ്ങൾ തെളിയിക്കുന്നത്.

ജനങ്ങളുടെ ചിന്താഗതിയെയും അവർ തങ്ങളെയും സമൂഹത്തെയും നോക്കിക്കാണുന്ന രീതിയെയുമെല്ലാം നവ ഉദാരവൽക്കരണം സ്വാധീനിക്കുന്നു. തൊഴിലാളികൾക്കിടയിലും സാധാരണ ജനങ്ങളിലും പല പിന്തിരിപ്പൻ പ്രത്യശാസ്ത്ര സാംസ്കാരിക പ്രവണതകൾ വളർന്നുവരുന്നതിനുള്ള വളക്കൂറുള്ള ഇടങ്ങൾ അത് സജ്ജമാക്കുന്നു. അവരുടെ ബോധത്തിൽ നിലനിൽക്കുന്ന ഇത്തരം ചിന്താഗതികളെ ശക്തിപ്പെടുത്തുന്നു. കോർപ്പറേറ്റുകളാൽ നിയന്ത്രിക്കപ്പെടുന്ന ദൃശ്യ മാധ്യമങ്ങൾ പിന്തിരിപ്പൻ പ്രത്യയശാസ്ത്രങ്ങളെയും സാംസ്കാരിക കീഴ് വ ഴക്കങ്ങളെയും പ്രോത്സാഹിപ്പിക്കുകയും വലിയൊരു വിഭാഗം തൊഴിലാളി വർഗ്ഗത്തെ സ്വാധീനിക്കുകയും ചെയ്യുന്നു. കൂട്ടായ പരിശ്രമങ്ങളെയും പ്രവർത്തനങ്ങളെയും, പ്രത്യേകിച്ച് ട്രേഡ് യൂണിയനുകളെ, ഇകഴ്ത്തിക്കാട്ടുന്നതിനും ഒറ്റപ്പെട്ട സംഭവങ്ങളെ മഹത്വവൽക്കരിക്കുന്നതിനും ബോധപൂർവമായി ശ്രമങ്ങൾ നടക്കുകയാണ്. സ്വത്വ രാഷ്ട്രീയത്തെയും പ്രോത്സാഹിപ്പിക്കുന്നുണ്ട്.

ഇത്തരം സാഹചര്യങ്ങളാണ് കഴിഞ്ഞ നിരവധി വർഷങ്ങളായി നമ്മുടെ രാജ്യത്ത് വലതുപക്ഷ വർഗീയ വിഘടന ശക്തികളുടെ സ്വാധീനത്തിന്റെ സമാന്തരമായ വളർച്ചയ്ക്കും കളമൊരുക്കുന്നത്. അതുകൊണ്ട് നമ്മുടെ പോരാട്ടങ്ങൾ ഒരേ സമയംതന്നെ ഉദാരവൽക്കരണ നയങ്ങളെയും എല്ലാ നിറത്തിലുമുള്ള വർഗീയ വിഘടന ശക്തികളെയും ലക്ഷ്യം വെക്കുന്നതായിരിക്കണം. ഈ പോരാട്ടങ്ങളിൽ തൊഴിലാളി

**2022 നവംബർ 16 വരെയുള്ള കണക്കുകൾ അനുസരിച്ച് ലോകത്താകെ 63.3 കോടി ജനങ്ങൾക്ക് കോവിഡ് സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. 66 ലക്ഷം മരണങ്ങൾ മഹാമാരി കാരണം റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ഏറ്റവും വികസിതമായ മുതലാളിത്ത രാജ്യമായ അമേരിക്കയിലാണ് അതിന്റെ വികസന മാതൃകയുടെ പൊള്ളത്തരത്തെ വെളിപ്പെടുത്തിക്കൊണ്ട് ഏറ്റവും അധികം രോഗബാധിതരും മരണമടഞ്ഞവരും റിപ്പോർട്ട് ചെയ്യപ്പെട്ടത്. യഥാക്രമം 9.7 കോടിയും 10.6 ലക്ഷവും.**

17th CITU ALL INDIA CONFERENCE
BENGALURU 18-22 JAN 2023
Unite and Fight for Pro People Policies

വർഗ്ഗത്തോടൊപ്പം കർഷകരുടെ ഐക്യത്തെയും ഐക്യ പോരാട്ടങ്ങളെയും ശക്തിപ്പെടുത്തിക്കൊണ്ട് അവരെയും അണിനിരത്തേണ്ടത് അനിവാര്യമാണ്. നമ്മുടെ കഴിഞ്ഞ സമ്മേളനം മുതൽ ഏറ്റെടുത്ത് വരുന്ന തൊഴിലാളി കർഷക ഐക്യം രൂപീകരിക്കുന്നതിനുള്ള പരിശ്രമങ്ങൾ ഇനിയും ശക്തിപ്പെടുത്തണം. നമ്മുടെ യോജിച്ചുള്ള പോരാട്ടങ്ങൾ തൊഴിലാളികൾക്കും കർഷകർക്കും അനുകൂലമായ ബദൽ നയങ്ങൾ ലക്ഷ്യമാക്കിക്കൊണ്ടുള്ളവ കൂടിയായിരിക്കണം.•

17th CITU
ALL INDIA
CONFERENCE
BENGALURU 18-22 JAN 2023
Unite and Fight for Pro People Policies



# സിഐടിയു 17-ാം ദേശീയ സമ്മേളനത്തിലെ ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ

**നമ്മുടെ രാജ്യത്ത് മാത്രമല്ല, ആഗോളതലത്തിലും കൂടുതൽ നിരാശാജനകമായ നിലയിൽ വലതുപക്ഷ സ്വേച്ഛാധിപത്യത്തിന്റെ ഭാഗമായി സമ്പദ്വ്യവസ്ഥയും രാഷ്ട്രീയ സംവിധാനങ്ങളും പുനഃക്രമീകരിക്കപ്പെടുന്നതിന് നാം സാക്ഷ്യം വഹിച്ചു. അത് നവലിബറൽ ക്രമത്തിന്റെ ശക്തിയല്ല, പ്രതിസന്ധിയെയും ബലഹീനതകളെയുമാണ് പ്രതിഫലിപ്പിച്ചത്. അതുകൊണ്ടാണ് നവലിബറൽ അജണ്ടയ്ക്കെതിരെയുള്ള വലിയ പ്രതിരോധത്തിന് ഈ കാലഘട്ടം സാക്ഷിയായത്.**

- കോവിഡ് മഹാമാരിയുടെ പ്രതിസന്ധിക്കിടയിലും കോർപ്പറേറ്റ് മുതലാളിമാരുടെയും അവരുടെ മാധ്യമങ്ങളുടെയും ഒത്താശയോടെ കേന്ദ്രത്തിന്റെ വർഗീയ വിഭജനത്തിന് ശമനമുണ്ടായിരുന്നില്ല. ദളിതർ, ന്യൂനപക്ഷങ്ങൾ, സ്ത്രീകൾ, സമൂഹത്തിലെ അധഃസ്ഥിതർ എന്നിവർക്കെതിരായ ആക്രമണം വർധിച്ചു.
- ഈ പശ്ചാത്തലത്തിൽ, നവലിബറൽ നയത്തിന്റെ വ്യവസ്ഥാപരമായ പ്രതിസന്ധിയെ കുറിച്ച് സമ്മേളനം വിലയിരുത്തുകയും കൂടുതൽ ധാരണ വരുത്തുകയും വേണം. സമ്പദ്വ്യവസ്ഥ, ജനങ്ങളുടെ ജീവിതം, ഉപജീവനം, അവകാശങ്ങൾ, രാഷ്ട്രീയത്തിലും സമൂഹത്തിലും അതിന്റെ പ്രത്യാഘാതങ്ങൾ. ജനങ്ങളുടെ ജനാധിപത്യത്തിനും ജനാധിപത്യ അവകാശങ്ങൾക്കും മേലുള്ള ഹീനമായ ആക്രമണം, ഭരണത്തിലെ ആക്രമണാത്മക സ്വേച്ഛാധിപത്യം തുടങ്ങിയ നവലിബറൽ നയങ്ങളുടെ സർവ്വ വശങ്ങളും നാം പരിശോധിക്കണം. ഈ ധാരണയുടെ അടിസ്ഥാനത്തിൽ നമ്മുടെ പ്രവർത്തനം, പ്രസ്ഥാ

നം, സംഘടന എന്നിവയും സ്വീകരിക്കേണ്ട നടപടികളും നാം അവലോകനം ചെയ്യണം.

## ലോക തൊഴിലാളി സംഘടനയുടെ 18-ാമത് സമ്മേളനം

- മുതലാളിത്തത്തിന്റെ ചെളിക്കുഴിയിൽ നിന്ന് ഭാവിയെ കരകയറ്റാൻ ലോക തൊഴിലാളി വർഗത്തോട് ആഹ്വാനം ചെയ്താണ് ലോക തൊഴിലാളി സംഘടനയുടെ(ഡബ്ല്യൂഎഫ്ടിയു) 18ാമത് സമ്മേളനം 2022 മെയ് 6-8 വരെ റോമിൽ നടന്നത്.
- മുതലാളിത്ത കുതന്ത്രങ്ങൾക്കൊന്നും ഈ പ്രതിസന്ധിയെ സുസ്ഥിരമായി നേരിടാൻ കഴിയില്ലെന്നും അതിന്റെ ഭാരം തൊഴിലാളികളുടെ ചുമലിലേക്ക് മാറ്റിക്കൊണ്ടിരിക്കുകയാണെന്നുമുള്ള 'റോം പ്രഖ്യാപനം' സമ്മേളനം അംഗീകരിച്ചു. മുഴുവൻ അധ്വാനിക്കുന്ന ജനവിഭാഗങ്ങളുമായി സഖ്യമുണ്ടാക്കുകയും വംശ വർണ ലിംഗ മത വേർതിരിവില്ലാതെ ആഗോള തൊഴിലാളിവർഗത്തിന്റെ ഐക്യം ശക്തിപ്പെടുത്തുന്നതിനുള്ള ഭാവി പോരാട്ടത്തിന് സമ്മേളനം മുൻഗണന നൽകി. പണിമുടക്കാനുള്ള അവകാശം തൊഴിലാളിവർഗത്തിന്റെ മൗലികാവകാശമാണ്. മെച്ചപ്പെട്ട വേതനം, സാമൂഹിക സുരക്ഷ, കുടിയേറ്റക്കാരായ അഭയാർഥികളുടെ സംരക്ഷണം എന്നിവയ്ക്ക് വേണ്ടിയും വിലക്കയറ്റം, തൊഴിലില്ലായ്മയും സ്വകാര്യവൽക്കരണവും, ബാലവേല, നാറ്റോയുടെ സൈനിക ആക്രമണം തുടങ്ങിയവയ്ക്കെതിരെയും ശക്തമായ പോരാട്ടം നടത്താനാവണം. ഡബ്ല്യൂഎഫ്ടിയു നിശ്ചയിച്ചിട്ടുള്ള മുൻഗണനകൾ നമ്മളുടെ ഭാവി പ്രവർത്തനത്തിന് നിർണായകമാണ്.
- ആഗോള സാമ്പത്തിക പ്രതിസന്ധിയോടുള്ള നവലിബറൽ മുതലാളിത്ത ക്രമത്തിന്റെ പ്രതികരണം വലതുപക്ഷ മുതലാളിത്തത്തിന്റെ പാപ്പരത്തത്തെ കൂടുതലായി തുറന്നുകാട്ടുകയും അതിനെതിരെ അധ്വാനിക്കുന്ന ജനങ്ങളുടെ സംഘടിത എതിർപ്പിനും ലോകം സാക്ഷ്യം വഹിക്കുകയാണ്.
- പിന്തിരിപ്പനും വികൃതവുമായ ഈ രാഷ്ട്രീയസാമ്പത്തിക ഭരണത്തിന്റെ ആഘാതം സർവ്വമേഖലയിലേക്കും വ്യാപിച്ചിരിക്കുകയാണ്. ഇന്ത്യയുടെ വ്യാപാര കമ്മി 2022 ജൂലൈയിൽ സർവകലാറെക്കോർഡായ 3000 കോടി ഡോളറിലെത്തി. ചരക്കുകളുടെ ഇറക്കുമതി കയറ്റുമതിയെക്കാൾ നാല് മാസംകൊണ്ട് വ്യാപാരകമ്മി 10000 കോടി



ഡോളറും കടന്നു. പെട്രോളിയം(അസംസ്കൃതവും ഉൽപ്പന്നങ്ങളും) ഇറക്കുമതി 89.38% വർദ്ധിച്ചു. പെട്രോളിയം ഇതര, സ്വർണ്ണം/വിലയേറിയ ലോഹം ഇതര ഇറക്കുമതിയിൽ 36.93 ശതമാനത്തിന്റെ വൻ വർധനവാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിലുണ്ടായത്. ഇത് രാജ്യത്തിന്റെ ആഭ്യന്തര സമ്പദ്‌വ്യവസ്ഥയ്ക്കും വ്യവസായങ്ങൾക്കും നേരെയുള്ള മോദി ഭരണത്തിന്റെ ആക്രമണമാണ്. കൽക്കരി (185.05% വർദ്ധനവ്), വ്യാവസായിക സ്പെയർ/മെഷിനറികൾ (18.94%), ഇലക്ട്രോണിക് സാധനങ്ങൾ (32.1%) എന്നിവയുടെ ഇറക്കുമതിയിലാണ് വൻവർധനവാണുണ്ടായത്. സ്വകാര്യ കോർപ്പറേറ്റുകൾക്ക് മാത്രം ഗുണം ചെയ്യുന്ന വ്യാപാര നയ വ്യവസ്ഥയുടെ ഫലമാണിത്. രാജ്യത്തിന്റെ കറന്റ് അക്കൗണ്ട് കമ്മി ഈ സാമ്പത്തിക വർഷം 10500 കോടി ഡോളറോ ജിഡിപിയുടെ മൂന്ന് ശതമാനമോ ആയി ഉയരും. രൂപയുടെ മൂല്യം എക്കാലത്തെയും താഴ്ന്ന നിരക്കായ 82 രൂപയായി താഴ്ന്നു.

- രൂപയുടെ മൂല്യത്തിലുണ്ടായ ഇടിവും ലോകരാഷ്ട്രീയ സാഹചര്യവും കാരണം 2021ൽ ഇന്ത്യയിൽ നേരിട്ടുള്ള വിദേശ നിക്ഷേപം 26% ആയി കുറഞ്ഞു. വിദേശ സ്ഥാപന നിക്ഷേപം റെക്കോഡ് താഴ്ചയിലെത്തി. 2022 ഓഗസ്റ്റ് 30ന് ഇന്ത്യയുടെ വിദേശ കരുതൽ ശേഖരം 2020 ഒക്ടോബർ മുതലുള്ള ഏറ്റവും താഴ്ന്ന നിലയായ 56400 കോടി ഡോളറിലെത്തി, വിദേശ കറൻസി ആസ്തികളും സ്വർണ്ണ ശേഖരവും കുത്തനെയിടിഞ്ഞതിനാലാണിത്.




- കടം: ഇന്ത്യയുടെ സമ്പദ്വ്യവസ്ഥയെക്കുറിച്ചുള്ള ഒരു കടപ്പത്ര പഠനം വെളിപ്പെടുത്തുന്നത്, 1991നെ അപേക്ഷിച്ച് എട്ട് മടങ്ങ് വർദ്ധനയോടെ 2022ൽ 62000.7 കോടി ഡോളറായി വിദേശ കടം കുമിഞ്ഞുകൂടിയിരിക്കുന്നു എന്നാണ്. ഈയിടെ പുറത്തുവന്ന ആർബിഐ റിപ്പോർട്ട് പ്രകാരം സർക്കാരിന്റെ കടം (കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും) 2021 22ൽ ജിഡിപിയുടെ 90 ശതമാനമായി ഉയർന്നിരിക്കുന്നുവെന്നാണ്. പൊതുപരമാധികാര കടം ജിഡിപിയുടെ 70 ശതമാനമായി ഉയർന്നു. ഈ വിനാശകരമായ ആഘാതം ഇപ്പോൾ മാത്രമല്ല, വരും വർഷങ്ങളിലും തുടരും. ഇപ്പോഴും, ഖജനാവിന്മേലുള്ള പലിശഭാരം കൈകാര്യം ചെയ്യാവുന്നതിലും അപ്പുറമാണ്(വരുമാന രസീതിന്റെ 40%). വ്യാപാരത്തിലെയും കറന്റ് അക്കൗണ്ട് കമ്മിയിലെയും ഭയാനകമായ വർധന സൂചിപ്പിക്കുന്നത് സാമ്രാജ്യത്വ പിന്തുണയുള്ള അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളുടെ ലക്ഷ്യമായി ഇന്ത്യൻ സമ്പദ് വ്യവസ്ഥ മാറിയെന്നാണ്.

## രൂക്ഷമാകുന്ന കാർഷിക പ്രതിസന്ധി

- കാർഷിക മേഖലയിലെ കാതലായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഇന്ത്യൻ ഭരണവർഗവും മാറിമാറി വരുന്ന സർക്കാരുകളും ശ്രമിക്കാതിരുന്നതോടെ കാർഷിക പ്രതിസന്ധി രൂക്ഷമായി. വാണിജ്യാധിഷ്ഠിത നവലിബറലിസം മൂലം കാർഷിക ഉദ്പാദനത്തിന്റെ ചിലവ്കുത്തനെ കൂടി. ജലസേചനം, വൈദ്യുതി, കാർഷിക വിപണനം, സംഭരണം, മിനമം താങ്ങുവില തുടങ്ങിയ കാർഷിക സേവനങ്ങളിൽ സർക്കാർ ശ്രദ്ധ ചെലുത്താതിരുന്നതോടെ ചെറുകിട ഇടത്തരം കർഷകർക്ക് കൃഷി അന്യമായി.
- ഇന്ത്യയിലെ ഏറ്റവും വലിയ തൊഴിൽ മേഖലയായ കൃഷിയിൽ 1951 മുതൽ 2001 വരെ തൊഴിലാളികളുടെ എണ്ണം വർധിച്ചുവരുകയായിരുന്നു. എന്നാൽ 2001 മുതൽ സാഹചര്യം മാറി. കാർഷിക മേഖലയിലെ തൊഴിലിൽ ഗണ്യമായ ഇടിവുണ്ടായി. ആത്മഹത്യകൾ, താങ്ങാനാവാത്ത കടബാധ്യത, വർദ്ധിച്ചുവരുന്ന ഉൽപ്പാദന ചെലവ്, വൻകിട വ്യവസായ സ്ഥാപനങ്ങളുടെ സമ്മർദ്ദം, ഭൂമിയുള്ള കർഷകനിൽ നിന്ന് പാട്ടക്കാരനും പിന്നീട് കുടിയേറ്റ തൊഴിലാളിയായുമാവൽ തുടങ്ങിയവയെല്ലം ഇന്ത്യയിലെ കാർഷിക മേഖലയിലെ പൊള്ളുന്ന യഥാർത്ഥ്യങ്ങളാണ്. വിത്ത്, കീടനാശിനി, വളം തുടങ്ങിയ കാർഷിക ഇനങ്ങളുടെ ഉദ്പാദനം പൂർണ്ണമായും വൻകിട കോർപ്പറേറ്റുകൾ ഏറ്റെടുത്തു. ഇന്ത്യൻ ഗ്രാമങ്ങളിലേയ്ക്ക് കുത്തകകളും ധനമൂലധനവും കടന്നുകയറി.

## ജനങ്ങൾക്ക് നേരെയുള്ള വിനാശകരമായ ആക്രമണം

- 1991 മുതൽ 2019 വരെ - 5.55% വരെയായ ഇന്ത്യയിലെ തൊഴിലില്ലായ്മ നിരക്ക് നവലിബറൽ സാമ്പത്തിക വ്യവസ്ഥ ഒരിക്കലും അഭിസംബോധന ചെയ്തിട്ടില്ല. കോവിഡ് മഹാമാരിയും അടച്ചിടൽമൂലവും തൊഴിലില്ലായ്മ

നിരക്ക് വീണ്ടുമയർന്ന് 2022 ഫെബ്രുവരിയിൽ മാത്രം 8.10 ശതമാനമായി((സ്വാതന്ത്ര്യത്തിനു ശേഷമുള്ള ഏറ്റവും ഉയർന്ന നിരക്ക്). പത്ത് വർഷത്തിനിടെ പത്ത് ശതമാനമുയർന്ന് യുവാക്കളുടെ (15 24 വർഷം) തൊഴിലില്ലായ്മ നിരക്ക് 2021ൽ 28.96% ആയി. 1991ൽ 58 ശതമാനമായിരുന്ന തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക് മോദി ഭരണത്തിലുടനീളം കുറഞ്ഞ് 2021ൽ ഏകദേശം 40 ശതമാനമായി. കഴിഞ്ഞ 5 വർഷത്തിൽ 7 ശതമാനം ഇടിവാണുണ്ടായത്.

- 2001 വരെ ഇന്ത്യയിലെ ഏറ്റവും വലിയ തൊഴിൽ മേഖലയായിരുന്നു കാർഷിക ചെറുകിട ഉൽപ്പാദനം. 2001 മുതൽ ഇത് കുത്തനെ ഇടിഞ്ഞു. തൊഴിൽ ശക്തി പങ്കാളിത്ത നിരക്കിലുണ്ടായ കുറവിലധികവും കാർഷിക മേഖലയിൽ നിന്നുള്ള തൊഴിലാളികൾ കുറഞ്ഞതിനാലാണ്( പ്രത്യേകിച്ച് സ്ത്രീകൾ). 2022 ജനുവരി ഏപ്രിൽ കാലയളവിലെ സിഎംഇഐ റിപ്പോർട്ട് പ്രകാരം പുരുഷൻമാരുടെ തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക് 66 ശതമാനവും സ്ത്രീകളുടേത് ഒമ്പത് ശതമാനവുമാണ്.
- ഈ തൊഴില്ലില്ലായ്മയും കുറഞ്ഞ വേതനവുമെല്ലാം ശരാശരി ഇന്ത്യൻ പൗരന്റെ ജീവിത സാഹചര്യത്തിലും പ്രതിഫലിക്കുന്നുണ്ട്. 2022ൽ പ്രസിദ്ധീകരിച്ച ലോക അസമത്വ റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ ജനസംഖ്യയുടെ 50 ശതമാനം വരുന്നവരുടെ ശരാശരി വാർഷിക വരുമാനം 53,610 രൂപ മാത്രമാണ്( വാങ്ങൽ ശേഷിയുടെ അടിസ്ഥാനത്തിൽ). രണ്ട് മുതിർന്നവരും രണ്ട് കുട്ടികളുമടങ്ങുന്ന ഒരു കുടുംബത്തെ പരിഗണിക്കുകയാണെങ്കിൽ, അവരുടെ പ്രതിമാസവരുമാനം 8,935 രൂപ മാത്രമാണ്. നിലവിലെ പണപ്പെരുപ്പവും വിലകയറ്റവും പരിഗണിച്ചാൽ ഇത് അടിസ്ഥാന വരുമാനത്തിനെക്കാൾ ഏത്രയോ താഴെയാണ്.

## എൽഡിഎഫ് സർക്കാരിന് കീഴിലുള്ള കേരളം അനുഭവം

- ഈ പശ്ചാത്തലത്തിൽ, കേരളത്തിന്റെ എൽഡിഎഫ് സർക്കാരിന്റെ നയം നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കേന്ദ്രത്തിന്റെ നവലിബറൽ നയങ്ങൾക്കെതിരെയും ഭരണഘടനാപരമായ അവകാശങ്ങൾക്കെതിരെയുള്ള അക്രമണങ്ങൾക്കെതിരെയും ഫെഡറൽ ഘടനയിൽ നിന്നുകൊണ്ടുതന്നെ കേരളം പുതിയ ബദൽ സൃഷ്ടിക്കുകയാണ്. കോവിഡ് മഹാമാരിയെ നിയന്ത്രിക്കുന്നതിലും സാമ്പത്തികവും രാഷ്ട്രീയവുമായ ഭരണത്തിലും ജനങ്ങളുടെ താൽപ്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിൽ കേരളം മികച്ച പങ്ക് വഹിക്കുകയും ജനപക്ഷ ബദൽ സൃഷ്ടിക്കുകയും ചെയ്തു.
- കോവിഡിന് മുമ്പുതന്നെ, സംസ്ഥാനത്തിന്റെ വലിയൊരു ഭാഗത്തെ ബാധിച്ച പ്രളയമുൾപ്പെടെയുള്ള രണ്ട് പ്രകൃതി ദുരന്തങ്ങളെ കേരളം നേരിട്ടു. കേന്ദ്രത്തിന്റെ കടുത്ത അവഗണനയിലും വിഭവ പരിധിയുണ്ടായിട്ടും ജനങ്ങളുടെ സഹകരണത്തോടെ

**രൂപയുടെ മൂല്യത്തിലുണ്ടായ ഇടിവും ലോകരാഷ്ട്രീയ സാഹചര്യവും കാരണം 2021ൽ ഇന്ത്യയിൽ നേരിട്ടുള്ള വിദേശ നിക്ഷേപം 26% ആയി കുറഞ്ഞു. വിദേശ സ്ഥാപന നിക്ഷേപം റെക്കോഡ് താഴ്ചയിലെത്തി. 2022 ഓഗസ്റ്റ് 30ന് ഇന്ത്യയുടെ വിദേശ കരുതൽ ശേഖരം 2020 ഒക്ടോബർ മുതലുള്ള ഏറ്റവും താഴ്ന്ന നിലയായ 56400 കോടി ഡോളറിലെത്തി, വിദേശ കറൻസി ആസ്തികളും സ്വർണ്ണ ശേഖരവും കുത്തനെയിടിഞ്ഞതിനാലാണിത്.**

17th CITU
ALL INDIA CONFERENCE
BENGALURU 18-22 JAN 2023
Unite and Fight for Pro People Policies

രക്ഷാപ്രവർത്തനവും ദുരിതബാധിതരുടെ പുനരധിവാസവും കേരളം ഉറപ്പാക്കി.

- സംസ്ഥാന ആരോഗ്യമേഖലയുടെ പ്രവർത്തനങ്ങളിലൂടെ കോവിഡ് മഹാമാരിയും ലോക്ക്ഡൗണുമെല്ലാം കേരളം നേരിട്ടു. കോവിഡ് സമയത്ത് സ്വകാര്യആരോഗ്യ രംഗത്ത് നിയന്ത്രണം ഏർപ്പെടുത്തുകയും പൊതുജനാ

രോഗ്യസംവിധാനത്തിലൂടെ ജനങ്ങളുടെ ആരോഗ്യത്തിനും ജീവനും സംരക്ഷണം നൽകാനും എൽഡിഎഫ് സർക്കാരിനായി.

- കേന്ദ്രസർക്കാരും മിക്ക സംസ്ഥാന സർക്കാരുകളും അവഗണിച്ച കുടിയേറ്റക്കാരുടെ താൽപ്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിലും കേരളം മാതൃകയായി. കുടിയേറ്റ തൊഴിലാളികളെ അതിഥി തൊഴിലാളികൾ എന്നാണ് വിശേഷിപ്പിച്ചിരുന്നത്. സംസ്ഥാനത്താകെ അതിഥി തൊഴിലാളികൾക്കായി സർക്കാർ ക്യാമ്പുകൾ ഒരുക്കി. ഭക്ഷണവും താമസവും നൽകി. തൊഴിലാളികളെ സ്വന്തം സംസ്ഥാനങ്ങളിലേക്ക് മടങ്ങാൻ സഹായിച്ചു. കുടിയേറ്റത്തൊഴിലാളികളുടെ കാര്യത്തിൽ എൽഡിഎഫ് സർക്കാരിന്റെ ഈ തൊഴിലാളി അനുകൂല നയം നടപ്പാക്കുന്നതിൽ സിഐടിയു പ്രധാന പങ്കുവഹിച്ചു.

## പ്രധാന വ്യവസായങ്ങളിലെ സാഹചര്യം

- വ്യവസ്ഥാപരമായ പ്രതിസന്ധിയും ഭരണവർഗത്തിന്റെ അവഗണനയും മൂലം ഉൽപ്പാദനമേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ വലിയ ഇടിവുണ്ടായി. വ്യവസായ മേഖലയുടെ തിരിച്ചുവരവിനെകുറിച്ച് കേന്ദ്രസർക്കാരും മാധ്യമങ്ങളും കൊട്ടിഘോഷിക്കുമ്പോഴും വ്യാവസായിക ഉൽപ്പാദനത്തിന്റെ വളർച്ചാ നിരക്ക് തുടർച്ചയായി കുറയുന്നതാണ് കാണാൻ കഴിയുന്നത്. 2022 ജൂലൈയിൽ കേവലം 2.4 ശതമാനം മാത്രമാണ് വ്യാവസായിക ഉൽപ്പാദനത്തിന്റെ വളർച്ചാ നിരക്ക്. ഉൽപ്പാദന മേഖലയിലെ പ്രതിസന്ധി മറികടക്കാൻ സ്വകാര്യ ഉല്പാദകർക്ക് കേന്ദ്രസർക്കാർ രണ്ട് ലക്ഷം കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാലിത് ജനങ്ങളുടെ മേൽ പരോക്ഷ നികുതി ഭാരം അടിച്ചേൽപ്പിച്ചുകൊണ്ട് നിർമ്മാണ മേഖലയിലെ ഉൽപ്പാദനച്ചെലവിന് സബ്സിഡി നൽകാനുള്ള പണം കൈമാറുന്നത് മാത്രമാണ്. സാമ്രാജ്യത്വ രാജ്യങ്ങൾ അടിച്ചേൽപ്പിക്കുന്ന വിവേചനപരമായ വ്യാപാര കരാറുകളും കോർപ്പറേറ്റ് അനുകൂല നയത്തിന്റെയും അനന്തരഫലമായി ആഭ്യന്തര വിപണിയിൽ വലിയ ഇടിവാണുണ്ടായത്.
- സമ്പദ്വ്യവസ്ഥയെയും വ്യവസായങ്ങളെയും കാർഷിക മേഖലയെയും സേവിക്കുന്ന അടിസ്ഥാന സൗകര്യ മേഖലയുടെ സ്വകാര്യവൽക്കരണവും സ്വകാര്യമേഖലയ്ക്ക് അനുകൂലമായി അടിസ്ഥാന സൗകര്യ സേവന നിരക്കുകളുടെ നിയന്ത്രണം എടുത്തുകളഞ്ഞതും പ്രതിസന്ധിയുടെ ആക്കം കൂട്ടി.

17th CITU
ALL INDIA CONFERENCE
BENGALURU 18-22 JAN 2023
Unite and Fight for Pro People Policies

## സാമ്പത്തിക ഘടന പുനഃക്രമീകരിക്കുന്ന മോദിയുടെ ബിജെപി സർക്കാരിനുള്ള മറുപടി

- പ്രതിസന്ധിക്കിടയിലും ദേശീയ ജനതാൽപര്യങ്ങൾക്ക് വിരുദ്ധമായി സാമ്പത്തിക വ്യവസ്ഥയെ പുനഃക്രമീകരിക്കാൻ കേന്ദ്രം നടത്തുന്ന തീവ്രശ്രമങ്ങൾ നാം ശ്രദ്ധിച്ചതാണ്.
- കോർപ്പറേറ്റുകൾക്ക് വിവിധ വഴികളിലൂടെ നികുതി ഇളവ്/പ്രോത്സാഹനങ്ങൾ/റിബേറ്റുകൾ എന്നിവ നൽകുകയും അധ്വാനിക്കുന്ന ജനങ്ങളുടെ മേൽ നികുതി വർധിപ്പിച്ച് അവ തിരിച്ചുപിടിക്കയുമാണ് കേന്ദ്രം ചെയ്യുന്നത്. 2016ൽ മോദി സർക്കാർ സമ്പന്ന നികുതി എടുത്തുകളഞ്ഞു. പിന്നാലെ 2019ൽ കോർപ്പറേറ്റ് നികുതി നിരക്ക് 30 ശതമാനത്തിൽ നിന്ന് 22 ശതമാനമായി കുറച്ചു. തുടർന്ന്, പുതിയ സംരംഭകർക്ക് കോർപ്പറേറ്റ് നികുതി 15 ശതമാനമാക്കി. ഇതുകൂടാതെ ഓരോ വർഷവും 5 മുതൽ 7 ലക്ഷം കോടിയാണ് നികുതിയിനത്തിൽ കിട്ടാതെയിരിക്കുന്നത്.
- ഭക്ഷണ സാധനങ്ങൾ, പാൽ, അവശ്യ മരുന്നുകൾ എന്നിവയ്ക്കടക്കം ജിഎസ്ടിയിലൂടെ നികുതി വർധിച്ചു. പെട്രോൾ ഉൽപ്പന്നങ്ങളുടെ നികുതിയിലും വൻവർധനവാണുണ്ടായത്. പെട്രോളിന്റെ എക്സൈസ് തീരുവ 2014ൽ ലിറ്ററിന് 9.48 രൂപയും ഡീസലിന് 3.56 രൂപയും ആയിരുന്നെങ്കിൽ ഇത് 2020 മെയിൽ പെട്രോളിന് 32.98 രൂപയായും ഡീസലിന് 31.83 രൂപയായും ഉയർന്നു. സർവ്വകാല റെക്കൊഡാണിത്. നികുതിയുടെ പേരിൽ ജനങ്ങളെ ഊറ്റികുടിക്കുകയാണ് കേന്ദ്രം. പെട്രോളിന്റെ വിലയിലും വർവർധനവാണുണ്ടായത്. 2021ൽ രാജ്യത്തിന്റെ പ്രത്യക്ഷ നികുതി വരുമാനം 9.45 ലക്ഷം കോടിയായിരുന്നു(ജിഡിപിയുടെ 4.7 ശതമാനം). എന്നാൽ പരോക്ഷ നികുതിവരുമാനം 10.71 ലക്ഷം കോടിയാണ്. അതായത് ആകെ നികുതി വരുമാനത്തിന്റെ 53 ശതമാനം.

- വൻകിട കോർപ്പറേറ്റുകളുടെ ലക്ഷകണക്കിന് കോടികളാണ് സർക്കാർ പാപ്പരത്ത നടപടിയിലൂടെ എഴുതിത്തള്ളിയത്. ഇപ്പോൾ പാപ്പരത്തം റിപ്പോർട്ട് ചെയ്യുന്ന കടബാധ്യതയുള്ള കമ്പനികളെ നാഷണൽ കമ്പനി ലോ ട്രൈബ്യൂണൽ കൈകാര്യം ചെയ്യുമെന്നാണ് പറയുന്നത്. ഇതിലൂടെ ചെറിയ തുക മാത്രം തിരിച്ചുപിടിച്ച് കോർപ്പറേറ്റുകൾക്ക് രാജ്യത്തിന്റെ ബാങ്കുകളെ കൊള്ളയടിക്കാൻ സൗകര്യം ചെയ്യുകയാണ് സർക്കാർ. വീഡിയോകോൺ, ഭൂഷൺ സ്റ്റീൽ തുടങ്ങി ഇത്തരത്തിൽ കടബാധ്യത തിരിച്ചുപിടിക്കൽ പദ്ധതിയിലൂടെ ചെറിയ തുകമാത്രമാണ് ബാങ്കുകൾക്ക് ലഭിച്ചത്. കടബാധ്യതയുടെ 60-70 ശതമാനം എഴുതള്ളി. മോദി സർക്കാരിന്റെ നേതൃത്വത്തിൽ ദേശസാൽകൃത ബാങ്കുകളിൽ നിന്ന് സ്വകാര്യ കോർപ്പറേറ്റുകളിലേയ്ക്ക് കടം ഒഴുക്കുകയാണ്. ഇതുവഴി ബാങ്കുകൾ നഷ്ടത്തിലാവുകയും സ്വകാര്യവൽക്കരണത്തിന് നിർബന്ധിതമാവുകയും ചെയ്യും. കഴിഞ്ഞ 7 വർഷം മാത്രം 10 ലക്ഷം കോടിയുടെ കടബാധ്യതയാണ് കോർപ്പറേറ്റുകളുടെ മാത്രം എഴുതിതള്ളിയത്. സർക്കാരിന്റെ നേതൃത്വത്തിൽ രാജ്യത്തെ സമ്പത്ത്യവസ്ഥയെ കോർപ്പറേറ്റുകൾ കൊള്ളയടിക്കുകയാണ്.

### തൊഴിൽ ബന്ധങ്ങളുടെ പുനഃക്രമീകരണം അനൗപചാരവൽക്കരണവും ഗിഗ് സമ്പദ് വ്യവസ്ഥയും

- വ്യവസായ മേഖലയിൽ പൊതുമേഖലാ ഉൽപ്പാദനത്തിലും മൊത്തം തൊഴിൽ ശക്തിയിലും കരാർ തൊഴിലാളികളുടെ പങ്ക് ഇതിനകം 50 മുതൽ 60% വരെ ആയി. പെട്രോളിയം പോലെയുള്ള ചില മേഖലകളിലും ഭെൽ, പവർ ഗ്രിഡ്, എൻ ടി പി സി, എൻ എച്ച് പി സി തുടങ്ങിയ സ്ഥാപനങ്ങളിലും ഇത് ഏകദേശം 70 മുതൽ 75 ശതമാനം വരെയെത്തി. കേന്ദ്ര സർക്കാരിന്റെ തന്നെ പൊതുമേഖലാ സംരംഭ വകുപ്പിന്റെ കണക്കുകൾ അനുസരിച്ച് പൊതുമേഖലാ യൂണിറ്റുകളിലെ കരാർ തൊഴിലാളികളുടെയും സ്ഥിരതയില്ലാത്ത തൊഴിലാളികളുടെയും എണ്ണം 2015-16 സാമ്പത്തിക വർഷം 56 ശതമാനവും 2019-20 ൽ 78 ശതമാനവും വരെയെത്തി. സ്ഥിരം തസ്തികകൾ 25 ശതമാനം വീതം കുറഞ്ഞും വരുന്നു.
- തുച്ഛമായ വേതനത്തിന് തൊഴിലെടുക്കുന്ന തൊഴിൽ അവകാശങ്ങളോ തൊഴിൽ സുരക്ഷിതത്വമോ ഇല്ലാത്ത ഈ ട്രെയിനികൾ കരാർ കാലാവധി കഴിയുന്നതോടെ യാതൊരു ആനുകൂല്യങ്ങളും ലഭിക്കാതെ ജോലി സുരക്ഷയില്ലാതെ തൊഴിൽ ഇല്ലായ്മയിലേക്ക് തള്ളി വിടപ്പെടും. ഇവർക്ക് ഏറ്റവും ആധുനിക സാങ്കേതിക വിദ്യയെക്കുറിച്ചും യന്ത്രങ്ങളെക്കുറിച്ചും അറിവും വൈദഗ്ധ്യവും ഉണ്ടാവും. ഭാവി ഉൽപാദനത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടാൻ സാധ്യതയുള്ള ഇവരെ മുഖ്യധാരാ പ്രസ്ഥാനത്തിലേക്ക് കൊണ്ടുവന്നാൽ വൻ ശക്തിയായി തിരിച്ചടിക്കാനാവും.

**കോർപ്പറേറ്റുകൾക്ക് വിവിധ വഴികളിലൂടെ നികുതി ഇളവ്/പ്രോത്സാഹനങ്ങൾ/റിബേറ്റുകൾ എന്നിവ നൽകുകയും അധ്വാനിക്കുന്ന ജനങ്ങളുടെ മേൽ നികുതി വർധിപ്പിച്ച് അവ തിരിച്ചുപിടിക്കയുമാണ് കേന്ദ്രം ചെയ്യുന്നത്. 2016ൽ മോദി സർക്കാർ സമ്പന്ന നികുതി എടുത്തുകളഞ്ഞു. പിന്നാലെ 2019ൽ കോർപ്പറേറ്റ് നികുതി നിരക്ക് 30 ശതമാനത്തിൽ നിന്ന് 22 ശതമാനമായി കുറച്ചു. തുടർന്ന്, പുതിയ സംരംഭകർക്ക് കോർപ്പറേറ്റ് നികുതി 15 ശതമാനമാക്കി.**

17th CITU
ALL INDIA
CONFERENCE
BENGALURU 18-22 JAN 2023
Unite and Fight for Pro People Policies

### ഗിഗ് സമ്പദ്വ്യവസ്ഥയും ഡിജിറ്റൽ വാടക മുതലാളിത്തവും

- സേവനം അന്വേഷിക്കുന്നയാളും സേവനം ചെയ്യുന്ന തൊഴിലാളിയും തമ്മിലുള്ള താൽക്കാലികമായ ക്രമീകരണമാണ് ഗിഗ് സമ്പദ്വ്യവസ്ഥ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ, ഇതിനിടയിൽ ഒരു സേവനദാതാവുണ്ട്. തൊഴിലാളിയും അന്വേ

ഷകനും തമ്മിലുള്ള ബന്ധത്തിന് ഒരു പ്ലാറ്റ്ഫോം പോലെ ഇവർ പ്രവർത്തിക്കുന്നു. ഇതിനാൽ ഗിഗ് തൊഴിലാളികൾ പ്ലാറ്റ്ഫോം തൊഴിലാളികൾ എന്നും അറിയപ്പെടുന്നു. ഇന്ത്യ പോലെയുള്ള വികസ്വര രാജ്യങ്ങളിൽ ഗിഗ് സമ്പദ് വ്യവസ്ഥയിൽ ഇത്തരം തൊഴിലാളികളുടെ എണ്ണം വർധിച്ചു വരുന്നു. (5 മുതൽ 12 ശതമാനം വരെ.). അടുത്ത മൂന്നോ നാലോ വർഷത്തിനുള്ളിൽ ഇത് മൂന്നിരട്ടി ആകും. 8 10 വർഷത്തിനുള്ളിൽ 90 ദശലക്ഷം ആയി മാറും.

### പ്രതിരോധ സേനയിലെ നിശ്ചിത കാലാവധി കരാർ തൊഴിൽ

- അഗ്നിവീർ പദ്ധതിയുടെ പേരിൽ ഇന്ത്യൻ ആർമിയിൽ കരാർ തൊഴിൽ നൽകുന്നത് ദേശീയ സുരക്ഷക്കെതിരായ വിനാശകരമായ പ്രത്യാഘാതങ്ങളുണ്ടാക്കും. സാമ്രാജ്യത്വ പങ്കാളികളെ തൃപ്തിപ്പെടുത്താൻ പ്രതിരോധ മേഖലയിൽ സർക്കാർ വഴി 100 ശതമാനം നേരിട്ടുള്ള വിദേശ നിക്ഷേപം കൊണ്ടുവരാൻ മോഡി സർക്കാർ തീരുമാനിച്ചുകഴിഞ്ഞു. പ്രതിരോധ നിർമ്മാണ മേഖലയിലെ ഓർഡനൻസ് ഫാക്ടറികളുടെ സ്വകാര്യവൽക്കരണത്തിനായി അവയെ കോർപ്പറേറ്റുവൽക്കരിക്കാനും ശ്രമം നടക്കുന്നു. ഇതെളുപ്പം ആക്കുവാൻ അവശ്യ പ്രതിരോധ സേവന ഓർഡിനൻസ് ഇറക്കുകയും അത് ആക്ട് ആയി മാറ്റി വ്യവസായ കേന്ദ്രങ്ങളിലെ സമരങ്ങളെ തടുക്കുകയും ചെയ്യു.

### നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്ലൈൻ; ഇന്ത്യൻ സമ്പദ്വ്യവസ്ഥയെ നശിപ്പിക്കാൻ ഉതകുന്നത്

- സർക്കാർ ഉടമസ്ഥതയിലുള്ള ആസ്തികൾ വിറ്റു പണമാക്കാൻ 2021 22 ബജറ്റിൽ അവതരിപ്പിച്ച പദ്ധതിയാണ് നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്ലൈൻ. ഇന്ത്യാ രാജ്യത്തിന്റെ സ്വന്തമായ പൂർണ വികസനത്തിലെത്തിയ ആസ്തികൾ 30 മുതൽ 35 വർഷത്തേയ്ക്ക് ലീസിനു കൊടുക്കുന്നു എന്ന പേരിൽ സ്വകാര്യ കുത്തക മുതലാളിമാർക്ക് തികച്ചും സൗജന്യമായി കൈമാറുന്നു. 26,700 കിലോമീറ്റർ ദേശീയപാത, 8,154 കിലോമീറ്റർ ഗെയിൽ പൈപ്പ്ലൈൻ, 28,608 സികെറ്റി കിലോമീറ്റർ പവർഗ്രിഡ്, 3,930 കിലോമീറ്റർ പെട്രോളിയം ഉൽപ്പന്ന പൈപ്പ്ലൈൻ, 2,141 റെയിൽവെ ട്രാക്ക്, 2.86 ലക്ഷം കിലോമീറ്റർ ഒപ്റ്റിക്കൽ ഫൈബർ, 9 പ്രധാന തുറമുഖങ്ങളിലെ 31 പദ്ധതികൾ, വെയർഹൌസുകളിലെ 81.9 ലക്ഷം ടൺ സംഭരണ ശേഷി തുടങ്ങിയവ ഇതിൽപ്പെടും. കേരളത്തിലെ എൽ ഡി എഫ് സർക്കാർ ഒഴികെ മിക്ക സംസ്ഥാന സർക്കാരുകളും വാർഷിക ബജറ്റിന് മുൻപായുള്ള എക്കണോമിക് സർവേ റിപ്പോർട്ടുകളിലൂടെ വിൽക്കാനുള്ള ആസ്തികൾ തെരഞ്ഞെടുത്തു കഴിഞ്ഞു.

### തൊഴിൽ നിയമ ക്രോഡീകരണം: തൊഴിലാളി വർഗത്തിനുമേലുള്ള അടിമത്തം സ്ഥാപനവൽക്കരിക്കൽ

- എല്ലാ തൊഴിൽ നിയമങ്ങളും പൊളിച്ചെഴുതുന്ന തൊഴിൽ നിയമ ക്രോഡീകരണം ഭരണത്തിലുള്ള കോർപ്പറേറ്റ് വർഗ്ഗീയ കൂട്ടുകെട്ട് നടപ്പാക്കുന്നത് സമ്പദ്വ്യവസ്ഥയുടെ അടിസ്ഥാനം തൊഴിൽ ആണെന്ന് മനസിലാക്കാതെയാണ്. നിലവിലുള്ള ഇരുപത്തിയൊമ്പത് തൊഴിൽ നിയമങ്ങൾ റദ്ദാക്കുകയും നാല് ലേബർ കോഡുകൾ പകരം വയ്ക്കുകയും ചെയ്യു. വേതനത്തെക്കുറിച്ചുള്ള കോഡ് 2019, ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് 2020, തൊഴിൽ സുരക്ഷ, ആരോഗ്യം, ജോലി സാഹചര്യങ്ങൾ എന്നിവ സംബന്ധിച്ച കോഡ് 2020, സാമൂഹ്യ സുരക്ഷാ കോഡ്, 2020 എന്നിവയാണ് അവ. മുമ്പ് നിലനിന്നിരുന്ന 29 നിയമങ്ങളും തൊഴിലാളികൾക്ക് ചില അവകാശങ്ങളും ആനുകൂല്യങ്ങളും നൽകയിരുന്നു. അവയിൽ പലരും ഇപ്പോൾ നിലവിലില്ല, ബാക്കിയുള്ളവ വളരെയധികം അപ്രധാനവും ആക്കി. അവശ്യ പ്രതിരോധ സേവന നിയമം (EDSA) ഇതിലേക്ക് ചേർത്തു.

17th CITU ALL INDIA CONFERENCE
BENGALURU 18-22 JAN 2023
Unite and Fight for Pro People Policies

### സമരങ്ങളും ഇടപെടലുകളും

- 16ാം സമ്മേളനത്തിനു ശേഷം, CITU അതിന്റെ ഒരു ത്രിതല തന്ത്രം സ്വീകരിച്ചു.

1) ദേശീയ, സംസ്ഥാന, മേഖലാ തലങ്ങളിൽ സ്വതന്ത്രമായ പ്രവർത്തനങ്ങളും ഇടപെടലുകളും
2) കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും ഫെഡറേഷനുകളുടെയും സംയുക്ത പ്രസ്ഥാനം.
3) അഖിലേന്ത്യാ കിസാൻ സഭയുമായി സംയുക്ത പ്രവർത്തനങ്ങളും പ്രക്ഷോഭങ്ങളു, ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികളു

ടെ തുടർച്ചയായി ഓൾ ഇന്ത്യ അഗ്രികൾച്ചറൽ വർക്കേഴ്സ് യൂണിയനുമായും (എഐഎഡബ്ല്യൂയു) ചേർന്നുള്ള പ്രവർത്തനങ്ങൾ.

- മഹാമാരിയുടെ നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സമയത്തുപോലും പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. സംയുക്ത ട്രേഡ് യൂണിയന്റെ ഭാഗമായി നിന്നുകൊണ്ട് സിഐടിയു, ആൾ ഇന്ത്യ കിസാൻ സഭ, ആൾ ഇന്ത്യ അഗ്രിക്കൾച്ചറൽ വർക്കേഴ്സ് യൂണിയൻ എന്നിവ സംഘടിപ്പിച്ച പ്രതിരോധങ്ങൾ ശ്രദ്ധേയമാണ്.
- 2020 നവംബർ 26ന് കോവിഡ് ഭീതിക്കിടയിലും 2022 മാർച്ച് 28, 29 തീയതികളിലും രണ്ട് രാജ്യവ്യാപക പൊതുപണിമുടക്ക് നടത്തി.

## ഉയർന്നുവരുന്ന തൊഴിലാളി കർഷക ഐക്യവും സഖ്യവും

- കേന്ദ്രത്തിന്റെ കോർപ്പറേറ്റ് വർഗീയ അവിശുദ്ധ കൂട്ടുകെട്ട് നയിക്കുന്ന നവലിബറൽ ഭരണത്തിനെതിരെ കർഷകരെയും കർഷകത്തൊഴിലാളികളെയും സംഘടിപ്പിച്ചുകൊണ്ടുള്ള പ്രക്ഷോഭങ്ങൾക്കായി സിഐടിയു നിരന്തരമായി പരിശ്രമിച്ചുവരികയാണ്. അതിന്റെ ഭാഗമായി ഓൾ ഇന്ത്യ കിസാൻ സഭയുമായും അഗ്രികൾച്ചറൽ വർക്കേഴ്സ് യൂണിയനുമായും സഹകരിച്ച് പ്രവർത്തിക്കുകയും പൊതുവായ വിഷയങ്ങളിൽ സംയുക്ത പ്രക്ഷോഭങ്ങളും പ്രചരണങ്ങളും സംഘടിപ്പിക്കുകയും ചെയ്തു. 2018 ആഗസ്ത് 9ന്റെ ജയിൽഭരോ പ്രക്ഷോഭവും സെപ്തംബർ 5ന് നടന്ന ചരിത്രപ്രസിദ്ധമായ മസ്ദൂർ കിസാൻ സംഘർഷ് റാലിയും വലിയ വഴിത്തിരവായി. 16ാമത് സിഐടിയു സമ്മേളനം പ്രക്ഷോഭങ്ങളുടെ വിജയത്തെ വിലയിരുത്തുകയും തുടർന്നും യോജിച്ച പോരാട്ടങ്ങൾക്ക് രൂപം നൽകാനും തീരുമാനിച്ചു. പ്രധാന ഉൽപ്പാദനമേഖലയിലും സമ്പത്ത് ഉൽപാദന മേഖലയിലും തൊഴിലെടുക്കുന്ന വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന മൂന്ന് സംഘടനകളുടെ സംയുക്തപ്രക്ഷോഭങ്ങൾ സംസ്ഥാന, ജില്ല, പ്രാദേശിക തലങ്ങളിലേക്ക് വ്യാപിപ്പിക്കണം. തൊഴിലാളികർഷക സഖ്യം വികസിപ്പിക്കുന്നതിനും വർഗശക്തികളുടെ പരസ്പരബന്ധം വർധിപ്പിക്കുന്നതിനും ഇത് സഹായിക്കും.

## പ്രതിസന്ധിയെ സാമൂഹിക മാറ്റത്തിനായുള്ള ഉയർന്ന ബോധമാക്കി മാറ്റുക

- ഒറ്റനോട്ടത്തിൽ ഇന്ത്യൻ തൊഴിലാളിവർഗ പ്രസ്ഥാനം നേരിടുന്ന വെല്ലുവിളികൾ വ്യത്യസ്തവും പല തരത്തിലുള്ളതുമായി തോന്നിയേക്കാം; എന്നാൽ അവയെല്ലാം ഏകരൂപത്തിലുള്ളതും നവലിബറൽ നയ വ്യവസ്ഥയുമായി വളരെയധികം ബന്ധപ്പെട്ടു കിടക്കുന്നതുമാണ്. തൊഴിലിന്റെ അനൗപചാരികവൽക്കരണത്തിനും തൊഴിൽനിയമത്തിനുമെതിരായ സമരം സ്വകാര്യ കോർപ്പറേറ്റ് വർഗത്തിന് കൂടുതൽ ചൂഷണം ചെയ്യാൻ

**ഇന്ത്യൻ തൊഴിലാളിവർഗ പ്രസ്ഥാനം നേരിടുന്ന വെല്ലുവിളികൾ ഏകരൂപത്തിലുള്ളതും നവലിബറൽ നയ വ്യവസ്ഥയുമായി ബന്ധപ്പെട്ടു കിടക്കുന്നതുമാണ്. തൊഴിലിന്റെ അനൗപചാരികവൽക്കരണത്തിനും തൊഴിൽനിയമത്തിനുമെതിരായ സമരം സ്വകാര്യ കോർപ്പറേറ്റ് വർഗത്തിന് കൂടുതൽ ചൂഷണം ചെയ്യാൻ സാഹചര്യമൊരുക്കുന്ന ഭരണവർഗത്തിനെതിരെയുള്ള പോരാട്ടമാണ്. ഊബറൈസേഷനും കരാർവൽക്കരണത്തിനുമെതിരായ പോരാട്ടം മൂലധനത്തിലോ മൂല്യവർധനവിലോ യാതൊരു നിക്ഷേപവുമില്ലാതെ കമ്മീഷൻ മാത്രം പിരിച്ചെടുക്കുന്ന പ്രബലമായ വാടകക്കാരനായി മാറുന്ന മുതലാളിത്തത്തിനെതിരായ പോരാട്ടമാണ്.**




സാഹചര്യമൊരുക്കുന്ന ഭരണവർഗത്തിനെതിരെയുള്ള പോരാട്ടമാണ്. തൊഴിലാളിവർഗത്തിന്മേൽ അടിമത്തത്തിന്റെ വ്യവസ്ഥകൾ അടിച്ചേൽപ്പിക്കാനുള്ള ശ്രമങ്ങൾക്കെതിരെയുള്ള ചെറുത്തുനിൽപാണ്. ഊബറൈസേഷനും കരാർവൽക്കരണത്തിനുമെതിരായ പോരാട്ടം മൂലധനത്തിലോമൂല്യവർധനവിലോ യാതൊരു നിക്ഷേപവുമില്ലാതെ

17th CITU
ALL INDIA
CONFERENCE
BENGALURU 18-22 JAN 2023
Unite and Fight for Pro People Policies

കമ്മീഷൻ മാത്രം പിരിച്ചെടുക്കുന്ന പ്രബല മായ വാടകക്കാരനായി മാറുന്ന മുതലാളി ത്തത്തിനെതിരായ പോരാട്ടമാണ്. ദേശീയ ആസ്തി സമാഹരണ പദ്ധതിയുടെ ഹീനമായ ബ്ലൂപ്രിന്റിനെതിരെയുള്ള പോരാട്ടം ജനങ്ങൾക്ക് ലഭ്യമാവേണ്ട ഓരോ സേവനത്തിലും/ചരക്കി ലും നിന്ന് അസാധാരണ ലാഭവും വാടകയും തട്ടിയെടുക്കാൻ കുത്തകാവകാശമുള്ള അന്താ രാഷ്ട്രദേശീയ കോർപ്പറേറ്റ് മൂലധനത്തിന്റെ ശാക്തീകരണത്തിനെതിരായ പോരാട്ടമാണ്. ന്യായമായ പരിവർത്തനമെന്ന പേരിൽ ഊർ ജമേഖലയെ സ്വകാര്യ കോർപറേറ്റ് കൂട്ടുകെട്ടു കൾക്ക് കൈമാറുന്നതിനെതിരായ പോരാട്ടം രാജ്യത്തെ പുതിയ ചൂഷണമാർഗങ്ങളിലേക്ക് വഴിതിരിച്ചുവിടുന്നതിന്റെ പ്രതിരോധമാണ്. സാമ്പത്തിക മേഖലയുടെ സ്വകാര്യവൽക്ക രണത്തിനും പൊതുമേഖലാ ബാങ്കുകളുടെ വിഭവങ്ങൾ സംഘടിതമായി കൊള്ളയടിക്കുന്ന തിനുമെതിരായ പോരാട്ടം അടിസ്ഥാനപരമായി എല്ലാ മേഖലകളിലെയും അന്തർനിർമ്മിത വക്ര തയ്ക്കും അഴിമതിക്കുമെതിരായ പോരാട്ടമാണ്. വർഗീയ വിഭജന ശക്തികളുടെ കുതന്ത്രങ്ങളിലൂ ടെ സമ്പദ്വ്യവസ്ഥ മാനേജ്മെന്റിലെ ഈ പിന്തി രിപ്പൻ ആശയങ്ങൾ നിയമാനുസൃതമാക്കാൻ ശ്രമിക്കുകയാണ്. കോർപ്പറേറ്റുകളുമായുള്ള അവിശുദ്ധ കൂട്ടുകെട്ടിന്റെ സജീവ രക്ഷാകർതൃ ത്വത്തോടെയാണിത്. ജനകീയ കൂട്ടായ്മയിലൂടെ സാമ്പത്തിക മാനേജ്മെന്റിലെ കോർപ്പറേറ്റ് പൊള്ളത്തരങ്ങൾ ഫലപ്രദമായി ചെറുക്കണ മെങ്കിൽ സമൂഹത്തിനുമേലുള്ള വർഗീയവിഭജന ആക്രമണങ്ങളെ മുന്നണിയിലും പ്രത്യയശാസ്ത്ര പരമായും ചെറുക്കണം. ഈ വികൃത സ്വേച്ഛാ ധിപത്യ ഭരണത്തിനെതിരെ അധ്വാനിക്കുന്ന ജനങ്ങളെ ഒന്നിപ്പിക്കണമെങ്കിൽ വർഗീയതയെ മുന്നണിതലത്തിലും ആശയപരമായും അടി സ്ഥാനതലം വരെ ചെറുക്കേണ്ടതുണ്ട്.

## നിഗമനം

നാം അഭിമുഖീകരിക്കുന്ന സാഹചര്യം വെല്ലുവിളികൾ നിറഞ്ഞതാണെങ്കിലും മറി കടക്കാൻ കഴിയാത്തതല്ല. നമ്മുടെ രാജ്യത്ത് മാത്രമല്ല, ആഗോളതലത്തിലും കൂടുതൽ നിരാശാജനകമായ നിലയിൽ വലതുപക്ഷ സ്വേച്ഛാധിപത്യത്തിന്റെ ഭാഗമായി സമ്പദ്വ്യ വസ്ഥയും രാഷ്ട്രീയ സംവിധാനങ്ങളും പുനഃ ക്രമീകരിക്കപ്പെടുന്നതിന്ന് നാം സാക്ഷ്യം വഹിച്ചു. അത് നവലിബറൽ ക്രമത്തിന്റെ ശക്തിയല്ല, പ്രതിസന്ധിയെയും ബലഹീനത കളെയുമാണ് പ്രതിഫലിപ്പിച്ചത്. അതുകൊ ണ്ടാണ് നവലിബറൽ അജണ്ടയ്ക്കെതിരെയുള്ള വലിയ പ്രതിരോധത്തിന് ഈ കാലഘട്ടം സാക്ഷിയായത്. കാർഷിക മേഖലയിലെ പിന്തിരിപ്പൻ മാറ്റം റദ്ദാക്കാനും തൊഴിൽ നിയമഭേദഗതി ദേശീയ തലത്തിൽ 3 വർഷ മായി നടപ്പിലാക്കുന്നത് തടയാനും കഴിഞ്ഞു. നവ ഉദാരവൽക്കരണം മൂന്ന് പതിറ്റാണ്ടുകൾ പൂർത്തിയാക്കുമ്പോഴുള്ള കാഴ്ചകളാണിത്. ലോകമെമ്പാടുമുള്ള മെട്രോപൊളിറ്റൻ കേ ന്ദ്രങ്ങളിൽ ജീവിതച്ചെലവ് പ്രതിസന്ധിക്കെ തിരെ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വൻ മുന്നേറ്റം നടക്കുകയാണ്. ഈ അനുഭവങ്ങൾ നമുക്ക് കൂടുതൽ ആത്മവിശ്വാസത്തോടെ പകരുന്നു.

പ്രവർത്തനത്തെ പുനഃക്രമീകരിച്ചും സമ രങ്ങൾ ഉയർത്തിയും ഐക്യ പോരാട്ട ങ്ങൾ തുടരുമ്പോൾ ഭരണവർഗത്തിന് പിൻവാ ങ്ങേണ്ടി വരും.. ഈ അടുത്ത കാലത്തെ അനുഭവം അതിനെ സാധൂകരിക്കുന്നു. സമരത്തിന്റെ ആഹ്വാനത്തോടുള്ള അധ്വാനി ക്കുന്നജനവിഭാഗങ്ങളുടെ വർദ്ധിച്ചുവരുന്ന പ്രതികരണത്തിൽ നിന്ന് മനസ്സിലാവുന്നത് ബോധ്യപ്പെടുത്തുന്ന നിലയിൽ അവരിലേ ക്ക് എത്തിച്ചേരാനാകുമെങ്കിൽ ഒരു പോ രാട്ടത്തിനുള്ള വസ്തുനിഷ്ഠമായ സാഹചര്യം നിലനിൽക്കുന്നുവെന്നാണ്. രാഷ്ട്രീയപ്രത്യയ ശാസ്ത്രസംഘടനാ പുനഃക്രമീകരണത്തിനു ള്ള ആഹ്വാനത്തോട് നമ്മുടെ സംഘടന എല്ലാ തലങ്ങളിലും ശരിയായ രീതിയിൽ പ്രതികരിച്ചാൽ ഇത് അസാധ്യമായ കാര്യമല്ല; ഈ പുനർനിർമ്മാണ ദൗത്യം ഏറ്റെടുക്കാൻ നമുക്ക് സ്വയം മുന്നിട്ടിറങ്ങാം.... അത് നമ്മുടെ പതിനേഴാം സമ്മേളനം സ്വീകരിക്കുന്ന പ്ര തിജ്ഞയായിരിക്കണം.

**നമ്മൾ പോരാടും, നമ്മൾ വിജയിക്കും**

# ഭാവി കടമകൾ

• തൊഴിലാളികളെ പൂർണ്ണമായി ഏകീകരിക്കുക, എത്തിച്ചേരാത്തവരിലേക്ക് എത്തിച്ചേരുക
• അവരുടെ വർഗ സുഹൃത്തുക്കളെ തിരിച്ചറിയാനും ചൂഷണ വ്യവസ്ഥയ്ക്കെതിരെ ഐക്യത്തോടെ പോരാടാനും അവരെ സഹായിക്കുക
• നവലിബറൽ മുതലാളിത്തം സ്വയം നിലനിറുത്താൻ ഉപയോഗിക്കുന്ന വിനാശകരമായ വിവിധ തരം വിഭജനശക്തികൾക്കെതിരെ പോരാടുക
• തൊഴിലാളികൾക്കുമേൽ അടിമത്തം അടിച്ചേൽപ്പിക്കാനുള്ള ശ്രമങ്ങൾക്കെതിരെ ദേശീയ, മേഖലാ തലത്തിൽ ഐക്യ തൊഴിലാളിവർഗ സമരങ്ങൾ ഉയർത്തി കൊണ്ടുവരിക. സമരം ചെയ്യാനുള്ള അവകാശം വെട്ടിച്ചുരുക്കാനുള്ള ശ്രമങ്ങളെ സമരസജ്ജമായ പണിമുടക്കിലൂടെ പരാജയപ്പെടുത്തുക

- ഇവ ഇപ്പോഴും മുഴുവൻ പ്രസ്ഥാനത്തിനും പ്രസക്തമാണ്. അതനുസരിച്ച്, വെല്ലുവിളികളെ നേരിടുന്നതിനും ചുമതലകൾ രൂപപ്പെടുത്തുന്നതിനുമായി ഞങ്ങളുടെ പ്രവർത്തനത്തെ പുനഃക്രമീകരിക്കുന്നതിനുള്ള വഴികാട്ടിയാണ് ഇവയെല്ലാം.
- തൊഴിലാളികളുടെ പ്രാദേശിക പ്രശ്നങ്ങളിൽ സമരം ശക്തമാക്കണം. അംഗത്വത്തിനപ്പുറം തൊഴിലാളികളിലേക്ക് എത്താനുള്ള എല്ലാ ശ്രമങ്ങളും നടത്തണം. ഈ പ്രാദേശിക പ്രശ്നങ്ങളെ സർക്കാർ നയങ്ങളുമായി ബന്ധിപ്പിക്കണം. തൊഴിലാളികളുടെ കത്തുന്ന പോരാട്ടത്തെ നവലിബറൽ നയങ്ങൾക്കെതിരായ പോരാട്ടമാക്കി മാറ്റുക, അധ്വാനിക്കുന്ന ജനങ്ങൾ സൃഷ്ടിച്ച വലിയ സമ്പത്തുണ്ടായിട്ടും അധ്വാനിക്കുന്ന ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ പരിഹരിക്കാനുള്ള മുതലാളിത്ത വ്യവസ്ഥയുടെ കഴിവില്ലായ്മ തുറന്നുകാട്ടുക.
- അവഗണനയ്ക്കും ആക്രമണത്തിനുമെതിരെ മേഖലാ തലത്തിലും ദേശീയ തലത്തിലും നാം പോരാട്ടം ഉയർത്തേണ്ടതുണ്ട്.
- ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന്റെ വർഗീയ വിഭജന ആക്രമണത്തിനെതിരെയുള്ള പോരാട്ടം തീവ്രമാക്കുക: വർഗീയ വിഭജന പ്രത്യയശാസ്ത്രത്തിനും തൊഴിലുടമകളുടെ ഐക്യത്തിന്മേലുള്ള ആക്രമണത്തിനുമെിതരെ എതിരെ തൊഴിലാളികൾക്കിടയിൽ കേന്ദ്രീകൃതമായ പ്രചാരണം നടത്തണം. പ്രവർത്തകരെ സജ്ജമാക്കാൻ സംഘടനയുടെ എല്ലാ തലങ്ങളിലുമുള്ള പ്രചാരണത്തിനും വർക്ക്ഷോപ്പുകൾക്കുമുള്ള സാമഗ്രികൾ തയ്യാറാക്കണം
- അടിത്തട്ടുവരെ എത്താൻ പ്രത്യേക പ്രചാരണം സംഘടിപ്പിക്കാൻ സഖാക്കളെ ഉചിതമായ രീതിയിൽ സജ്ജരാക്കുകയും പരിശീലിപ്പിക്കുകയും വേണം.
- സമരങ്ങൾക്കായുള്ള പ്രചാരണങ്ങളും പ്രവർത്തനങ്ങളും മൂലധനത്തിന് ചൂഷണത്തിനായി രൂപകൽപ്പന ചെയ്തതും വർഗീയ മുഖമുള്ളതുമായ അജൻഡകളെ തുറന്നുകാട്ടണം. പതിവ് അവലോകനത്തോടൊപ്പം ഈ പ്രവർത്തനത്തിന്റെ സൂക്ഷ്മ നിരീക്ഷണവും നടത്തേണ്ടതുണ്ട്.

17th CITU
ALL INDIA
CONFERENCE
BENGALURU 18-22 JAN 2023
Unite and Fight for Pro People Policies

- മേഖലാ തലത്തിലും ദേശീയ തലത്തിലും സ്വതന്ത്രവും സംയുക്തവുമായ പ്ലാറ്റ്ഫോമിലെ നമ്മുടെ പ്രസ്ഥാനം ലക്ഷ്യമിടുന്നത്:

• സാർവദേശീയത, സാമ്രാജ്യത്വ വിരുദ്ധത സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവും ആയ എല്ലാ ത്തരം ചൂഷണങ്ങൾക്കും അടിച്ചമർത്തലുകൾക്കുമെതിരെ തൊഴിലാളിവർഗത്തിന്റെ അവബോധം ഉയർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.
• തൊഴിലാളിവർഗത്തിന്റെ ഐക്യം ശക്തിപ്പെടുത്തുകയും വിശാലമാക്കുകയും ചെയ്യുക; നവലിബറൽ അജണ്ടയെ പരാജയപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള സംയുക്തവും സ്വതന്ത്രവുമായ പോരാട്ടങ്ങൾ ശക്തമാക്കുക

• എല്ലാത്തരം സാമൂഹിക അടിച്ചമർത്തലുകൾക്കും വർഗീയ ആക്രമണങ്ങൾക്കുമെതിരെ വർഗഐക്യത്തിൽ നിന്ന്കൊണ്ട് സമരം ശക്തമാക്കുക

• വിഷലിപ്തമായ വർഗീയ ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിനും വർഗീയ പ്രത്യയശാസ്ത്രത്തിനും എതിരെ




സംഘടിത പ്രചാരണവും പോരാട്ടവും ശക്തിപ്പെടുത്തുക.

• സംസ്ഥാന/ജില്ല/പ്രാദേശിക തലങ്ങളിൽ തൊഴിലാളികളുടെയും കർഷകരുടെയും സംയുക്ത പ്രവർത്തനങ്ങൾ വികസിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക

• തൊഴിലില്ലായ്മ, തൊഴിൽ സൃഷ്ടിക്കൽ, തൊഴിൽ ഗുണമേന്മ, തൊഴിൽ ബന്ധങ്ങൾ എന്നീ നിർണായക വിഷയത്തിൽ ബന്ധപ്പെട്ട ബഹുജന സംഘടനകളുമായി ചേർന്ന് സംയുക്ത പ്രചാരണങ്ങളും പ്രക്ഷോഭവും സംഘടിപ്പിക്കുക

• വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻ അംഗീകരിച്ചതും ഞങ്ങളുടെ മുൻ കോൺഫറൻസുകൾ അംഗീകരിച്ചതുമായ 'ആഴ്ചയിൽ 35 മണിക്കൂർ ജോലിയും നാല് ഷിഫ്റ്റ് പ്രവൃത്തി ദിനവും' എന്ന ആവശ്യത്തിനായി പ്രചരണം നടത്തുക.

• മറ്റ് വ്യവസായങ്ങളിലെ തൊഴിലാളികളുടെ സമരങ്ങൾ, അധ്വാനിക്കുന്ന മറ്റ് വിഭാഗങ്ങളുടെ സമരങ്ങൾ, എന്നിവയോട് ഐക്യദാർഢ്യ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

### സംഘടനാപരമായ കടമകൾ

1) അംഗങ്ങൾക്കും തൊഴിലാളികൾക്കും ഇടയിൽ പ്രചാരണം നയിക്കുന്നതിൽ പ്രാഥമിക/യൂണിയൻ തല കമ്മിറ്റികളുടെ സജീവത ഉറപ്പാക്കുന്നതിന് സംഘടനാ പ്രവർത്തനങ്ങൾ പുനഃക്രമീകരിക്കുക.

2) പ്രൈമറി/യൂണിയൻ തലങ്ങളിൽ കമ്മറ്റി മീറ്റിംഗ് പതിവായി നടത്തുക

3) യൂണിയന്റെയും യൂണിയൻ കമ്മിറ്റിയുടെയും ജനാധിപത്യപരമായ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം യോഗങ്ങൾ പതിവായി നടത്തുക. ഈ ദൗത്യം സൂക്ഷ്മമായി നിരീക്ഷിക്കുന്നതിന് ജില്ലാ കമ്മിറ്റികൾ/സംഘാടക സമിതികളെ ചുമതലപ്പെടുത്തുക

4) എല്ലാ തലങ്ങളിലും നമ്മുടെ പ്രവർത്തനങ്ങളുടെ പുനഃക്രമീകരണത്തെ സംസ്ഥാന കമ്മിറ്റികൾ നിരീക്ഷിക്കണം

5) സംസ്ഥാന/ജില്ലാ/വ്യാവസായിക ഫെഡറേഷൻ തലത്തിലുള്ള ശിൽപശാലകൾ സംഘടിപ്പിക്കണം. തൊഴിലിടത്തിലെ പ്രശ്നങ്ങൾ, വാർഷിക റിട്ടേണുകൾ, അംഗത്വം, സാമ്പത്തിക അച്ചടക്കം എന്നിവയ്ക്ക് പുറമേ ഗതാഗതം, വൈദ്യുതി, റെയിൽവേ മേഖലകളിലെ കരാർ തൊഴിലാളികളുടെ പ്രശ്നങ്ങളും ചർച്ച ചെയ്യണം. യുവാക്കളെയും സ്ത്രീകളെയും അടിസ്ഥാനമാക്കി താഴെതട്ടിലുള്ള കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണം.

6) പ്രവർത്തനങ്ങൾ കേന്ദ്രം സ്ഥിരമായി നിരീക്ഷിക്കും.

7) തൊഴിലാളിവർഗത്തിന്റെ രാഷ്ട്രീയപ്രത്യയശാസ്ത്രപരമായ ധാരണയെക്കുറിച്ച് അവബോധം നൽകുന്നതിനൊപ്പം , അംഗത്വ ഡ്രൈവ്, അംഗത്വ രജിസ്റ്ററിന്റെ പരിപാലനം, അക്കൗണ്ട് ബുക്കുകളുടെ സൂക്ഷിപ്പ്, വാർഷിക റിട്ടേണുകൾ സമയബന്ധിതമായി സമർപ്പിക്കൽ തുടങ്ങിയ സംഘടനാപരമായ ചുമതലകളിലും ശ്രദ്ധ കേന്ദ്രീകരിക്കണം.

8) തൊഴിൽ നിയമങ്ങൾക്കും പ്രശ്നങ്ങൾക്കുമെതിരെ പോരാടുന്നതിനുള്ള അടിസ്ഥാന സാങ്കേതിക വൈദഗ്ധ്യം നേടുന്നതിനുള്ള പരിശീലനവും വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരിക്കണം.

9) ശിൽപശാലകളാണ് പരിശീലനത്തിന്റെ അനുയോജ്യമായ മാതൃക

10) സംസ്ഥാന/ഫെഡറേഷൻ തല നേതൃത്വത്തിനും അധ്യാപക പാനൽ തയ്യാറാക്കുന്നതിനായി കേന്ദ്രം ക്ലാസുകൾ/വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കണം. സംസ്ഥാന/ജില്ലാ, യൂണിയൻ തല നേതാക്കൾക്കായി സംസ്ഥാനങ്ങൾ ക്ലാസുകൾ ആസൂത്രണം ചെയ്യണം. പഠനസാമഗ്രികൾ കേന്ദ്രം തയ്യാറാക്കണം.

11) എല്ലാ സമരങ്ങളും പ്രക്ഷോഭങ്ങളും സമഗ്രമായ അവലോകത്തിന് വിധേയമാക്കണം സമരത്തിന്റെ പ്രചാരണം, കമ്മിറ്റി അംഗങ്ങളുടെയും പ്രവർത്തകരുടെയും പങ്കാളിത്തം, അംഗത്വത്തിനപ്പുറമുള്ള അംഗങ്ങളുടെയും തൊഴിലാളികളുടെയും പങ്കാളിത്തം എന്നിവയെക്കുറിച്ച് റിപ്പോർട്ട് ചെയ്യുകയും വേണം.

12) 2023 ജൂണിനുള്ളിൽ ബ്ളോക്ക് / വില്ലേജ് / മൊഹല്ല തലത്തിൽ നഗര, ഗ്രാമ പ്രദേശങ്ങളിലെ സിഐടിയുവിന്റെയും സൗഹൃദ യൂണിയനുകളുടെയും കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുകയും സജീവമാക്കുകയും ചെയ്യണം.

13) സിഐടിയുവിന്റെ 15ാം സമ്മേളനത്തിന്റെ തീരുമാനമനുസരിച്ച് തൊഴിലെടുക്കുന്ന സ്ത്രീകളുടെ സംസ്ഥാന ഏകോപന സമിതികൾ (അവ രൂപീകരിച്ചിട്ടില്ലാത്തിടത്തെല്ലാം) രൂപീകരിക്കുന്നത് ആവർത്തിക്കുകയാണ്. സിഐടിയുവിന്റെ എല്ലാ തലങ്ങളിലുമുള്ള ഭാരവാഹികൾ/കമ്മിറ്റികൾ/കൗൺസിലുകൾ എന്നിവയുടെ യോഗങ്ങൾക്കുമുമ്പ് ബന്ധപ്പെട്ട തലങ്ങളിലെ ഈ ഏകോപന സമിതികൾ യോഗം ചേരുകയും റിപ്പോർട്ടുകൾ സിഐടിയു കമ്മിറ്റികളിൽ അവതരിപ്പിക്കുയും ചർച്ച ചെയ്യുകയും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്യണം.

14) എല്ലാ ഫെഡറേഷനുകളിലും / യൂണിയനുകളിലും വനിതാ സബ്കമ്മിറ്റികൾ ഗണ്യമായ പ്രാതിനിധ്യത്തോടെ രൂപീകരിക്കുക

### ഉടൻ നടപ്പാക്കേണ്ട കാര്യങ്ങൾ

i) കിസാൻ സഭയും അഗ്രികർച്ചറൽ വർക്കേഴ്സ് യൂണിയനും ചേർന്ന് 2023 ഏപ്രിൽ 5ന് നടത്തുന്ന റാലിയിൽ മൂന്ന് ലക്ഷം പേരെയാണ് സിഐടിയു അണിനിരത്തുന്നത്. എല്ലാ ഫെഡറേഷനുകളും/ സംസ്ഥാന കമ്മിറ്റികളും/അഫിലിയേറ്റഡ് യൂണിയനുകളും അവരുടെ പരിധികളെ മറികടക്കുന്ന പങ്കാളിത്തമുണ്ടാക്കണം.17-ാമത് സമ്മേളനത്തിനുശേഷം മുന്നോട്ടുള്ള പാതയുടെ മൂർത്തമായ രൂപരേഖയടക്കമുള്ള ആസൂത്രണം വേണം.

ii) സിഐടിയുവിന്റെ നേതൃത്വത്തിൽ 2023 ജനുവരി 30ന് നടക്കുന്ന സംയുക്ത ട്രേഡ് യൂണിയൻ ദേശീയ കൺവെൻഷനിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന സംയുക്ത പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യും

iii) മിനിമം വേതനം, തൊഴിൽ അവകാശനിഷേധം (ഉദാ. ട്രേഡ് യൂണിയനുകളുടെ രജിസ്ട്രേഷൻ/കൂട്ടായ പ്രവർത്തനങ്ങൾ/ ലേബർ കോഡുകൾ മുതലായവയ്ക്ക് മേലുള്ള നിയന്ത്രണങ്ങൾ) എന്നിങ്ങനെ പ്രാദേശിക വിഷയങ്ങളിൽ സിഐടിയു സ്വതന്ത്രമായ പ്രക്ഷോഭം സംഘടിപ്പിക്കും.

iv) മേഖലാതലത്തിലുള്ള പ്രചാരണങ്ങളും സമരങ്ങളും ശക്തമാക്കുക

v) ആർഎസ്എസ് നേതൃത്വത്തിലുള്ള ഹിന്ദുത്വ ബ്രിഗേഡുകൾ എല്ലാ തലങ്ങളിലും നടത്തുന്ന വർഗീയ ആക്രമണത്തിനെതിരെ സംഘടിത പ്രചാരണം ശക്തമാക്കുക.

vi) വ്യവസായങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, റെയിൽവേ, സംസ്ഥാന, കേന്ദ്ര സർക്കാർ വകുപ്പുകൾ, ബിഎസ്എൻഎൽ മുതലായവയിലെ കരാർ തൊഴിലാളികളെ വൻതോതിൽ അണിനിരത്തുന്ന പ്രവർത്തനങ്ങൾക്ക് 2023 രണ്ടാം പകുതിയോടെ CITU നേതൃത്വം നൽകും.

vii) തൊഴിലാളി കർഷ ഐക്യം ശക്തമാക്കാൻ കിസാൻ സഭയും അഗ്രികൾക്കച്ചറൽ വർക്കേഴ്സ് യൂണിനുമായി ചേർന്ന് പ്രദേശിക വിഷയങ്ങളിൽ സംയുക്ത പ്രക്ഷോഭം നടത്തും.

viii) ഡിവൈഎഫ്ഐ, എസ്എഫ്ഐ എന്നിവയ്യൊപ്പം ചേർന്ന് തൊഴിലില്ലായ്മക്കെതിരെ പ്രചാരണവും പ്രക്ഷോഭവും സംഘടിപ്പിക്കുക

ix) മാർച്ച് 8ന്തൊഴിലെടുക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങളിൽ സഹോദര ട്രേഡ് യൂണിയൻ സംഘടന വനിതാ സബ്കമ്മിറ്റികൾക്കും ജനാധിപത്യ മഹിളാ അസോസിയേഷനുമൊപ്പം ചേർന്ന് പ്രക്ഷോഭം സംഘടിപ്പിക്കുക.

x) ജനങ്ങൾ അധിവസിക്കുന്ന മേഖലകളിലെ പ്രശ്നങ്ങൾ അവിടെ പ്രവർത്തിക്കുന്ന മറ്റ് ബഹുജന സംഘടനകളോടൊപ്പം ചേർന്ന് ഏറ്റെടുക്കുക.

# നവലിബറൽ കാലത്തെ തൊഴിലാളി വർഗം



മൂലധനവും അധ്വാനവും തമ്മിലുള്ള ബലാബലത്തിൽ തൊഴിലാളി വർഗ ത്തിന് എതിരായ സ്വാഭാവികമായ മാറ്റം എന്നത് നവ ലിബറൽ ഭരണകൂടങ്ങ ളുടെ സഹജ സ്വഭാവമാണ്. നിരവധി കാരണങ്ങളാൽ ആണ് ഇങ്ങിനെ സംഭവിക്കുന്നത്. ഒന്ന്, മൂലധനത്തിന് ആഗോളമായി സഞ്ചരിക്കാൻ കഴി യുകയും അധ്വാനത്തിന് അങ്ങിനെ കഴിയാതിരിക്കുകയും ചെയ്യുന്ന തിനാൽ, ആഗോളമായി ഒഴുകാൻ കഴിയുന്ന മൂലധനത്തിന്  ഒരു രാജ്യ ത്തെ തൊഴിലാളി വർഗത്തെ മറ്റൊരു രാജ്യത്തെ തൊഴിലാളി വർഗത്തിന് എതിരെ നിരത്തുവാൻ അവസരം ലഭിക്കുന്നു. ഒരു രാജ്യത്തെ തൊഴി ലാളികൾ പണിമുടക്കിൽ ഏർപ്പെടുകയാണെ ങ്കിൽ മൂലധനത്തിന് അതിന്റെ ഉത്പാദനം അല്പം ഏറ്റക്കുറച്ചിലോടെ മറ്റൊരു രാജ്യത്തേക്ക് മാറ്റുവാൻ കഴിയും; അങ്ങിനെ ചെയ്യും എന്ന ഭീഷണി തന്നെ എല്ലാ രാജ്യത്തിലും തൊഴി ലാളികളുടെ സമരോല്സുകതയെ അടക്കി നിർത്തുവാൻ ഉതകുന്നു.



പ്രഭാത് പട്നായിക്ക്

സമര പരിപാടികൾ ദേശീയ തലത്തിൽ ഒതുങ്ങി നിൽക്കാതെ എല്ലാ രാജ്യത്തും ഒരേ സമയം നടക്കത്തക്ക രീതിയിൽ തൊഴിലാളികൾ സാർവദേശീയമായി സംഘടിക്കപ്പെട്ടിരുന്നു എങ്കിൽ മൂലധനത്തിന്റെ ഈ ഭീഷണി വിലപ്പോവുകയില്ലായിരുന്നു. പക്ഷെ, തൊഴിലാളി വർഗ്ഗത്തിന്റെ വർഗപരമായ പ്രവർത്തനങ്ങൾ ആഗോള തലത്തിൽ ഏകോപിപ്പിക്കപ്പെട്ടിട്ടില്ല എന്ന കാരണത്താൽ മേല്പറഞ്ഞ ഭീഷണി ഫലവത്താകുന്നു. ശരിയാണ്, തൊഴിലാളികൾ സാർവദേശീയമായി തന്നെ സംഘടിപ്പിക്കപ്പെട്ടിരുന്നു എങ്കിലും മൂലധനത്തിന് തികച്ചും പുതിയതായി മറ്റൊരു ഇടത്തേക്ക് ഉത്പാദനം മാറ്റി സ്ഥാപിക്കും എന്ന ഭീഷണി മുഴക്കുവാൻ കഴിയുമായിരുന്നു. പക്ഷെ മൂലധനത്തിന്റെ കാഴ്ചപ്പാടിൽ ഇത് കൂടുതൽ വൈഷമ്യമേറിയ ഒന്നാവുമായിരുന്നു. തൊഴിലാളികൾ ഇപ്പോഴുള്ള ഉൽപാദന സ്ഥലങ്ങളിൽ തന്നെ സാർവദേശീയമായി സംഘടിപ്പിക്കപ്പെട്ടിട്ടില്ല എന്ന യാഥാർഥ്യം മൂലധനത്തിന് അനുകൂലമായി പ്രവർത്തിക്കുകയും ഓരോ ഇടങ്ങളിലും തൊഴിലാളികളുടെ സമരോല്സുകതയെ പിടിച്ചുനിർത്തുകയും ചെയ്യുന്നു.

മൂലധനത്തിന്റെ കേന്ദ്രീകരണം എന്നത് തൊഴിലാളികളുടെ പോരാട്ട വീര്യത്തെ അടക്കി നിർത്താനുള്ള മാർഗം ആണെന്ന സുപരിചിതമായ വസ്തുതകളുടെ ഒരു ഉദാഹരണമാണ്. വിവിധങ്ങളായ ചിതറിക്കിടക്കുന്ന സ്ഥലങ്ങളിലും വിവിധങ്ങളായി ചിതറിക്കിടക്കുന്ന പ്രവർത്തനങ്ങളിലും കേന്ദ്രീകൃത മൂലധനവിന്യാസം നടത്തുക എന്നത് മൂലധനവുമായി സ്വഭാവാനുസാരേണ ബന്ധപ്പെട്ടു കിടക്കുന്നതിനാൽ, ഏതെങ്കിലും പ്രദേശത്തെയോ മേഖലയിലെയോ തൊഴിലാളികളുടെ യോജിച്ച സമര പ്രവർത്തനം മറ്റൊരിടത്തേക്കോ മറ്റൊരു മേഖലയിലേക്കോ മൂലധനം മാറിപ്പോകും എന്ന ഭീഷണി നേരിടുന്നുണ്ട്. മൂലധനത്തിന്റെ കേന്ദ്രീകരണം നവ ലിബറൽ ആഗോളവൽക്കരണത്തിന്റെ ഒഴിവാക്കാനാവാത്ത അംശമാണ് എങ്കിലും മൂലധനം വിന്യസിക്കപ്പെടുന്നത് ആഗോള തലത്തിലാണ്. ആയതിനാൽ അത് തൊഴിലാളികളുടെ പോരാട്ട വീര്യത്തെ നിയന്ത്രിച്ച് നിർത്തുന്നുണ്ട്.

അതേ ദിശയിൽ പ്രവർത്തിക്കുന്ന രണ്ടാമത്തെ ഘടകം ഇതാണ്: തൊഴിലാളികളുടെ വിലപേശൽ ശക്തിയിലും സമരം ചെയ്യാനുള്ള ശക്തിയിലും കുറവ് വരുത്തിക്കൊണ്ട് പ്രവർത്തനങ്ങൾ മഹാനഗരങ്ങളിൽ നിന്ന് ചുറ്റുമുള്ള രാജ്യങ്ങളിലേക്ക് മാറുമ്പോഴും ചുറ്റുമുള്ള രാജ്യങ്ങളിലെ വലിയ തോതിലുള്ള കരുതൽ തൊഴിൽ ശക്തി പൂർണ്ണമായി ഉപയോഗിക്കപ്പെടുന്നില്ല. ആയതിനാൽ തന്നെ ചുറ്റുമുള്ള രാജ്യങ്ങളിലെ തൊഴിലാളികൾക്ക് അധികമായ ശക്തി ലഭിക്കുന്നുമില്ല.

മഹാനഗരങ്ങളിലെ തൊഴിലാളികൾ ചുറ്റുമുള്ള രാജ്യങ്ങളിൽ നിലവിലുള്ള കരുതൽ തൊഴിൽ സേനയുമായി ചങ്ങലക്കണ്ണിപോലെ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നതാണ് വസ്തുത. നവലിബറലിസം ഇത് ഉറപ്പ് വരുത്തുന്നുണ്ട്, അവരുടെ മേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നുണ്ട് എന്നത് അംഗീകരിക്കപ്പെട്ട വസ്തുതയാണ്. മൂലധനമോ അധ്വാനമോ അങ്ങോട്ടോ ഇങ്ങോട്ടോ പോകുന്നില്ല എന്ന ഉറപ്പ് വരുത്തികൊണ്ട് ലോക സമ്പദ്വ്യവസ്ഥയെ രണ്ട് ഭാഗങ്ങളായി വിഭജിച്ചിരുന്ന മുൻകാലങ്ങളിൽ മൂലധനത്തിന്റെ സ്വഭാവസവിശേഷത ആയിരുന്ന മഹാനഗരങ്ങളിലെ തൊഴിലാളികളുടെയും ചുറ്റുമുള്ള രാജ്യങ്ങളിലെ തൊഴിലാളികളുടെയും അവസ്ഥകളിലെ വർധിച്ച് വന്നിരുന്ന അന്തരം ഇനിയും നില നിർത്താൻ പറ്റുകയില്ല. എങ്കിലും നവലിബറൽ മൂലധനം എല്ലായ്പ്പോഴും വാഗ്ദാനം ചെയ്തിരുന്നത് മൂലധനത്തിന്റെ മറ്റിടങ്ങളിലേക്കുള്ള മാറ്റം ചുറ്റുമുള്ള രാജ്യങ്ങളിലെ സമ്പദ്വ്യവസ്ഥയിൽ ശ്രീഘ്രഗതിയിലുള്ള വളർച്ച ഉണ്ടാക്കുമെന്നും അവിടങ്ങളിലെ കരുതൽ തൊഴിൽ ശക്തിയെ പൂർണ്ണമായി ഉപയോഗിക്കും എന്നും അങ്ങിനെ ഈ റിസർവ് കുറഞ്ഞു വരും എന്നുമാണ്. ഈ കരുതൽ തൊഴിൽ ശക്തി എന്നത് കൊളോണിയലിസത്തിന്റെയും അർദ്ധ കൊളോണിയലിസത്തിന്റെയും പൈതൃക സ്വത്താണ്. ( നവലിബറലിസം ഈ വസ്തുത അംഗീകരിക്കുന്നില്ല).

ഈ വാഗ്ദാനം പാലിക്കപ്പെടുന്നില്ല. ചുറ്റുമുള്ള രാജ്യങ്ങളിലെ കരുതൽ തൊഴിൽ ശക്തിയുടെ വ്യാപ്തി കുറയ്ക്കുന്നതിനു പകരം നവലിബറൽ ഭരണകൂടം ഇതിനെ വർധിപ്പിക്കുകയാണ് ചെയ്യുന്നത്. നവലിബറലിസം തൊഴിലില്ലായ്മ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. തൊഴിലിനായി വിനിയോഗിക്കപ്പെടുന്ന തൊഴിലാളികളുടെ എണ്ണത്തിൽ വരുന്ന കുറവിനെക്കാൾ ഇത് ദൃശ്യമാകുന്നത് ഓരോ തൊഴിലാളിയും ജോലി ചെയ്യുന്ന ദിവസങ്ങളുടെ കുറവിലാണ്.

നവലിബറലിസത്തിന്റെ രണ്ട് സ്വഭാവസവിശേഷതകളിൽ നിന്നാണ് തൊഴിലില്ലായ്മ വർധന ഉണ്ടാകുന്നത്. വമ്പൻ മുതലാളിമാർക്കും അഗ്രിബിസിനസ് കമ്പനികൾക്കും നുഴഞ്ഞു കയറാനുള്ള ഒന്നായി കാർഷിക മേഖലയെ മാറ്റുക എന്ന കാഴ്ചപ്പാടിന്റെ ഭാഗമായി ചെറുകിട ഉത്പാദന മേഖലയ്ക്കും കാർഷിക മേഖലയിലെ കർഷകർക്കും നൽകിയിരുന്ന പിന്തുണയിൽ നിന്നുള്ള സർക്കാരിന്റെ പിന്മാറ്റം ആണ് ഒന്ന്. ഇറക്കുമതി ചരക്കുകളുമായി മത്സരിച്ച് തങ്ങളുടെ വിപണിയിലെ ഷെയർ നിലനിർത്താനായി ഓരോ ഉത്പാദകനും പുതിയ സാങ്കേതിക വിദ്യകൾ പ്രയോഗിക്കുവാൻ നിബന്ധിതനാകുന്ന തരത്തിൽ സമ്പദ്വ്യവസ്ഥയെ അതിർത്തി കടന്നുള്ള ചരക്കുകളുടെയും സേവനങ്ങളുടെയും സ്വതന്ത്രമായ ഒഴുക്കിനായി തുറന്ന് കൊടുത്തതാണ് രണ്ടാമത്തെ സ്വഭാ

**നവലിബറലിസം മൂലധനത്തിന് എതിരായ തൊഴിലാളി വർഗ്ഗത്തിന്റെ പോരാട്ടങ്ങളെ ദുബലപ്പെടുത്തുന്നു എന്ന വസ്തുതയല്ല ശ്രദ്ധ ആകർഷിക്കുന്ന കാര്യം. മറിച്ച് ഇങ്ങിനെ ദുർബലപ്പെടുത്തുന്ന നവലിബറലിസം തൊഴിലാളി മുന്നേറ്റങ്ങളുടെ വേലിയേറ്റത്തിന് ഇപ്പോൾ സാക്ഷ്യം വഹിക്കുന്നു എന്നതാണ്.**




വസവിശേഷത. എന്ത് കൊണ്ടെന്നാൽ തൊഴിൽ ശക്തിയുടെ ഉപയോഗത്തിൽ വരുന്ന കുറവാണ് മുതലാളിത്ത കാലത്തെ സാങ്കേതിക വിദ്യാ മുന്നേറ്റത്തിന്റെ രൂപഘടന. തൊഴിലാളിയുടെ ഉത്പാദനക്ഷമതാവളർച്ചയിൽ വർദ്ധനവ് ഉണ്ടാകുകയും തദനുസരണമായി തൊഴിൽ വളർച്ചയിൽ കുറവ് ഉണ്ടാകുകയും ചെയ്യുന്നു എന്നതാണ് ഇതിന്റെ ആന്തരാർത്ഥം. അങ്ങിനെ കുടിയിറക്കപ്പെട്ട കർഷകരും കരകൗശല തൊഴിലാളികളും ചേർന്ന് മുതലാളിത്ത സമ്പദ് വ്യവസ്ഥയിൽ തൊഴിൽ തേടുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നു. തൊഴിലിന്റെ എണ്ണത്തിൽ ആ മേഖലയിൽ കുറവുണ്ടാകുന്നു, തൽഫലമായി തൊഴിൽ തേടുന്ന കരുതൽ സേനയുടെ ആപേക്ഷിക വലിപ്പത്തിൽ വർദ്ധന ഉണ്ടാകുന്നു. ഈ വസ്തുത എല്ലാ രാജ്യങ്ങളിലെയും തൊഴിലാളി വർഗ്ഗത്തിന്റെ നിലയെ ദുർബലമാകുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണമാണ് തൊഴിലാളികളുടെ നിലയെ ക്ഷീണിപ്പിക്കുന്ന മൂന്നാമത്തെ ഘടകം. പൊതുമേഖലയിലും സ്വകാര്യമേഖലയിലും നിലനിൽക്കുന്ന തൊഴിലാളികളുടെ സംഘടനാവൽക്കരണത്തിന്റെ വ്യാപ്തി നോക്കിയാൽ വ്യക്തമായും തിരിച്ചറിയാൻ കഴിയുന്ന വസ്തുത പൊതുമേഖലയിലെ തൊഴിലാളികൾ നിശ്ചയമായും കൂടുതൽ സംഘടിതരാണ് എന്നതാണ്. ഉദാഹരണമായി അമേരിക്കയിൽ വിദ്യാഭ്യാസ മേഖല ഉൾപ്പെടെയുള്ള പൊതുമേഖലയിലെ തൊഴിലാളികളിൽ മൂന്നിൽ ഒന്ന് സംഘടിതരായിരിക്കുമ്പോൾ സ്വകാര്യമേഖലയിലെ ഏതാണ്ട് ഏഴു ശതമാനം തൊഴിലാളികൾ മാത്രമാണ് സംഘടിതർ. ഇതിന്റെ അനന്തരഫലം സ്വകാര്യവൽക്കരണത്തിന്റെ സ്വാധീനം തൊഴിലാളികളുടെ സമരശക്തിയെ നിയന്ത്രിച്ച് നിർത്തുന്നു എന്നതാണ്. ഇതാകട്ടെ മൊത്തത്തിൽ സമ്പദ് വ്യവസ്ഥയിൽ തൊഴിലാളികളുടെ സമരശേഷിക്ക് കടിഞ്ഞാണിടുകയും ചെയ്യുന്നു.

ഈ കാരണത്താലാണ് താരതമ്യേന വലിയ പൊതുമേഖല ഇപ്പോഴും നിലനിൽക്കുന്ന ഫ്രാൻസ് ഉജ്ജ്വലമായ തൊഴിലാളി സമരങ്ങൾക്ക് തുടർച്ചയായി സാക്ഷ്യം വഹിക്കുന്നത്. ഉജ്ജ്വലമായ സമരങ്ങളുടെ ചരിത്രമുള്ള ഗണ്യമായ പൊതുമേഖലാ നിലനിന്നിരുന്ന ഇന്ത്യയിൽ ക്രമേണയുള്ള സ്വകാര്യവൽക്കരണം അത്തരം പോരാട്ടങ്ങൾ സംഘടിപ്പിക്കുന്നത് നിസ്സംശയം വൈഷമ്യമേറിയതാക്കിയിട്ടുണ്ട്; അത് സംഘടനാവത്കരണത്തിന്റെ കേന്ദ്ര സ്ഥാനം ചെറുകിട മേഖലയിലേക്ക് മാറുന്നതിലേക്ക് നയിച്ചിട്ടുണ്ട്.

നവലിബറലിസം മൂലധനത്തിന് എതിരായ തൊഴിലാളി വർഗ്ഗത്തിന്റെ പോരാട്ടങ്ങളെ ദുബലപ്പെടുത്തുന്നു എന്ന വസ്തുതയല്ല ശ്രദ്ധ ആകർഷിക്കുന്ന കാര്യം. മറിച്ച് ഇങ്ങിനെ ദുർബലപ്പെടുത്തുന്ന നവലിബറലിസം തൊഴിലാളി മുന്നേറ്റങ്ങളുടെ വേലിയേറ്റത്തിന് ഇപ്പോൾ സാക്ഷ്യം വഹിക്കുന്നു എന്നതാണ്. ബ്രിട്ടനിൽ റെയിൽവേ ജീവനക്കാർ കഴിഞ്ഞ വേനൽ കാലത്ത് നടത്തിയതും കഴിഞ്ഞ നിരവധി ദശകങ്ങളിൽ കണ്ടതായ ഏറ്റവും വലിയ സമരം ഉൾപ്പെടെ, നിരവധി സമരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ഇപ്പോഴും തൊഴിലുടമകൾ നൽകിയ വേതന വർദ്ധനവ് തുലോം കുറവാണെന്ന് പറഞ്ഞ് തള്ളിക്കളയുകയും ഡിസംബറിലും ജനുവരിയിലും കൂടുതൽ സമരങ്ങൾ നടത്തുമെന്ന് മുന്നറിയിപ്പ് നല്കിയിരിക്കുകയുമാണ്. റെയിൽവേ തൊഴിലാളികൾ എങ്ങനെയായാലും ഒറ്റയ്ക്കല്ല. പോസ്റ്റൽ തൊഴിലാളികൾ, നേഴ്സുമാർ, ആംബുലൻസ് തൊഴിലാളികൾ തുടങ്ങിയ മറ്റുള്ളവരും സമരത്തിലോ അതിനുള്ള ഒരുക്കങ്ങളിലോ ആണ്. ഇതിനാലൊക്കെയാണ് ഭരണകക്ഷിയായ കൺസർവേറ്റീവ് പാർട്ടിയുടെ ചെയർമാൻ 'അവശ്യ സർവീസുകൾ' നടത്തിക്കൊണ്ട് പോകുന്നതിന് സൈന്യത്തെ കൊണ്ടുവരുമെന്ന് പ്രസ്താവിച്ചത്. ജർമ്മനിയിലാകട്ടെ തുറമുഖ തൊഴിലാളികൾ, പൊതുഗതാഗത രംഗത്തെ തൊഴിലാളികൾ, വിമാന സുരക്ഷാ ജീവനക്കാർ, നിർമ്മാണ തൊഴിലാളികൾ, റെയിൽവേ തൊഴിലാളികൾ എന്നിവർ എല്ലാം തന്നെ സമരത്തിലോ ഉടനെ സമരം ചെയ്യാൻ പോവുകയോ ആണ്. മറ്റ് യൂറോപ്യൻ രാജ്യങ്ങളിലും സമാനസ്ഥിതിയാണുള്ളത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഇതുവരെയും നവലിബറൽ കാലഘട്ടത്തിന്റെ പ്രത്യേകതയായിരുന്ന

തൊഴിലാളികളുടെ ആപേക്ഷിക നിദ്രാവസ്ഥക്ക് അവസാനമാവുകയാണ്.

ഇത്തരത്തിലുള്ള സമര വേലിയേറ്റങ്ങൾക്കുള്ള സാധാരണ വിശദീകരണമായി പാശ്ചാത്യ മാധ്യമങ്ങൾ ഇതിനെ ബന്ധിപ്പിക്കുന്നത് പണപ്പെരുപ്പവുമായാണ്. പണപ്പെരുപ്പമാകട്ടെ ഉക്രൈൻ യുദ്ധം, കോവിഡ് മൂലം വിതരണശൃംഖലകളിൽ ഉണ്ടായ തടസ്സങ്ങൾ എന്നിങ്ങനെയുള്ള ഘടകങ്ങളാൽ ഉണ്ടായതാണെന്നാണ് വിശ്വസിക്കപ്പെടുന്നത്. ഈ കാര്യങ്ങൾ ആകട്ടെ പൂർണ്ണമായും നവലിബറൽ മുതലാളിത്തത്തിന്റെ പ്രവർത്തങ്ങൾക്ക് പുറത്തുള്ളതെന്ന് കരുത്തപ്പെടുന്നവയുമാണ്.

ഈ വിശദീകരണം പക്ഷെ വ്യക്തമായ രണ്ട് കാരണങ്ങളാൽ അപര്യാപ്തമാണ്: ഒന്ന്, കോവിഡ് പരമ്പരയോ ഉക്രൈൻ യുദ്ധമോ നവലിബറൽ മുതലാളിത്തത്തിന്റെ പ്രവർത്തനങ്ങൾക്ക് പുറത്തുള്ളവയല്ല. ഉക്രൈൻ യുദ്ധത്തെ സംബന്ധിച്ച് ഇക്കാര്യം വ്യക്തമാണ്. യുദ്ധത്തിന്റെ ഉത്ഭവം നവലിബറലിസം തന്നെയും മുറുകെപ്പിടിക്കാൻ ശ്രമിക്കുന്നതായ സാമ്രാജ്യത്വ ഭരണത്തിന്റെ അധീശത്വം നിലനിർത്താനുള്ള ശ്രമങ്ങളിലാണ്. കോവിഡ് പരമ്പരയും നിയോ ലിബറൽ മുതലാളിത്തത്തിന് പുറത്തുള്ളതല്ല. കോവിഡിന്റെ വ്യാപ്തിയും തീവ്രതയും വളരെയധികം കടപ്പെട്ടിരിക്കുന്നത് പാശ്ചാത്യവാക്സിൻ സാങ്കേതിക വിദ്യയ്ക്ക് മേൽ തങ്ങൾക്കുള്ള കുത്തകാവകാശം വിട്ട് കൊടുക്കാനുള്ള മുതലാളിത്തത്തിന്റെ വിമുഖതയോടാണ്. മാത്രമല്ല, ലാൻസെറ്റ് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൽ നിന്ന് വെളിപ്പെടുന്നത് കോവിഡിന്റെ ഉത്ഭവം പരീക്ഷണശാലയിൽ നിന്നാണെന്നാണ്. ഇത് കൊണ്ട് തന്നെ സാമ്രാജ്യത്വ ഭരണത്തിന് വേണ്ടി നടത്തപ്പെടുന്ന സൈന്യവുമായി ബന്ധപ്പെട്ട ഗവേഷണങ്ങളുടെ വീഴ്ചയാകാനുള്ള സാധ്യത ഉണ്ട്.

ഇപ്പോഴത്തെ പണപ്പെരുപ്പം എന്തുകൊണ്ട് നവലിബറൽ മുതലാളിത്തത്തിന് പുറത്തുള്ളതല്ല എന്നതിന്റെ രണ്ടാമത്തെ കാരണം ഇനി പറയുന്നതാണ്. ഒരു പ്രതിസന്ധിയെ മറികടക്കാനുള്ള ശ്രമങ്ങൾ മറ്റൊരു രൂപത്തിലുള്ള പ്രതിസന്ധിയിലേക്ക് നയിക്കുന്നു എന്നത് മുതലാളിത്ത പ്രതിസന്ധിയുടെ ഒരു സവിശേഷതയാണ്. മുതലാളിത്ത സമ്പദ് വ്യവസ്ഥയിൽ ഒട്ടാകെയും ഓരോരോ മുതലാളിത്ത സമ്പദ്വ്യവസ്ഥകളിലും ഉണ്ടായ ഉത്പാദന മിച്ചത്തിന്റെ പങ്കിലുള്ള വർധന കാരണമായി നവലിബറൽ മുതലാളിത്തം രൂപം നൽകിയ അമിതോത്പാദന പ്രവണതയെ മറികടക്കുവാനുള്ള ശ്രമങ്ങൾ *'ക്വാണ്ടിറ്റേറ്റീവ് ഈസിങ്' എന്ന പേരിൽ പലിശ നിരക്കുകൾ പൂജ്യത്തിനോട് അടുപ്പിച്ച് നിർത്തിയും സമ്പദ് വ്യവസ്ഥയിലേക്ക് വലിയ തോതിൽ പണമിറക്കിയും പ്രമുഖ മെട്രോപൊളിറ്റൻ രാജ്യമായ അമേരിക്ക



**തങ്ങളുടെ ജീവിത നിലവാരത്തിന് നേരെയുള്ള ഇത്തരം നേരിട്ടുള്ള കടന്നക്രമണങ്ങൾക്ക് എതിരെയാണ് എല്ലായിടത്തുമുള്ള തൊഴിലാളികൾ ശക്തമായി പ്രതിഷേധിക്കുന്നത്. ഈ കടന്നാക്രമണമാകട്ടെ നവ ലിബറലിസത്തിന്റെ അവസാനത്തിന്റെ സൂചകവുമാണ്.**

വളരെക്കാലമായി നടത്തിക്കൊണ്ടിരിക്കുകയാണ്.

ഇപ്പോൾ മുതലാളിവർഗം ഏത് നടപടി എടുക്കണം എന്ന തീരുമാനിക്കും മുൻപ് അതുമായി ബന്ധപ്പെട്ട അപായ സാദ്ധ്യതകൾ എന്ത് എന്ന് വിലയിരുത്തുകയാണ്. കുറഞ്ഞ പലിശനിരക്കിൽ ലഭിക്കുന്ന വലിയ തോതിലുള്ള പണലഭ്യത തങ്ങളുടെ ലാഭവിഹിതം ഉയർത്തുവാൻ ശ്രമിക്കുന്ന കോർപ്പറേറ്റുകൾക്ക് ഉണ്ടാകാനിടയുള്ള അപകട സാധ്യതയെ വലിയ തോതിൽ ഇല്ലാതാക്കുന്നുണ്ട്. അതുകൊണ്ടാണ് നിലവിലുള്ള പണപ്പെരുപ്പത്തിന് ആക്കം കൂട്ടിക്കൊണ്ട് നിരവധി അമേരിക്കൻ കോർപ്പറേഷനുകൾ കിട്ടിയ ആദ്യ അവസരത്തിൽ തന്നെ തങ്ങളുടെ ലാഭവിഹിതം വർധിപ്പിച്ചിട്ടുള്ളത്. മറ്റു ഘടകകങ്ങളും നിസ്സംശയം ഒരു പങ്ക് വഹിച്ചിട്ടുണ്ട്, എങ്കിലും ഇപ്പോഴത്തെ പണപ്പെരുപ്പത്തിന്റെ അടിസ്ഥാന കാരണം മറന്ന് പൊയ്ക്കൂടാ.

തങ്ങളുടെ ജീവിത നിലവാരത്തിന് നേരെയുള്ള ഇത്തരം നേരിട്ടുള്ള കടന്നക്രമണങ്ങൾക്ക് എതിരെയാണ് എല്ലായിടത്തുമുള്ള തൊഴിലാളികൾ ശക്തമായി പ്രതിഷേധിക്കുന്നത്. ഈ കടന്നാക്രമണമാകട്ടെ നവ ലിബറലിസത്തിന്റെ അവസാനത്തിന്റെ സൂചകവുമാണ്.

(പ്രൊ.പ്രഭാത് പട്നായിക്ക് പീപ്പിൾസ് ഡെമോക്രസിയിൽ എഴുതിയ ലേഖനത്തിന്റെ സ്വതന്ത്ര ഭാഷാന്തരം

***ക്വാണ്ടിറ്റേറ്റീവ് ഈസിങ്:** ഒരു രാജ്യത്തെ കേന്ദ്ര ബാങ്ക് ആ രാജ്യത്ത് നിലവിലുള്ള പലിശ നിരക്ക് നിയന്ത്രിക്കുന്നതിനും സാമ്പത്തിക പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുമായി വലിയ തോതിൽ കടപ്പത്രങ്ങൾ വാങ്ങുന്ന പ്രക്രിയ.

# ഇന്ത്യൻ മതനിരപേക്ഷതയെ വിധ്വംസകമായി കടന്നാക്രമിക്കുന്നു



**രഥയാത്രകളിലൂടെ സാമൂഹ്യ വിഭജനത്തിന്റെയും വെറുപ്പിന്റെയും രാഷ്ട്രീയം പടർത്തി. രാമനും കൃഷ്ണനും ശിവനും ദേശീയപുരുഷന്മാരാണെന്ന് പ്രചരിപ്പിച്ചു. മുസ്ലിങ്ങൾ വിദേശ അക്രമികളെന്ന് വരുത്തുന്ന വിദ്വേഷപ്രചരണത്തിലൂടെ ഹൈന്ദവദേശീയതയുടേതായ അപരത്വനിർമ്മിതി നടത്തികൊണ്ടിരിക്കുന്നു. അയോധ്യയിൽ പള്ളി പൊളിച്ചവർ ഇപ്പോൾ മഥുരയിൽ ഈദ്ഗാഹ് പള്ളി ലക്ഷ്യം വെച്ച് വർഗീയത ഇളക്കി വിടുന്നു. വാരണാസിയിൽ ഗ്യാൻ വാപി മസ്ജിദ് പൊളിച്ച് ശിവന് ക്ഷേത്രം പണിയാൻ നോക്കുന്നു.**



കെ ടി കുഞ്ഞിക്കണ്ണൻ

ഇന്ത്യൻ മതനിരപേക്ഷതയുടെ ചരിത്രത്തെ വിധ്വംസകമായി കടന്നാക്രമിച്ചു കൊണ്ടാണ് ഹിന്ദുത്വ കർസേവകർബാബറി മസ്ജിദ് തകർത്തത്. അങ്ങനെയാണ് സമകാലീന ഇന്ത്യയുടെ ചരിത്രത്തിൽ1992 ഡിസംബർ 6 ഇരുണ്ട ദിനമായത്. ബാബറി മസ്ജിദ് തർക്കഭൂമിയാക്കി കൊണ്ടാണ് ഹിന്ദുത്വാധികാരത്തിനുള്ള ചവിട്ടുപടികൾ തീർത്തത്. ഈ മഹാരാജ്യത്തെ സാമുദായിക ധ്രുവീകരണത്തിന്റെ തീരങ്ങളിലേക്ക് തള്ളിവിട്ടതും. 400 വർഷത്തിലേറെക്കാലം പഴയ ഔധിലെയും അയോധ്യയിലെയും മുസ്ലിങ്ങൾ തലമുറകളായി നിസ്കരിച്ചു പോന്ന ബാബറി മസ്ജിദ് ഹിന്ദുത്വവാദികൾ അന്നത്തെ റാവു സർ

ക്കാറിന്റെ മൗന സമ്മതത്തോടെയും യു പി യിലെ കല്യാൺ സിംഗ് സർക്കാരിന്റെ ഒത്താശയോടെയും തകർക്കുകയായിരുന്നു.

രാജ്യത്തിന്റെ ജനാധിപത്യ നിയമ സംവിധാനങ്ങളെയെല്ലാം നോക്കുകുത്തിയാക്കിയാണവർ ചരിത്രപ്രസിദ്ധമായ മസ്ജിദ് തകർത്ത് കളഞ്ഞത്. ഇന്ത്യയുടെ സമകാലീന ചരിത്രത്തെ സാമുദായിക ധ്രുവീകരണത്തിന്റെ തീരങ്ങളിലേക്ക് തള്ളിവിട്ട പാതകമായിരുന്നു ബാബറി മസ്ജിദിന്റെ തകർച്ചയും തുടർന്നുള്ള സംഭവങ്ങളും... മിത്തുകളെയും ഇതിഹാസപുരുഷന്മാരെയും ചരിത്രവും സാംസ്കാരസംഘർഷത്തിന്റെ പ്രത്യയശാസ്ത്രവുമാക്കിയാണ് ഇന്ത്യൻ ഫാസിസ്റ്റുകൾ ബാബറി മസ്ജിദിന്റെ കുംഭഗോപുരങ്ങൾ തകർത്തത്. അതിനവർ വാല്മികിയുടെ രാമായണത്തെ രാമാനാനന്ദസാഗറിന്റെ ടിവി രാമായണമാക്കി. രാജീവ് ഗാന്ധിയുടെ സർക്കാർ ദൂരദർശനിലൂടെയത് സംപ്രേഷണം ചെയ്ത് ക്ഷാത്രവീര്യമുള്ള രാമനെ പാവം ഇന്ത്യക്കാരുടെ മനസ്സുകളിലേക്കെത്തിച്ചു. രഥയാത്രകളിലൂടെ സാമൂഹ്യ വിഭജനത്തിന്റെയും വെറുപ്പിന്റെയും രാഷ്ട്രീയം പടർത്തി. രാമനും കൃഷ്ണനും ശിവനും ദേശീയപുരുഷന്മാരാണെന്ന് പ്രചരിപ്പിച്ചു. മുസ്ലിങ്ങൾ വിദേശ അക്രമികളെന്ന് വരുത്തുന്ന വിദ്വേഷപ്രചരണത്തിലൂടെ ഹൈന്ദവദേശീയതയുടേതായ അപരത്വനിർമ്മിതി നടത്തികൊണ്ടിരിക്കുന്നു.

1528-ൽ ബാബർ പണിത പള്ളി അയോധ്യയിലെ ജനങ്ങളുടെ മതസൗഹാർദ്ദത്തിന്റെയും മതമൈത്രിയുടെയും പ്രതീകമായിരുന്നു. 1857ലെ ഒന്നാം സ്വാതന്ത്ര്യ സമരം വരെ മസ്ജിദുമായി ബന്ധപ്പെട്ട തർക്കങ്ങളൊന്നും ഉയർന്നു വന്നിരുന്നില്ല. ഒന്നാം സ്വാതന്ത്ര്യ സമരത്തിൽ മുസ്ലിങ്ങളും ഹിന്ദുക്കളുമെല്ലാമടങ്ങുന്ന ജനത ദേശീയ അടിമത്വത്തിനെതിരെ അപ്രതിരോധ്യമായ സമര ശക്തിയായി കൈകോർക്കുന്നത് കണ്ട് പരിഭ്രാന്തരായ ബ്രിട്ടീഷുകാരാണ് ബാബറി മസ്ജിദ് തർക്കഭൂമിയാക്കി മാറ്റാനുള്ള കുത്സിത നീക്കങ്ങൾ ആരംഭിച്ചത്.

ഒന്നാം സ്വാതന്ത്ര്യ സമരത്തിൽ ബ്രിട്ടീഷ് പട്ടാളത്തെ ഞെട്ടിച്ച ദേശാഭിമാന പോരാട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ച അയോധ്യയുടെ മണ്ണിനെ വർഗീയതയുടെയും വിഭജനത്തിന്റെയും പരീക്ഷണ ഭൂമിയാക്കുകയായിരുന്നു. അതിനായി 1813-ൽ ജോൺ ലെയ്ഡൻ ഇംഗ്ലീഷിലാക്കിയ 'ബാബർ നാമ' യെ ഉദ്ധരിച്ച് കൊണ്ട് അന്നത്തെ ലഖ്നൗ റസിഡൻറായിരുന്ന കാർണൽ സ്ലീമാൻ ഫൈസാബാദ് ഗസറ്റിലാണ് ബാബറി മസ്ജിദ് പണിതത് അവിടെയുണ്ടായിരുന്ന രാമക്ഷേത്രം പൊളിച്ചിട്ടായിരിക്കാം എന്ന തോന്നലും ഊഹവും വെച്ച് ലേഖനമെഴുതുന്നത്.

ബ്രിട്ടീഷ് സിവിൽ ഉദ്യോഗസ്ഥർ ചരിത്രത്തിന്റെ വസ്തു നിഷ്ഠ അവലംബമില്ലാത്ത ഊഹങ്ങളും തോന്നലുകളും തട്ടിവിട്ട് ബാബറി മസ്ജിദ് തർക്കവിഷയമാക്കി മാറ്റുകയും അതിന്റെ പേരിൽ അയോധ്യയിലെ ജനങ്ങളിൽ ഭിന്നതയും വിദ്വേഷവും വളർ

**ഭൂരിപക്ഷ സമുദായ ധ്രുവീകരണത്തിനായി ന്യൂനപക്ഷങ്ങൾക്കെതിരെ വിദ്വേഷ കാമ്പയിനുകൾ ശക്തമാക്കുകയാണ് ആർ എസ് എസ്.പത്താൻ സിനിമക്കെതിരെ ഹിന്ദുത്വ വാദികൾ ആൾകൂട്ട സെൻസർഷിപ്പ് അടിച്ചേല്പിക്കുകയാണ്. ദീപിക പദുക്കോണിന്റെ കാവി നിറമുള്ള ബിക്കിനി ധരിച്ചുള്ള ഗാന ചിത്രീകരണരംഗത്തിന്റെ പേരിൽ ഷാരുഖാന്റെ കോലം കത്തിച്ചവരുടെ രാഷ്ട്രീയ അജണ്ട ന്യൂനപക്ഷ വിരുദ്ധത പടർത്തി ഭൂരിപക്ഷ സമുദായ ധ്രുവീകരണമാണ്.**



ത്തുകയുമായിരുന്നു. മുസ്ലിങ്ങൾ നൂറ്റാണ്ടുകളായി ഉപയോഗിച്ച് പോരുന്ന പള്ളിയിലേക്കുള്ള മുഖ്യ കവാടത്തിൽ തന്നെ രാമ ഛത്രബുധ അനുവദിക്കുകയും അതോടെ പരസ്പര ശത്രുതയും സംഘർഷവും വളർത്തിയെടുക്കുകയും ചെയ്യുക എന്ന ആസൂത്രിത നീക്കമാണ് ഫൈസാബാദ് ജില്ലാ ഭരണകൂടം നടത്തിയത്.

ബ്രിട്ടീഷുകാരുടെ ഈ കൗശലം തിരിച്ചറിഞ്ഞ ഫൈസാബാദ് മൗലവിയും ബാബ രാം ചരൺദാസും ഉൾപ്പെടെയുള്ള ഇരു സമുദായങ്ങളിലെയും നേതാക്കൾ ജനങ്ങളെ സമാധാനിപ്പിക്കുകയും ബ്രിട്ടിഷുകാരുടെ ഭിന്നിപ്പിക്കുക ഭരിക്കുകയെന്ന തന്ത്രത്തെ പൊളിക്കുകയും ചെയ്തു. സാമ്രാജ്യത്വവും 1947 ന് ശേഷം ഹിന്ദുത്വാനുകൂല നിലപാട് സ്വീകരിച്ച കോൺഗ്രസുസർക്കാരുകളുമാണ് ബാബറി മസ്ജിദിന്റെ പതനത്തിലേക്കും ഇന്ത്യൻ സമൂഹത്തിന്റെ വർഗീയവൽക്കരണത്തിലേക്കും കാര്യങ്ങളെ കൊണ്ടെത്തിച്ചത്.

അയോധ്യയിൽ പള്ളി പൊളിച്ചവർ ഇപ്പോൾ മഥുരയിൽ ഈദ്ഗാഹ് പള്ളി ലക്ഷ്യം വെച്ച് വർഗീയത ഇളക്കി വിടുന്നു. വാരണാസിയിൽ ഗ്യാൻ വാപി മസ്ജിദ് പൊളിച്ച് ശിവന് ക്ഷേത്രം പണിയാൻ നോക്കുന്നു.

ബാബറി മസ്ജിദ് തർക്കപ്രശ്നമാക്കിയത് ബ്രിട്ടീഷുകാർ, തർക്കഭൂമിയാണെന്ന് പറഞ്ഞ് പള്ളി അടച്ചു പൂട്ടിയത് യുപിയിലെ കോൺഗ്രസ് സർക്കാർ, 1986 ൽ അടച്ചു പൂട്ടിയ പള്ളി ഹിന്ദുക്കൾക്ക് തുറന്നു കൊടുത്തത് യുപിയിലെ എൻ ഡി തിവാരി സർക്കാർ, 1989ൽ പള്ളി നിന്ന സ്ഥലത്ത് ക്ഷേത്രത്തിന് ശിലാന്യാസം അനുവദിച്ചത് രാജീവ് ഗാന്ധി സർക്കാർ,

1992 ഡിസംബർ 6 ന് കർസേവകർ പള്ളി പൊളിക്കുമ്പോൾ രാജ്യം ഭരിക്കുന്നത് റാവു സർക്കാർ... അന്ന് രാജ്യത്തിന് റാവു നൽകിയ ഉറപ്പ് പള്ളി നിലനിന്ന സ്ഥലത്ത് പള്ളി പണിത കൊടുക്കുമെന്നാണ്. ഇപ്പോൾ കോടതി വിധിയെ അവസരമാക്കി പള്ളി തകർത്ത സ്ഥാനത്ത് മോഡി ക്ഷേത്രം പണിയുന്നു. മുഖ്യ പ്രതിപക്ഷമായ കോൺഗ്രസ് ബി ജെ പിയുടെ ഹിന്ദുത്വ അജണ്ടയിൽ നിന്ന് ഭൂരിപക്ഷ വോട്ടുകൾ നേടാമൊയെന്ന പരീക്ഷണത്തിലാണ്. ബിജെപിയുടെ ഹിന്ദുത്വത്തെ മൃദു ഹിന്ദുത്വം കൊണ്ട് പരാജയപ്പെടുത്തി അധികാരം പിടിക്കാമെന്ന വ്യാമോഹത്തിലാണ് രാഹുൽ ഗാന്ധി. അതിനായി സന്യാസിമഠങ്ങളും നഗ്നസന്യാസി സന്നിധികളും കയറിയിറങ്ങുന്നു. കാവിയും രുദ്രാഷവും ധരിക്കുന്നു. ശരീരമാകെ ഭസ്മവും കുങ്കുമവും വാരിപൂശുന്നു. ജോഡോ യാത്രയിൽ ആൾദൈവങ്ങളെ വരെ കൂടെ കൂട്ടുന്നു. തങ്ങൾക്ക് ലഭ്യമായ ദേശീയാധികാരം ഉപയോഗിച്ച് ന്യൂനപക്ഷങ്ങൾക്കും വിമർശകർക്കും വിയോജിക്കുന്നവർക്കുമെതിരെ ഭീകരത അഴിച്ചുവിടുകയാണ് ഹിന്ദുത്വ വാദികൾ. ബാബറി മസ്ജിദിന്റെ തകർച്ചയുടെ വാർഷിക സ്മരണകൾ കടന്നു പോകുന്ന ഡിസംബറിൽ രാജ്യമെമ്പാടും ന്യൂനപക്ഷങ്ങൾക്ക് നേരെ ആക്രമണങ്ങൾ തീവ്രഗതിയിലാക്കുകയായിരുന്നു ബിജെപി സർക്കാറും സംഘപരിവാർ ക്രിമിനലുകളും.

ഛത്തീസ്ഗഢിൽ മാത്രം ഡിസംബർ മാസത്തിൽ 100 ഓളം ആക്രമണങ്ങളാണ് ക്രിസ്ത്യൻ മതവിശ്വാസികൾക്കും ആരാധനാലയങ്ങൾക്കും നേരെ നടന്നത്. പള്ളികളും ക്രിസ്തുവിന്റെ പ്രതിമകളും അടിച്ചു തകർത്തു.നാരായൺപൂരിലെ വിശ്വദീപ്തി ഹൈസ്കൂളിനടുത്തുള്ള കത്തോലിക്കാ പള്ളി തീവ്രഹിന്ദുത്വ സംഘടനകൾ മതപരിവർത്തന മാരോപിച്ച് അടിച്ചു തകർക്കുകയായിരുന്നു. ഗൊര ഗ്രാമത്തിലെ ക്രിസ്ത്യൻ വിശ്വാസികളായവരെ തെരഞ്ഞ് പിടിച്ച് ആക്രമിച്ചു.നാരായൺപൂരിലും കൊണ്ട് ഗാവ ജില്ലകളിലും ഒക്ടോബർ അവസാനമാരംഭിച്ച ക്രിസ്ത്യൻ വേട്ട തുടരുകയാണ്.പോലീസ് നിഷ്ക്രിയമാണെന്നാണ് അവിടെ നിന്ന് വരുന്ന റിപ്പോർട്ടുകൾ. കൂട്ടത്തോടെ ക്രിസ്ത്യൻ മതവിശ്വാസികൾ പലായനം ചെയ്യുന്ന അവസ്ഥയുണ്ടായിട്ടും ഭരണകൂടം ഹിന്ദുത്വ വാദികളെ തടയുന്നില്ല. ഭരണകൂടം തന്നെ ന്യൂനപക്ഷവേട്ടക്ക് സൗകര്യമൊരുക്കി കൊടുക്കുന്ന ഭീകരമായൊരു അവസ്ഥയാണ്.

യുപിയിലും മധ്യപ്രദേശിലും കർണ്ണാടകയിലുമെല്ലാം ക്രിസ്മസ്കരോളുകൾ പോലും ആർ എസ് എസ് വി എച്ച് വിപ്രവർത്തകർ തടയുകയും അതിൽ പങ്കെടുത്തവരെ മർദ്ദിക്കുകയും ചെയ്തു. ഉത്തരഖണ്ഡിൽ 4500 ഓളം കുടുംബങ്ങളെ അവർ താമസിക്കുന്ന ഇടങ്ങളിൽ നിന്ന് കുടിയൊഴിപ്പിക്കുന്നു. സർക്കാർ ഭൂമി കയ്യേറിയെന്ന് പറഞ്ഞ് മുസ്ലിങ്ങളായ കുടുംബങ്ങളെ ഒഴിപ്പിക്കുന്നതിനെതിരെ നൈനിറ്റാളിൽ സ്ത്രീകൾ തെരുവിലിറങ്ങി പ്രതിഷേധിക്കുന്ന വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്.

ഭൂരിപക്ഷ സമുദായ ധ്രുവീകരണത്തിനായി ന്യൂനപക്ഷങ്ങൾക്കെതിരെ വിദ്വേഷ കാമ്പയിനുകൾ ശക്തമാക്കുകയാണ് ആർ എസ് എസ്. പത്താൻ സിനിമക്കെതിരെ ഹിന്ദുത്വ വാദികൾ ആൾകൂട്ട സെൻസർഷിപ്പ് അടിച്ചേല്പിക്കുകയാണ്. ദീപിക പദുക്കോണിന്റെ കാവി നിറമുള്ള ബിക്കിനി ധരിച്ചുള്ള ഗാന ചിത്രീകരണരംഗത്തിന്റെ പേരിൽ ഷാരുഖാന്റെ കോലം കത്തിച്ചവരുടെ രാഷട്രീയ അജണ്ട ന്യൂനപക്ഷ വിരുദ്ധത പടർത്തി ഭൂരിപക്ഷ സമുദായ ധ്രുവീകരണമാണ്.●

# മഹാരാഷ്ട്ര വൈദ്യുതി സമരവിജയം

## സ്വകാര്യവൽക്കരണനയത്തിന് ഏറ്റ തിരിച്ചടി




**കർഷക സമര വിജയത്തിന് പിന്നാലെ വൈദ്യുതി സ്വകാര്യവൽക്കരണ നടപടികൾക്കെതിരെ തൊഴിലാളികൾ നേടിയ മഹാരാഷ്ട്ര വൈദ്യുതി സമരവിജയം മോദിയുടെ സ്വകാര്യവൽക്കരണ നയത്തിനേറ്റ ശക്തമായ അടിയാണ്. കഴുകൻ കണ്ണുകളുമായി ഇന്ത്യൻ വൈദ്യുതി മേഖലയ്ക്കുമീതെ കോർപ്പറേറ്റുകൾ വട്ടമിട്ട്പറക്കാൻതുടങ്ങിയിട്ട് പതിറ്റാണ്ടുകളായി. വലിയ മുതൽമുടക്കില്ലാതെ കോർപ്പറേറ്റുകൾക്ക് കൊള്ള ലാഭം നേടാൻകഴിയുന്ന മേഖലയാണ് വൈദ്യുതി.**



എസ്.ഹരിലാൽ

കഴുകൻ കണ്ണുകളുമായി ഇന്ത്യൻ വൈദ്യുതി മേഖലയ്ക്കുമീതെ കോർപ്പറേറ്റുകൾ വട്ടമിട്ട്പറക്കാൻതുടങ്ങിയിട്ട് പതിറ്റാണ്ടുകളായി. വലിയ മുതൽമുടക്കില്ലാതെ കോർപ്പറേറ്റുകൾക്ക് കൊള്ള ലാഭം നേടാൻ കഴിയുന്ന മേഖലയാണ് വൈദ്യുതി. വൈദ്യുതി രംഗം കയ്യടക്കാൻ കാലാകാലങ്ങളിൽ ഭരണത്തിലിരുന്ന കേന്ദ്രസംസ്ഥാന ഭരണകൂടങ്ങളെ ഉപയോഗപ്പെടുത്തി നിയമഭേദഗതികളിലൂടെയും വിജ്ഞാപനങ്ങളിലൂടെയും നിരന്തര ശ്രമങ്ങളാണ് ഇക്കൂട്ടർ




**തൊഴിലാളി വർഗ്ഗ ഐക്യത്തിന്റെയും യോജിച്ച പോരാട്ടത്തിന്റെയും വിജയമാണ് മഹാരാഷ്ട്രയിലെ വൈദ്യുതിതൊഴിലാളി പ്രക്ഷോഭം. ചർച്ചയ്ക്ക് തയ്യാറാകാതിരുന്ന ഭരണാധികാരികളെ ചർച്ചയിലേക്കും തൊഴിലാളികൾക്കനുകൂലമായ ഒത്തുതീർപ്പ് വ്യവസ്ഥയിലേക്കും എത്തിക്കുവാൻ ഐക്യസമരത്തിലൂടെ സാധ്യമായി. ഐക്യ പ്രക്ഷോഭത്തിലൂടെ മാത്രമേ തൊഴിലാളി വർഗ്ഗതാൽപര്യങ്ങൾ സംരക്ഷിക്കുവാൻ കഴിയൂ എന്ന അനുഭവപാഠമാണ് മഹാരാഷ്ട്ര സമരവിജയം നൽകുന്നത്.**

നടത്തുന്നത്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് മഹാരാഷ്ട്രയിൽ കണ്ടത്.

മഹാരാഷ്ട്രയിൽ പഴയ മുംബൈ നഗരം ഒഴികെ വൈദ്യുതി വിതരണം നടത്തുന്നത് പൊതുമേഖലാ വിതരണ കമ്പനിയായ മഹാവിതരൺ കമ്പനിയാണ്. റിലയൻസിന്റെ ഉടമസ്ഥതയിലുള്ള ബി.എസ്.ഇ.എസ്, ടാറ്റാപവർ, അദാനി ഇലക്ട്രിക്കൽ പവർ മുംബൈ ലിമിറ്റഡ് എന്നീ കമ്പനികളാണ് പഴയ മുംബൈ നഗരത്തിൽ വൈദ്യുതി വിതരണം നടത്തുന്നത്. മൂന്ന് കോടി ഉപഭോക്താക്കൾ ഉള്ളതും ക്രോസ് സബ്സിഡി, കാർഷിക സബ്സിഡി തുടങ്ങിയ ഇളവുകൾ നൽകുന്ന പൊതുമേഖലാ വിതരണ കമ്പനിയെക്കാൾ ഉയർന്ന നിരക്കാണ് ഒരു സബ്സിഡിയും നൽകാത്ത സ്വകാര്യ കമ്പനി ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നത്.

പൊതുമേഖലാ കമ്പനിയുടെ കീഴിൽ വരുന്ന ഭാഗങ്ങളായ നവിമുംബൈ, താനെ, പനവേൽ, ഖാർഗർ, തലോജ, മുളുണ്ട്, ഭാണ്ഡുപ്പ്, ഉറാൻ തുടങ്ങിയ 40% ന് അടുത്ത് വരുന്ന വിതരണ മേഖലയിൽ വിതരണാവകാശം നേടിയെടുക്കാനാണ് ഗൗതം അദാനിയുടെ നേതൃത്വത്തിൽ മഹാരാഷ്ട്ര സ്റ്റേറ്റ് റെഗുലേറ്ററി കമ്മീഷനിൽ അപേക്ഷ സമർപ്പിച്ച് അദാനി ഇലക്ട്രിക്കൽ പവർ ലിമിറ്റഡ് ശ്രമിച്ചത്. ഈ വാർത്ത പുറത്തു വന്നയുടൻ മഹാരാഷ്ട്രയിലെ സംഘടനകൾ സമാന്തര ലൈസൻസ് കൊടുക്കുന്നതിനെ തിരെ പ്രക്ഷോഭവുമായി രംഗത്ത് വന്നു. മഹാവിതരൺ കമ്പനിയുടെ വരവിന്റെ 50 ശതമാനം റവന്യൂവും വരുന്നത് ഈ മേഖലയിൽ നിന്നാണ്. കൂടാതെ ക്രോസ് സബ്സിഡിയ്ക്ക് വകയിരുത്താൻ കഴിയുന്ന 2500(രണ്ടായിരത്തി അഞ്ഞൂറ്) കോടിയുടെ വരവും വ്യവസായ വ്യാപാര മേഖലയായ ഈ ഭാഗങ്ങളിൽ നിന്നാണ്. അതിനാൽ തന്നെ യാതൊരു വിട്ടുവീഴ്ച്ചയ്ക്കും തയ്യാറാകാതെ ജീവൻമരണ പോരാട്ടത്തിലേക്ക് തൊഴിലാളികളും എഞ്ചിനീയർമാരും ഒഴുകി എത്തുകയായിരുന്നു.

ഡിസംബർ 12ന് സെക്ഷൻ ഓഫീസ് ലെവൽ പ്രതിഷേധം നടത്തി. ഡിസംബർ 14 ന് മുഖ്യമന്ത്രിയും വൈദ്യുതി മന്ത്രിയും ഇടപെടുന്നതിനായി നിവേദനം നൽകി. ഡിസംബർ 19 മുതൽ കമ്പനി മാനേജ്മെന്റ് വിളിക്കുന്ന യോഗങ്ങൾ ബഹിഷ്കരിക്കാൻ തീരുമാനിച്ചു. ഡിസംബർ 23ന് മഹാരാഷ്ട്ര നിയമസഭയിലേക്ക് 35,000 തൊഴിലാളികളും ഓഫീസർമാരും മാർച്ച് നടത്തി. ആദ്യഘട്ടത്തിൽ സർക്കാരല്ല സമാന്തര ലൈസൻസ് കൊടുക്കാൻ ശ്രമിക്കുന്നത് എന്നും 2003 നിയമം അനുസരിച്ച് സമാന്തര ലൈസൻസ് കൊടുക്കാൻ റെഗുലേറ്ററി കമ്മീഷന് അധികാരം ഉണ്ടെന്നും സർക്കാരിന് ഒന്നും ഈ വിഷയത്തിൽ ചെയ്യാൻ ഇല്ലെന്നും പറഞ്ഞ് പ്രതിഷേധത്തെ അവഗണിക്കുകയാണ് ചെയ്തത്. 2003 വൈദ്യുത നിയമത്തിൽ സ്വന്തമായി വിതരണ ശൃംഖലയുള്ളവർക്കേ സമാന്തര ലൈസൻസിന് അപേക്ഷ കൊടുക്കാൻ കഴിയൂ എന്നാണ് വ്യവസ്ഥ. അദാനിക്ക് വിതരണ ശൃംഖല സ്വന്തമായി ഇല്ലാതിരുന്നിട്ടും അപേക്ഷ, കമ്മീഷൻ സ്വീകരിക്കുകയും തുടർ നടപടികളിലേക്ക് കടക്കുകയുമായിരുന്നു. സംസ്ഥാന താൽപര്യം മുൻനിർത്തി നയപരമായ തീരുമാനം എന്ന നിലയിൽ കമ്മീഷൻ എടുക്കുന്ന തീരുമാനത്തെ ഓവർ റൂൾ ചെയ്യാം എന്നിരിക്കെ അദാനിക്ക് വേണ്ടി വിടുപണി ചെയ്യുന്ന സമീപനമാണ് മഹാരാഷ്ട്ര സർക്കാർ സ്വീകരിച്ചത്.

സർക്കാർ അദാനിക്കൊപ്പം ആണെന്ന് തിരിച്ചറിഞ്ഞ്, വ്യവസായത്തിലെ ബി.എം.എസ് ഒഴികെയുള്ള 31 സംഘടനകൾ യോഗം ചേർന്ന് സംഘർഷ സമിതി എന്ന പൊതു പ്ലാറ്റ്ഫോം രൂപപ്പെടുത്തുകയും ജനുവരി 3 രാത്രി 12 മണി മുതൽ 6ാം തീയതി രാത്രി 12 മണി വരെ 72 മണിക്കൂർ പണിമുടക്കം പ്രഖ്യാപിച്ചു. 86,000 തൊഴിലാളികളും ഓഫീസർമാരും 40,000 കരാർ തൊഴിലാളികളും ഒരേ മനസ്സോടെ പണിമുടക്കി. പണിമുടക്ക് തുടങ്ങി മണിക്കൂറുകൾക്കകം നവി മുംബൈയിൽ അടക്കം വൈദ്യുതി തടസ്സം നേരിട്ടു. സമരക്കാ

രെ നേരിടാൻ എസ്മ അടക്കമുള്ള കരി നിയമം പ്രഖ്യാപിക്കുകയും അയൽ സംസ്ഥാനങ്ങളിൽ നിന്നും ജീവനക്കാരെയും എഞ്ചിനീയർമാരെയും എത്തിക്കാനും സർക്കാർ ശ്രമിച്ചു.

സമരക്കാരെ നേരിടാൻ ജനങ്ങളോട് സംഘ പരിവാർ സംഘടനകൾ സോഷ്യൽ മീഡിയ വഴി ആഹ്വാനം നൽകിക്കൊണ്ടിരുന്നു. 2005 ജൂലൈ 26, 27 തീയതികളിൽ 1,094 പേരുടെ ജീവൻ എടുക്കുകയും വൈദ്യുത വിതരണ ശൃംഖലയാകെ തകർത്തെറിയുകയും ചെയ്ത മഹാരാഷ്ട്ര നേരിട്ട മഹാപ്രളയകാലത്ത് ജനങ്ങൾ പൊതുമേഖലയുടെയും സ്വകാര്യമേഖലയുടെയും വ്യത്യാസം അനുഭവിച്ചറിഞ്ഞവരാണ്. പൊതുമേഖല വിതരണ കമ്പനിയായ 'മഹാവിതരൺ'ന്റെ മേഖലയിൽ പ്രളയജലം ഇറങ്ങിത്തുടങ്ങി 24 മണിക്കൂറിനകം തകർന്ന ലൈനുകൾ നിർമ്മിച്ച് സപ്ലൈ വിതരണം ആരംഭിച്ചു. എന്നാൽ റിലയൻസും, ടാറ്റയും, അദാനിയും നടത്തുന്ന പഴയ മുംബൈ അടക്കമുള്ള പ്രദേശം ആഴ്ചകളോളം ഇരുട്ടിൽ തന്നെ കിടന്നു. തകർന്ന ലൈനുകൾ നന്നാക്കുന്നതിനുള്ള ഉപകരണങ്ങളുടെ കരുതൽ ശേഖരം കോർപ്പറേറ്റുകൾക്കുണ്ടായിരുന്നില്ല. മാത്രമല്ല തകർന്ന ലൈനുകൾ നന്നാക്കണമെങ്കിൽ സർക്കാർ പണം നൽകണമെന്ന് വിലപേശുകയും വലിയ ജനകീയ പ്രതിഷേധത്തിന് ഇടയാക്കുകയും ചെയ്ത അനുഭവമുള്ള മഹാരാഷ്ട്ര ജനത മനസ്സാൽ സമരത്തെ പിന്തുണച്ചു. ഐതിഹാസിക കർഷക സമരത്തിന്റെ (ലോംഗ് മാർച്ച്) വിളനിലമായ മഹാരാഷ്ട്ര കർഷക ജനത വൈദ്യുതി സമരത്തെ പിന്തുണച്ച് രംഗത്ത് വന്നു. ഓരോ മണിക്കൂർ കഴിയുമ്പോഴും സമരം ശക്തിപ്പെടുകയും പിന്തുണയേറുകയും ചെയ്യുന്നത് തിരിച്ചറിഞ്ഞ് ഗത്യന്തരമില്ലാതെ ഉപമുഖ്യമന്ത്രിയും വൈദ്യുതമന്ത്രിയുമായ ദേവേന്ദ്ര ഫട്നാവിസ് സമരക്കാരെ ചർച്ചയ്ക്ക് വിളിച്ചു.

04-01-2023 ഉച്ചയ്ക്ക് 2 മണിക്ക് സംഘടനാ പ്രതിനിധികളുമായി വൈദ്യുതി മന്ത്രി നടത്തിയ ചർച്ച മണിക്കൂറുകൾ നീണ്ടുനിന്നു. വാക്കാൽ ഉറപ്പിന് പകരം രേഖാമൂലം എഴുതി തയ്യാറാക്കുന്ന ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരമേ സമരം അവസാനിപ്പിക്കൂ എന്ന് സംഘടനകൾ നിലപാടെടുത്തു. സമരസംഘടനകളുടെ അചഞ്ചലമായ നിലപാടിനു മുന്നിൽ ബി.ജെ.പി.ശിവസേന(ഷിന്റെ) വിഭാഗം സർക്കാർ മുട്ടുകുത്തി.

## ഒത്തുതീർപ്പ് വ്യവസ്ഥകൾ

1. ഉൽപ്പാദനം, പ്രസരണം, വിതരണ പൊതുമേഖല കമ്പനികളിൽ സ്വകാര്യവൽക്കരണ നടപടികൾ ഒന്നും സ്വീകരിക്കില്ല.
2. മഹാവിതരൺ കമ്പനിയുടെ മേഖലകളിൽ സ്വകാര്യ കമ്പനികൾക്ക് സമാന്തര ലൈസൻസ് കൊടുക്കില്ല.
3. സ്റ്റേറ്റ് റഗുലേറ്ററി കമ്മീഷന്റെ സമാന്തര വിതരണ ലൈസൻസ് കൊടുക്കാൻ തീരുമാനിച്ചാൽ പൊതുമേഖലാ വിതരണ കമ്പനിയും സർക്കാരും എതിർക്കും.
4. പൊതുമേഖല വൈദ്യുത കമ്പനികളെ ശക്തിപ്പെടുത്താൻ 55,000 കോടിയുടെ പാക്കേജ് നടപ്പിലാക്കും.
5. പൊതുമേഖല കമ്പനികളിൽ കരാർവൽക്കരണവും, ഫ്രാഞ്ചൈസിവൽക്കരണവും അവസാനിപ്പിക്കും.
6. കരാർ തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ പാക്കേജ് നടപ്പിലാക്കും.
7. മൂന്ന് പൊതുമേഖലാ കമ്പനികളിലെയും വരുംകാല ഒഴിവുകളിൽ കരാർ തൊഴിലാളികൾക്ക് നിശ്ചിത ശതമാനം സംവരണം ഉറപ്പാക്കാൻ നയം രൂപീകരിക്കും.
8. സ്വകാര്യ മുതലാളിമാർക്ക് ജലവൈദ്യുത പദ്ധതികളുടെ ഉത്പാദന രംഗം തുറന്നുകൊടുക്കില്ല.
9. സമരക്കാരുടെ മേൽ ചുമത്തപ്പെട്ട മുഴുവൻ കേസുകളും നിരുപാധികമായി പിൻവലിക്കും.

കർഷക സമര വിജയത്തിന് പിന്നാലെ വൈദ്യുതി സ്വകാര്യവൽക്കരണ നടപടികൾക്കെതിരെ തൊഴിലാളികൾ നേടിയ സമരവിജയം മോദിയുടെ സ്വകാര്യവൽക്കരണ നയത്തിനേറ്റ ശക്തമായ അടിയാണ്. തൊഴിലാളികൾ ഒരേ മനസ്സോടെ തൊഴിലും തൊഴിലിടവും സംരക്ഷിക്കാൻ എല്ലാം മറന്ന് പോരാട്ടത്തിന് ഇറങ്ങിയാൽ ജനവിരുദ്ധ തൊഴിലാളി വിരുദ്ധ ഭരണകൂടങ്ങളെ തൂത്തെറിയാൻ കഴിയുമെന്ന സന്ദേശമാണ് മഹാരാഷ്ട്ര സമരവിജയം നൽകുന്നത്. ജമ്മു കാശ്മീരിലും, ചണ്ഡിഗഢിലും, പോണ്ടിച്ചേരിയിലും വൈദ്യുത തൊഴിലാളികൾ ഇത് തെളിയിച്ചതാണ്. തൊഴിലാളി വർഗ്ഗ ഐക്യത്തിന്റെയും യോജിച്ച പോരാട്ടത്തിന്റെയും വിജയമാണ് മഹാരാഷ്ട്രയിലെ വൈദ്യുതിതൊഴിലാളി പ്രക്ഷോഭം. ചർച്ചയ്ക്ക് തയ്യാറാകാതിരുന്ന ഭരണാധികാരികളെ ചർച്ചയിലേക്കും തൊഴിലാളികൾക്കനുകൂലമായ ഒത്തുതീർപ്പ് വ്യവസ്ഥയിലേക്കും എത്തിക്കുവാൻ ഐക്യസമരത്തിലൂടെ സാധ്യമായി. ഐക്യ പ്രക്ഷോഭത്തിലൂടെ മാത്രമേ തൊഴിലാളി വർഗ്ഗതാൽപര്യങ്ങൾ സംരക്ഷിക്കുവാൻ കഴിയൂ എന്ന അനുഭവപാഠമാണ് മഹാരാഷ്ട്ര സമരവിജയം നൽകുന്നത്. ഈ സമര വിജയത്തിൽ നിന്നും പാഠം ഉൾക്കൊണ്ട് ഊർജ്ജകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ പരിഗണനയിലിരിക്കുന്ന 2022 വൈദ്യുത നിയമം കേന്ദ്രസർക്കാർ പിൻവലിക്കും എന്ന് പ്രതീക്ഷിക്കാം. അല്ലാത്തപക്ഷം മഹാരാഷ്ട്ര സമര രൂപം ഇന്ത്യയിലാകെ അലയടിച്ചുയരും എന്ന കാര്യത്തിൽ ഒരു സംശയം വേണ്ടതില്ല.●



ജോസ് ടി എബ്രഹാം

# ഉക്രൈൻ യുദ്ധം: പ്രത്യാഘാതങ്ങൾ

**റഷ്യ ഉക്രൈൻ യുദ്ധം പത്തുമാസം പിന്നിടുമ്പോഴും തുടരുകയാണ്. കോവിഡ് മഹാമാരി ഏതാണ്ട് അവസാനിക്കാറായപ്പോൾ തുടങ്ങിയ റഷ്യ -ഉക്രൈൻ സംഘർഷം ലോകത്തെ ഭൗമ രാഷ്ട്രീയ ബന്ധങ്ങളിലും സാമ്പത്തിക രംഗത്തും സാമൂഹ്യരംഗത്തുമെല്ലാം വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. അമേരിക്കയുടെ നേതൃത്വത്തിൽ സാമ്രാജ്യത്വ രാജ്യങ്ങൾ നടത്തുന്ന കടന്നുകയറ്റങ്ങളാണ് ലോകത്ത് നടക്കുന്ന മിക്ക യുദ്ധങ്ങളുടെയും അടിസ്ഥാന കാരണം. ഉക്രൈൻ യുദ്ധത്തിന്റെയും വേരുകൾ തേടി പോയാൽ കാണാൻ കഴിയുന്നതും ഈ സാമ്രാജ്യത്വ താൽപര്യങ്ങളാണ്.**

നാറ്റോ വ്യാപനം ചെറുക്കാൻ റഷ്യ ഉക്രൈനെ ആക്രമിച്ചത് 2022 ഫെബ്രുവരി 24 നാണ്. റഷ്യ ഉക്രൈൻ സംഘർഷം ആരംഭിക്കുമ്പോൾ ലോകത്ത് പൊതുവേ ഉണ്ടായിരുന്ന ഒരു ധാരണ സംഘർഷം താമസിയാതെ അവസാനിക്കും എന്നായിരുന്നു. എന്നാൽ പത്തുമാസം പിന്നിടുമ്പോഴും യുദ്ധം തുടരുകയാണ്. കോവിഡ് മഹാമാരി ഏതാണ്ട് അവസാനിക്കാറായപ്പോൾ തുടങ്ങിയ റഷ്യ ഉക്രൈൻ സംഘർഷം ലോകത്തെ ഭൗമ രാഷ്ട്രീയ ബന്ധങ്ങളിലും സാമ്പത്തിക രംഗത്തും സാമൂഹ്യരംഗത്തുമെല്ലാം വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്.

കഴിഞ്ഞ ഒരു നൂറ്റാണ്ട് എടുത്താൽ ഒന്നാം ലോക യുദ്ധം രണ്ടാം ലോകയുദ്ധം 1971 ലെ എണ്ണ വില വർദ്ധന തുടർന്ന് ലോക സാമ്പത്തിക രംഗത്ത് ഉണ്ടായ മാറ്റങ്ങൾ സോവിയറ്റ് യൂണിയൻറെ തകർച്ച 2008 ലെ സാമ്പത്തിക മാന്ദ്യം തുടങ്ങിയവ പോലെ തന്നെ ലോക രാഷ്ട്രീയ സാമ്പത്തിക രംഗത്തെ അടിമുടി ഉലച്ച ഒരു സംഭവമായി മാറിയിരിക്കുകയാണ് റഷ്യ ഉക്രൈൻ യുദ്ധവും. ഈ യുദ്ധത്തിന്റെ നാനാതരം പ്രത്യാഘാതങ്ങൾ ഇനിയും ഉരുത്തിരിഞ്ഞു വരേണ്ടതാണ്.

സോവിയറ്റ് യൂണിയൻറെ തകർച്ചയോടെ ലോക രാഷ്ട്രീയത്തിൽ അമേരിക്ക പൂർണ്ണ ആധിപത്യം നേടിയ സ്ഥിതിയായിരുന്നു. സോഷ്യലിസം ഉപേക്ഷിച്ചതോടെ റഷ്യയും അമേരിക്കയും ആയി നടന്നുവന്ന ശീതയുദ്ധം ഏതാണ്ട് അവസാനിച്ചു. എന്നുമാത്രമല്ല റഷ്യയും അമേരിക്കയും പരസ്പരം സഹകരിക്കുന്ന സ്ഥിതിയും സംജാതമായി. ഈ നില അധികകാലം തുടർന്നില്ല. പല വിഷയങ്ങളിലും അവർ തമ്മിൽ സംഘർഷങ്ങൾ ഉടലെടുക്കാനും തുടങ്ങി. നാറ്റോയുടെ വ്യാപനം റഷ്യയെ അസ്വസ്ഥമാക്കി കൊണ്ടിരിക്കുന്നു.

രണ്ടാം ലോക യുദ്ധത്തിനുശേഷം അമേരിക്കയുടെ നേതൃത്വത്തിൽ 1949 -ൽ രൂപീകരിച്ച സൈനിക സഖ്യമാണ് നോർത്ത് അറ്റ്ലാന്റിക് ട്രീറ്റി ഓർഗനൈസേഷൻ (NATO) സോവിയറ്റ് യൂണിയനെ നേരിടുക സോഷ്യലിസത്തിന്റെ വളർച്ച തടയുക



**റഷ്യ ഉക്രൈൻ യുദ്ധത്തിന്റെ ഫലമായി ലോകമാകെ ഊർജ്ജ വിലക്കയറ്റം, ഭക്ഷ്യ വിലക്കയറ്റം എന്നിവ വർദ്ധിച്ചു. അതു നേരിടാൻ ബാങ്കുകൾ പലിശ നിരക്ക് ഉയർത്തുക, പലിശ നിരക്ക് ഉയർത്തുന്നതു മൂലം നിക്ഷേപം കുറയുക തുടങ്ങി നാനാതരത്തിലുള്ള സാമ്പത്തിക പ്രത്യാഘാതങ്ങളും സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ അവസ്ഥയെ പല സാമ്പത്തിക വിദഗ്ധരും താരതമ്യപ്പെടുത്തുന്നത് 1970കളിലെ എണ്ണ വില വർദ്ധനവും തുടർന്നുവന്ന പ്രതിസന്ധിയുമായാണ്**

തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് നാറ്റോ രൂപീകരിച്ചത്. അമേരിക്ക കാനഡ യുകെ ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളാണ് പ്രമുഖ അംഗങ്ങൾ. 12 രാജ്യങ്ങളാണ് ആദ്യം നാറ്റോയിൽ ഉണ്ടായിരുന്നത്. 1991 ൽ സോവിയറ്റ് യൂണിയൻ തകർന്നു. പിന്നീട് കിഴക്കൻ യൂറോപ്പിലെ സോഷ്യലിസ്റ്റ് രാജ്യങ്ങൾ സോഷ്യലിസം ഉപേക്ഷിക്കുന്ന സ്ഥിതിയുണ്ടായി. അതോടെ പോളണ്ട് റൊമേനിയ ലിത്വാനിയ തുടങ്ങിയ രാജ്യങ്ങളെ ഉൾപ്പെടുത്തി സഖ്യം വികസിപ്പിച്ചു. ഇപ്പോൾ 30 ഓളം രാജ്യങ്ങളുണ്ട് നാറ്റോയിൽ. അവസാനം റഷ്യയുമായി അതിർത്തി പങ്കിടുന്ന ഉക്രൈനെയും നാറ്റോയിൽ ചേർക്കാൻ നീക്കം നടന്നതാണ് റഷ്യയെ പ്രകോപിപ്പിച്ചത്. ഉക്രൈൻ യൂറോപ്പിലെ രണ്ടാമത്തെ വലിയ രാജ്യമാണ്. റഷ്യയിൽ നിന്നും യൂറോപ്പിലേക്കുള്ള ഗ്യാസ് പൈപ്പ് ലൈനുകൾ കടന്നു പോകുന്നത് ഉക്രൈനിലൂടെയാണ്. ബ്ലാക്ക് സീ ഉക്രൈനോട് ചേർന്നാണ് കിടക്കുന്നത്. ഇത്തരത്തിൽ ഭൂമിശാസ്ത്രപരമായി യൂറോപ്പിൽ ഉക്രൈന് തന്ത്ര പ്രധാന സ്ഥാനമുണ്ട്. ഉക്രൈനെ നാറ്റോയിൽ ചേർത്ത് നിയന്ത്രണത്തിൽ ആക്കിയാൽ റഷ്യയെ ഭീഷണിപ്പെടുത്താൻ അമേരിക്കയ്ക്കും കൂട്ടാളികൾക്കും എളുപ്പത്തിൽ കഴിയും മോസ്കോയും ഉക്രൈൻ അതിർത്തിയുമായി 450 കിലോമീറ്റർ ദൂരം മാത്രമാണുള്ളത്. ഉക്രൈനെ മുന്നിൽ നിർത്തി അമേരിക്കയുടെ നേതൃത്വത്തിൽ നാറ്റോ സഖ്യമാണ് റഷ്യയ്ക്കെതിരെ യുദ്ധം നയിക്കുന്നത്. ഉക്രൈന് സൈനിക ആയുധങ്ങളും ധനവും നൽകുന്നതും അമേരിക്കയാണ്.

റഷ്യയെയും യൂറോപ്യൻ യൂണിയൻ രാജ്യങ്ങളെയും തമ്മിലടിപ്പിക്കുന്നതിലൂടെ അമേരിക്കയ്ക്ക് വലിയ സാമ്പത്തിക നേട്ടമുണ്ട്.റഷ്യയിൽ നിന്നുള്ള എണ്ണയുടെയും ഗ്യാസിന്റെയും വരവ് തടസ്സപ്പെട്ടതോടെ യൂറോപ്പ് ഗ്യാസിനും എണ്ണയ്ക്കും അമേരിക്കയെ കൂടുതൽ ആശ്രയിക്കാൻ നിർബന്ധിതമായിരിക്കുകയാണ്. റഷ്യയാണ് യൂറോപ്പിലേക്ക് ഏറ്റവും കൂടുതൽ ഗ്യാസ്സ് നൽകിവന്നിരുന്നത്. എന്നാൽ ഇപ്പോൾ അമേരിക്കൻ കമ്പനികൾ ആണ് യൂറോപ്പിലേക്ക് ഏറ്റവും കൂടുതൽ ഗ്യാസ് നൽകുന്നത്. എക്സോൺ മൊബിൽ (Exxon Mobil), ഷെൽ, ടോട്ടൽ എനർജീസ് തുടങ്ങിയ കമ്പനികൾക്ക് വൻ ലാഭമാണ് ഉക്രൈൻ യുദ്ധം മൂലം ലഭിക്കുന്നത്.

അമേരിക്ക റഷ്യക്കെതിരെ ഏർപ്പെടുത്തിയ സാമ്പത്തിക ഉപരോധം ചൈന ഇന്ത്യ മിഡിൽ ഈസ്റ്റ് തെക്കൻ അമേരിക്ക ആഫ്രിക്കൻ രാജ്യങ്ങൾ എന്നിവ പൂർണമായി അംഗീകരിക്കുന്നില്ല. ഇന്ത്യ തന്നെ റഷ്യയിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് വലിയ തോതിൽ എണ്ണ ഇറക്കുമതി ചെയ്യുന്നുണ്ട്. ഇത് പുതിയ ഭൗമ രാഷ്ട്രീയ ബന്ധങ്ങൾക്കും കാരണമാകുന്നുണ്ട്.

### സാമ്പത്തിക പ്രത്യാഘാതങ്ങൾ

റഷ്യ ഉക്രൈൻ യുദ്ധത്തിന്റെ ഫലമായി ലോകമാകെ ഊർജ്ജ വിലക്കയറ്റം ഭക്ഷ്യ വിലക്കയറ്റം എന്നിവ വർദ്ധിച്ചു. അതു നേരിടാൻ ബാങ്കുകൾ പലിശ നിരക്ക് ഉയർത്തുക, പലിശ നിരക്ക് ഉയർത്തുന്നതു മൂലം നിക്ഷേപം കുറയുക തുടങ്ങി നാനാതരത്തിലുള്ള സാമ്പത്തിക പ്രത്യാഘാതങ്ങളും സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ അവസ്ഥയെ പല സാമ്പത്തിക വിദഗ്ധരും താരതമ്യപ്പെടുത്തുന്നത് 1970കളിലെ എണ്ണ വില വർദ്ധനവും തുടർന്നുവന്ന പ്രതിസന്ധിയുമായാണ് അന്നും വിലക്കയറ്റം പലിശ നിരക്ക് ഉയർത്തൽ പടിഞ്ഞാറൻ രാജ്യങ്ങളിലെ ഉൽപാദനത്തിലെ ഇടിവ് എല്ലാം ഉണ്ടായി അക്കാലത്തെ പ്രതിസന്ധി ഏതാണ്ട് 20 വർഷം തുടർന്നു. അമേരിക്കൻ പ്രസിഡൻറ് റൊണാൾഡ് റീഗന്റെയും യുകെ പ്രധാനമന്ത്രി മാർഗരറ്റ് താച്ചറുടെയും നേതൃത്വത്തിൽ ചിക്കാഗോ സ്കൂൾ സാമ്പത്തിക ശാ

സ്ത്രജ്ഞൻ മിൽട്ടൺ ഫ്രീഡ്മാന്റെ നവ ലിബറൽ നയങ്ങളാണ് പ്രതിസന്ധിയുടെ വഴിതിരിച്ചുവിടാൻ അന്ന് മുതലാളിത്ത ലോകം കണ്ടെത്തിയ മാർഗം. ഇപ്പോൾ ആഗോള സാമ്പത്തിക രംഗം നേരിടുന്ന പ്രതിസന്ധി പ്രധാനമായും ചരക്കുകളുടെ വിതരണത്തിലെ വിഷയങ്ങളിൽ നിന്നും ഉടലെടുത്തതാണ് ഇതിനുമുമ്പ് ആഗോള തലത്തിൽ ഉണ്ടായ പ്രതിസന്ധികൾ മിക്കവയും ആവശ്യകതയിലെ ഇടിവ് മൂലമാണ് ഉദയം ചെയ്തത് വിതരണത്തിലെ പ്രതിസന്ധി പരിഹരിക്കാൻ കേന്ദ്ര ബാങ്കുകളുടെ പലിശ നിരക്ക് ഉയർത്തൽ നടപടികളിലൂടെ കഴിയില്ല പലിശ നിരക്ക് ഉയർത്തി കമ്പോളത്തിലെ ഉപഭോഗശേഷി കുറയ്ക്കാനാകും അതിനാൽ അമേരിക്കൻ ഫെഡറൽ റിസർവ് ഉൾപ്പെടെയുള്ള കേന്ദ്ര ബാങ്കുകൾ പലിശ നിരക്ക് ഉയർത്തിക്കൊണ്ട് പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നത് സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കാനാണ് സഹായിക്കുക എന്നാണ് പല സാമ്പത്തിക ശാസ്ത്രജ്ഞരുടെയും അഭിപ്രായം.

കോവിഡ് കാലത്തുതന്നെ ആഗോള വിതരണ ശൃംഖല താറുമാറായിരുന്നു ഉക്രൈൻ യുദ്ധത്തിൻറെ പശ്ചാത്തലത്തിൽ അമേരിക്കയുടെ നേതൃത്വത്തിൽ റഷ്യയ്ക്കെതിരെ ഏർപ്പെടുത്തിയ ഉപരോധങ്ങളും യുദ്ധവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും എല്ലാം കൂടിച്ചേർന്നു ഭക്ഷ്യവസ്തുക്കൾ എണ്ണ തുടങ്ങിയ ചരക്കുകളുടെയും വിതരണം വീണ്ടും തകർന്നു ലോകത്തെ ഗോതമ്പിന്റെ അഞ്ചിലൊന്നും ഉല്പാദിപ്പിക്കപ്പെടുന്നത് റഷ്യയിൽ നിന്നും ഉക്രൈനിൽ നിന്നുമാണ് സൺഫ്ളവർ ഓയിലിന്റെ 70% ഉം ഉത്പാദിപ്പിക്കുന്നതും ഈ രണ്ടു രാജ്യങ്ങളിൽ നിന്നുമാണ് അൾജീരിയ ഈജിപ്ത് നൈജീരിയ തുടങ്ങിയ പല രാജ്യങ്ങളും ഗോതമ്പിനും സൺഫ്ളവർ ഓയിലിനുമായി ആശ്രയിക്കുന്നതും റഷ്യയെയും ഉക്രൈനെയും ആണ് ആഗോള ഭക്ഷ്യ രംഗത്ത് വലിയ വിലക്കയറ്റമാണ് ഉക്രൈൻ യുദ്ധം മൂലം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഭക്ഷ്യവിലക്കയറ്റം സാമൂഹ്യ അസ്വസ്ഥതകളിലേക്കും നയിക്കുന്ന സ്ഥിതിയുണ്ട് എണ്ണ വിലയിലെ വർദ്ധനവും ചാഞ്ചാട്ടങ്ങളും ഗതാഗത മേഖലയെ ഗുരുതരമായി ബാധിക്കുന്നുണ്ട്. ചരക്ക് വിതരണത്തിന്റെ ചെലവും ഇതുമൂലം വലിയ തോതിൽ ഉയർന്നുകൊണ്ടിരിക്കുകയാണ്.

വ്യാവസായിക ആവശ്യങ്ങൾക്കുള്ള അടിസ്ഥാന ലോഹങ്ങളായ അലൂമിനിയം, നിക്കൽ, പല്ലേടിയം തുടങ്ങിയ പലതിന്റെയും ഉൽപാദനവും വിതരണവും യുദ്ധം മൂലം ബുദ്ധിമുട്ടിലാണ് ഇത് പല വ്യവസായങ്ങളെയും ബാധിക്കുന്നുണ്ട് ഈ രൂപത്തിൽ ഉക്രൈൻ യുദ്ധം നാനാതരം പ്രത്യാഘാതങ്ങളാണ് സാമ്പത്തിക രംഗത്ത് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്.

## സാമൂഹ്യപ്രത്യാഘാതങ്ങൾ

ഉക്രൈൻ യുദ്ധം അവിടുത്തെ സാമൂഹ്യ ജീവിതത്തെ ആകെ തകർത്തെറിഞ്ഞിരിക്കുകയാണ്. ഉക്രൈനിൽ നിന്നും 70 ലക്ഷത്തിലധികം പേർ സ്വന്തം താമസസ്ഥലം വിട്ട് കുടിയേറി പോകാൻ നിർബന്ധിതമായിരിക്കുകയാണ് അനേകം വീടുകളും ആശുപത്രികളും റോഡും പാലങ്ങളും ജലവിതരണവും വൈദ്യുതി സംവിധാനങ്ങളും എല്ലാം തകർന്ന നിലയാണ് രണ്ടാം ലോക യുദ്ധത്തിനുശേഷം യൂറോപ്പ് കണ്ട ഏറ്റവും വലിയ കുടിയേറ്റമാണ് പുറത്തേക്കും ഉക്രൈനുള്ളിൽ തന്നെയും നടക്കുന്നത്. പോളണ്ട് മോൾഡോവ തുടങ്ങിയ സമീപ രാജ്യങ്ങളിലേക്കാണ് കുടിയേറ്റം നടക്കുന്നത്.

കോവിഡ് മൂലം തന്നെ ഉക്രൈന്റെ സാമ്പത്തിക നില പരുങ്ങലിൽ ആയിരുന്നു യുദ്ധത്തോടെ ഭക്ഷ്യ ഉൽപാദനവും വിതരണവും തകർന്നു വൈദ്യുത വിതരണം തകർന്നതുമൂലം വ്യവസായങ്ങൾ പ്രതിസന്ധിയിലായി സാമ്പത്തികരംഗമാകെ താറുമാറായി കിടക്കുകയാണ്

ഈ പ്രതിസന്ധിയുടെ ഏറ്റവും വലിയ പ്രത്യാഘാതം ഏറ്റെടുക്കേണ്ടി വന്നിരിക്കുന്നത് ഉക്രൈനിലെ സ്ത്രീകളും കുട്ടികളുമാണ് രാജ്യം വിട്ടു കുടിയേറിയ 70 ലക്ഷത്തിലും ഉക്രൈനകത്തു തന്നെ സ്വന്തം താമസസ്ഥലം വിട്ട് മറ്റു പ്രദേശങ്ങളിലേക്ക് കുടിയേറേണ്ടി വന്ന 65 ലക്ഷത്തിലധികം മനുഷ്യരിൽ ഭൂരിഭാഗവും സ്ത്രീകളും കുട്ടികളുമാണ് സ്ത്രീകൾ ഈ ദുരിതങ്ങൾക്കിടയിൽ പീഡിപ്പിക്കപ്പെടുന്നുമുണ്ട് യുദ്ധത്തിൻറെ പശ്ചാത്തലവും കാരണവും എന്തുതന്നെയായാലും അത് മനുഷ്യന് നൽകുന്ന ദുരിതം അതിഭീകരമാണ്.

ഉക്രൈനിൽ മാത്രമായി മനുഷ്യ ദുരന്തം അവസാനിക്കുന്നില്ല റഷ്യയിലും ഉപരോധങ്ങളും യുദ്ധച്ചെലവുകളും മൂലം സാമ്പത്തിക പ്രതിസന്ധിയും ദുരിതവും വ്യാപകമാണ് സോമാലിയ എത്യോപ്യ കെനിയ തുടങ്ങിയ രാജ്യങ്ങളിൽ പട്ടിണി നേരത്തെ തന്നെ വ്യാപകമായിരുന്നു അതിപ്പോൾ കൂടുതൽ ഗുരുതരമാണ് ഈ രാജ്യങ്ങളിലെ രണ്ട് കോടിയിലധികം കുട്ടികൾ പട്ടിണി മൂലം മരണമടയുന്ന സ്ഥിതിയിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്.

അമേരിക്കയുടെ നേതൃത്വത്തിൽ സാമ്രാജ്യത്വ രാജ്യങ്ങൾ നടത്തുന്ന കടന്നുകയറ്റങ്ങളാണ് ലോകത്ത് നടക്കുന്ന മിക്ക യുദ്ധങ്ങളുടെയും അടിസ്ഥാന കാരണം. ഉക്രൈൻ യുദ്ധത്തിന്റെയും വേരുകൾ തേടി പോയാൽ കാണാൻ കഴിയുന്നതും ഈ സാമ്രാജ്യത്വ താൽപര്യങ്ങളാണ് ഉക്രൈയിനെ അതിന് കരുവാക്കി എന്നു മാത്രം.

# ബ്രസീലിൽ ചരിത്രമെഴുതി ലുല ഭരണം



ലോകമെങ്ങുമുള്ള ഇടതുപക്ഷ പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങൾക്ക് നവവത്സര സമ്മാനമായി ബ്രസീലിൽ ഇടതുപക്ഷക്കാരനും വർക്കേഴ്സ് പാർടി നേതാവുമായ ലുല ഡ സിൽവ മൂന്നാം തവണയും പ്രസിഡന്റായി അധികാരമേറ്റിരിക്കുകയാണ്. തീവ്ര വലതുപക്ഷക്കാരനും 'ബ്രസീലിലെ ട്രംപു'മായ ജയ്ർ ബോൾസനാരോയെ രണ്ടാംഘട്ട വോട്ടെടുപ്പിൽ 1.8 ശതമാനം വോട്ടിന്റെ വ്യത്യാസത്തിൽ തോൽപ്പിച്ചാണ് ലുല മൂന്നാം വിജയം ഉറപ്പിച്ചത്. ബ്രസീലിലെ ഇടതുപക്ഷത്തിന്റെ വിജയം വർക്കേഴ്സ് പാർടിയുടെയോ കേവലം ഒരു രാഷ്ട്രീയ പാർടിയുടെയോ വിജയമല്ല, മറിച്ച് ബ്രസീലിയൻ ജനാധിപത്യത്തിന്റെ വിജയമാണെന്നാണ് ലുല തന്നെ വിശേഷിപ്പിച്ചിട്ടുള്ളത്. ലുലയുടെ പിൻഗാമിയായി അധികാരമേറ്റ ദിൽമ റൂസഫിനെ ഇംപീച്ച് ചെയ്ത് പുറത്താക്കിയതിനു ശേഷമുള്ള ആറുവർഷവും ബ്രസീലിൽ ഇല്ലാതിരുന്നത് ജനാധിപത്യമായിരുന്നു. 2018ൽ ജയ്ർ ബോൾസനാരോ അധികാരമേറിയതോടെ ഏകാധിപത്യച്ചുവയുള്ള ഭരണമാണ് കാഴ്ചവയ്ക്കപ്പെട്ടത്. ആമസോൺ മഴക്കാടുകൾ വൻതോതിൽ വെട്ടിനശിപ്പിക്കുകയും ആദിവാസികളെ കുടിയൊഴിപ്പിക്കുകയും തൊഴിലാളികളുടെ അവകാശങ്ങൾ ഒന്നൊന്നായി കവർന്നെടുക്കപ്പെടുകയും ചെയ്തു. ഈ നയങ്ങൾക്കെതിരെയുള്ള പ്രതിഷേധമാണ് ജനങ്ങൾ തെരഞ്ഞെടുപ്പിൽ പ്രകടിപ്പിച്ചത്.

എന്നാൽ, ലുലയുടെ വിജയത്തെ അംഗീകരിക്കാൻ ബോൾസനാരോ ഇനിയും തയ്യാറായിട്ടില്ല. അമേരിക്കൻ പ്രസിഡന്റ് ബൈഡന്റെ സത്യപ്രതിജ്ഞാ ചടങ്ങ് ട്രംപ് ബഹിഷ്കരിച്ചതുപോലെ ലുലയുടെ സത്യപ്രതിജ്ഞാ ചടങ്ങ് ബോൾസനാരോയും ബഹിഷ്കരിച്ചു. ലുലയ്ക്ക് അധികാരം കൈമാറുന്ന ചടങ്ങിൽ പങ്കെടുക്കാതെ ഫ്ളോറിഡയിൽ ട്രംപിനെ സന്ദർശിക്കാനാണ് ബോൾസനാരോ തയ്യാറായത്. മാത്രമല്ല, ലുല അധികാരമേൽക്കുന്നത് തടയാൻ തലസ്ഥാനമായ ബ്രസീലിയയിൽ കലാപം സൃഷ്ടിക്കാനും ബോൾസനാരോ അനുയായികൾ ശ്രമിച്ചു. വിമാനത്താവളത്തിനടുത്തുള്ള ഇന്ധന ടാങ്കിൽനിന്ന് ബോംബ് കണ്ടെത്തുകയും ഒരാൾ അറസ്റ്റിലാകുകയും ചെയ്തു. ബോംബ് സ്ഫോടനം നടത്തി രാജ്യത്തെ ആഭ്യന്തര അടിയന്തരാവസ്ഥയിലേക്ക് നയിക്കുകയും അതുവഴി ലുല അധികാരമേൽക്കുന്നത് തടയുകയുമായിരുന്നു ലക്ഷ്യമെന്നാണ് ചോദ്യം ചെയ്യലിൽനിന്ന് വ്യക്തമായത്. അതായത് ലുലയുടെ വിജയം അംഗീകരിക്കാൻ പ്രതിപക്ഷം ഇനിയും തയ്യാറായിട്ടില്ല. അതുകൊണ്ടുതന്നെ ലുല സർക്കാരിനെ അസ്ഥിരീകരിക്കാൻ തുടർന്നും ശ്രമങ്ങളുണ്ടാകും. അയൽരാജ്യമായ പെറുവിൽ ഇടതുപക്ഷക്കാരനായ പ്രസിഡന്റിനെ കുറച്ചുദിവസങ്ങൾക്ക് മുമ്പാണല്ലോ അട്ടിമറിച്ചത്.

പട്ടിണിക്ക് അന്ത്യം കുറിക്കുമെന്നും ആമസോൺകാടുകളും തൊഴിലാളികളുടെ അവകാശങ്ങളും സംരക്ഷിക്കുമെന്നും വാഗ്ദാനം ചെയ്താണ് ലുല അധികാരമേറ്റത്. അദ്ദേഹം പ്രഖ്യാപിച്ച മന്ത്രിസഭ അത് പ്രതിഫലിപ്പിക്കുന്നതാണ്. പ്രസിദ്ധ പരിസ്ഥിതി പ്രവർത്തകയും ആമസോൺ മഴക്കാടുകൾ സംരക്ഷിക്കുന്നതിനായി പ്രവർത്തിക്കുകയും ചെയ്യുന്ന മറീന സിൽവയെയാണ് ലുല പരിസ്ഥിതി മന്ത്രിയാക്കിയത്. വനസമ്പത്ത് കൊള്ളയടിക്കുന്ന കോർപറേറ്റുകൾക്കും അഗ്രി ബിസിനസുകാർക്കും മറീന സിൽവയുടെ മന്ത്രിസ്ഥാനം രുചിക്കില്ലെന്നുറപ്പാണ്. ഈജിപ്തിൽ കഴിഞ്ഞ വർഷം ചേർന്ന കാലാവസ്ഥാ ഉച്ചകോടിയിൽ ബ്രസീലിനെ പ്രതിനിധാനംചെയ്ത് പങ്കെടുത്ത ലുല ആമസോൺകാടുകൾ സംരക്ഷിക്കാതെ കാലാവസ്ഥാ സുരക്ഷ ഉറപ്പുവരുത്താനാകില്ലെന്ന് പ്രഖ്യാപിച്ചിരുന്നു. അത് പാഴ്വാക്കല്ലെന്ന് മറീന സിൽവയുടെ നിയമനം വ്യക്തമാക്കി. അതോടൊപ്പം തദ്ദേശീയജനതയുടെ ക്ഷേമം ഉറപ്പുവരുത്താനായി ആദ്യമായി ഒരു മന്ത്രിയെ നിയമിക്കാനും ലുല തയ്യാറായി. തദ്ദേശീയ ജനതയുടെ അവകാശപ്പോരാട്ടങ്ങൾക്ക് നേതൃത്വം നൽകുന്ന സോണിയ ഗ്വാജ്ജാരയാണ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി. പ്രഖ്യാപിക്കപ്പെട്ട 16 മന്ത്രിമാരിൽ പതിനൊന്നും സ്ത്രീകളാണെന്നതും ശ്രദ്ധേയമാണ്.

പട്ടിണി ഇല്ലായ്മ ചെയ്യാൻ പ്രതിജ്ഞാബദ്ധമാണ് ലുല സർക്കാർ. 2003-2010 ഭരണകാലത്ത് അദ്ദേഹം നടപ്പാക്കിയ ബോൾസ ഫാമിലിയ പദ്ധതിയിലൂടെ രണ്ട് കോടി പേരെയാണ്പട്ടിണിമുക്തരാക്കിയത്. സമാനമായ പദ്ധതികൾ ഇക്കുറിയും നടപ്പാക്കുമെന്ന് ലുല ഉറപ്പ് നൽകുന്നു. പാവപ്പെട്ട ജനങ്ങൾക്ക് പ്രതീക്ഷ നൽകുന്നതാണ് ലുലയുടെ തിരിച്ചുവരവ്. പുതുവർഷം ബ്രസീലിന്റെ ചരിത്രത്തിൽ പുതിയ രാഷ്ട്രീയ അധ്യായത്തിനാണ് തുടക്കമിടുന്നത്. ലാറ്റിനമേരിക്കയിലെ ഇടതുപക്ഷ മുന്നേറ്റത്തിന് ലുലയുടെ ഭരണം വേഗം വർധിപ്പിക്കുമെന്ന് പ്രതീക്ഷിക്കാം. •

# ശീതയുദ്ധത്തിന്റെ തുടക്കം 1947–49



**രണ്ടാംലോകയുദ്ധാനന്തരം തൊഴിലാളികൾ കെട്ടിപ്പൊക്കിയ ഐക്യട്രേഡ് യൂണിയനുകളെ തകർക്കുകയും നശിപ്പിക്കുകയും ചെയ്യുക എന്നത് എല്ലാറ്റിലുമുപരി അമേരിക്കൻ സാമ്രാജ്യത്വ താൽപ്പര്യങ്ങൾക്കും ലക്ഷ്യങ്ങൾക്കും ഇണങ്ങുന്നതായിരുന്നു. അതിൽ യോജിക്കുന്നതായി വലത് സോഷ്യൽ ഡമോക്രാറ്റുകളുടെ പിളർപ്പൻ നടപടികൾ തുടർന്നുള്ള അടുത്ത വർഷങ്ങൾ ലോകതൊഴിലാളി പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറെ ദുരന്തങ്ങൾ ഉളവാക്കിയവയായിരുന്നു. തൊഴിലുടമകളുടേയും ഗവൺമെന്റിന്റെയും പരസ്യമായ സഹായത്തോടെ സോഷ്യൽ ഡെമോക്രാറ്റുകൾ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ വലത്ഇടതുപക്ഷങ്ങളായി ഭിന്നിപ്പിച്ചു.**

രണ്ടാം ലോകയുദ്ധാനന്തരം നടന്ന വിപ്ലവ മുന്നേറ്റത്തെ എതിർക്കുന്നതിനായി മുതലാളിത്തത്തിന് ഒരു പ്രതിവിപ്ലവപ്ലസ്ഥാനത്തെ വികസിപ്പിക്കേണ്ടത് ആവശ്യമായി വന്നു. ഒന്നാം ലോകമഹായുദ്ധവുമായി ബന്ധപ്പെട്ട അനുഭവങ്ങൾ, ഈ പ്രാഥമിക പാഠമാണ് അവരെ പഠിപ്പിച്ചത്. 1917 നവംബറിൽ റഷ്യൻ വിപ്ലവമുന്നേറ്റത്തിനുശേഷം യൂറോപ്പിൽ പൊട്ടിപ്പുറപ്പെട്ട ശക്തമായ വിപ്ലവകൊടും കാറ്റിനെയും വിവിധ രാജ്യങ്ങളിലും ലോകമാകെയും തൊഴിലുടമകൾ സ്വന്തം സാമൂഹ്യവ്യവസ്ഥയെ സംരക്ഷിക്കുന്നതിനുവേണ്ടി തിരക്കിട്ട് യുദ്ധത്തിൽ തകർന്ന ശക്തിയെയാകെ സ്വരുകൂട്ടി വിപ്ലവകാരികളായ തൊഴിലാളികൾക്കെതിരെ പ്രതിവിപ്ലവാക്രമണം നടത്തിയതെങ്ങനെയെന്നും വിശകലനം ചെയ്യപ്പെട്ടു.



എൻ.പത്മലോചനൻ

ലോകത്തെ കീഴ്പ്പെടുത്താൻ അമേരിക്കൻ മുതലാളിത്തം നടത്തിയ നീക്കം ശ്രദ്ധേയമാണ്. രണ്ടാംലോകയുദ്ധത്തെ തുടർന്നുണ്ടായ മുന്നേറ്റത്തിനെതിരെ ശക്തമായ ഒരു മുതലാളിത്ത ആക്രമണമുണ്ടായി. അമേരിക്കയുടെ ബഡ്ജറ്റ് വ്യവസ്ഥയിലും ഗവൺമെന്റിലും ശക്തരായ കുത്തകൾക്കായിരുന്നു ആധിപത്യമുണ്ടായിരുന്നത്. എല്ലാ നിർമ്മാണ സ്ഥാപനങ്ങളുടെയും ലാഭത്തിന്റെ 84% നേടിയിരുന്നത് 4% ൽ മാത്രം വരുന്ന നിർമ്മാണ സ്ഥാപനങ്ങളാണ്. 66% കോർപ്പറേഷനുകൾക്ക് 100 കോടിയോ അതിലേറെയോ ഡോളർ ആസ്തി ഉണ്ടായിരുന്നു. വൻകിട ബിസിനസ്സ്കാരുടേതായ ഈ രാജ്യം അന്തിമമായി സോവിയറ്റ് യൂണിയനും ചൈനീസ് വിപ്ലവത്തിനും യൂറോപ്യൻ ജനകീയ ജനാധിപത്യങ്ങൾക്കും തൊഴിലാളികർഷക പ്രസ്ഥാനങ്ങൾക്കുമെതിരെ കടുത്ത കടന്നാക്രമണം അഴിച്ചുവിട്ടു. ഇതായിരുന്നു ശീതയുദ്ധം എന്ന് വിളിക്കപ്പെട്ടതിന്റെ തുടക്കം. ലോകമുതലാളിത്തവും മുതലാളിത്ത വിരുദ്ധ



**അമേരിക്കൻ പിന്തിരിപ്പൻക്കാർ ലോകമേധാവിത്വത്തിനു വേണ്ടിയുള്ള അവരുടെ നീക്കം നടത്തിയത് ലോകജനാധിപത്യവും സമാധാനവും സംരക്ഷിക്കുക എന്ന സാങ്കൽപ്പികനാട്യത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. കമ്മ്യൂണിസ്റ്റ് ഭീഷണി എന്ന വൻ കള്ളത്തരത്തെ അവർ കൂടുതൽ വിദഗ്ധമായി ഉപയോഗിച്ചിരുന്നു.**

സോഷ്യലിസത്തിന്റെ വളർന്നു വരുന്ന ശക്തികളും തമ്മിലുള്ള ഒരു പ്രത്യയശാസ്ത്രയുദ്ധമായിരുന്നു അത്.

അമേരിക്കൻ നേതൃത്വത്തിലുള്ള മുതലാളിത്ത ആക്രമണം പ്രതിരോധത്തിൽ നിന്ന് ഏറെ മുന്നോട്ട് പോയി. വ്യക്തമായും ആക്രമണം തടയുകയായിരുന്നു. അതിന്റെ പൊതുലക്ഷ്യം. ലോകത്തിന്റെ സോഷ്യലിസ്റ്റും, മുതലാളിത്ത പരമായ രണ്ടു മേഖലകളായും വാൾസ്ട്രീറ്റിലെ വൻകിട ബിസിനസ്സുകാർക്ക് കീഴിലാക്കുക എന്നതായിരുന്നു ഹിറ്റ്ലറുടെയും ലക്ഷ്യം. അതിന്റെ അടിസ്ഥാനപരമായ ആത്യന്തികലക്ഷ്യം സോഷ്യലിസത്തെയും ജനാധിപത്യത്തെയും ഇല്ലായ്മ ചെയ്യലും അതിന്റെ സ്ഥാനത്ത് നവീകരിച്ച ഫാസിസത്തെ സ്ഥാപിക്കലും. മറ്റൊരു വൻയുദ്ധത്തിലൂടെ ആണവായുധങ്ങൾ ഉപയോഗിച്ചുള്ള നശീകരണത്തിലൂടെ അമേരിക്കൻ കുത്തക മുതലാളിത്തത്തിന് ലോകത്താകെ അടിയറ വയ്ക്കലുമായിരുന്നു.

(എ) സോവിയറ്റ് യൂണിയൻ, ജനകീയ ചൈന, കിഴക്കൻ യൂറോപ്യൻ ജനകീയ ജനാധിപത്യങ്ങൾ എന്നിവിടങ്ങളിലെ സോഷ്യലിസ്റ്റ് ഗവൺമെന്റുകളെ അട്ടിമറിക്കുകയും അവിടെ മുതലാളിത്ത പുനർസ്ഥാപനം നടത്തുകയും ചെയ്യുക.

(ബി) ജപ്പാനെയും ജർമ്മനിയെയും അമേരിക്കൻ പാവഗവൺമെന്റുകൾ എന്ന നിലയിൽ വീണ്ടും ആയുധവൽക്കരിക്കുക. (സി) യൂറോപ്യൻ വിപണിയിലേക്ക് ആഴന്ന് ഇറങ്ങുകയും അതിനെ പിടിച്ചടക്കുകയും ചെയ്യുക. (ഡി) തങ്ങളുടെ തന്നെ നേട്ടത്തിനായി ബ്രിട്ടീഷ്, ഫ്രഞ്ച്, ഡച്ച് കോളനി രാജ്യങ്ങളെ ശക്തിപ്പെടുത്തുക. (ഇ) ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെല്ലാം അമേരിക്കൻ നിയന്ത്രണം ശക്തമാക്കുക (എഫ്) മെഡിറ്ററേനിയൻ സമുദ്രത്തെ ഒരമേരിക്കൻ തടാകമാക്കുകയും അറ്റ്ലാന്റിക്, പസഫിക് സമുദ്രങ്ങളെ നിയന്ത്രിക്കുകയും ചെയ്യുക (ജി) ലോകത്തിന്റെ ആക വ്യോമപാതകളിൽ മേധാവിത്വം പുലർത്തുക. (എച്ച്) അമേരിക്കൻ ഗവൺമെന്റിന്റെ ഒരു സഹായസ്ഥാപനമായി ഐക്യരാഷ്ട്രസഭയെ മാറ്റുക. (ഐ) അമേരിക്കയെ വ്യാവസായിക കേന്ദ്രമായും വാഷിംഗ്ടണെ ലോകത്തിന്റെ രാഷ്ട്രീയ തലസ്ഥാനമായും മാറ്റുക എന്നീ ലക്ഷ്യങ്ങൾക്കു വേണ്ടിയായിരുന്നു ശീതയുദ്ധകാലത്ത് അമേരിക്കൻ സാമ്രാജ്യത്വം കൃത്യമായി ശ്രമിച്ചത്.

എന്നാൽ അമേരിക്കൻ പിന്തിരിപ്പൻക്കാർ ലോകമേധാവിത്വത്തിനു വേണ്ടിയുള്ള അവരുടെ നീക്കം നടത്തിയത് ലോകജനാധിപത്യവും സമാധാനവും സംരക്ഷിക്കുക എന്ന സാങ്കൽപ്പികനാട്യത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. കമ്മ്യൂണിസ്റ്റ് ഭീഷണി എന്ന വൻ കള്ളത്തരത്തെ അവർ കൂടുതൽ വിദഗ്ധമായി ഉപയോഗിച്ചിരുന്നു. മാനവകാലത്തിനു തന്നെ ഭീഷണിയായി മാറിയിരുന്ന സ്ഥിതിവിശേഷത്തെ പ്രതിരോധിക്കുക എന്ന നിഷ്കളങ്കമെന്നു തോന്നാവുന്ന ആശയത്തിന്റെ പേരിലാണ് വൻതോതിലുള്ള സൈനിക സന്നാഹങ്ങളെയും ആക്രമണോത്സുകമായ യുദ്ധനയതന്ത്രത്തെയുമൊക്കെ അവർ അവതരിപ്പിച്ചിരുന്നത്.

### വത്തിക്കാന്റെ പങ്ക്

ലോകമേധാവിത്വത്തിന് വേണ്ടിയുള്ള അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഈ നീക്കത്തിൽ അവരുടെ മുതലാളിത്ത ശക്തികൾക്കും പാവഭരണകൂടങ്ങൾക്കും പുറമേ രണ്ട് ശക്തികൾ പൊതുവായ പിൻതുണ നൽകിയിരുന്നു. തൊഴിലാളികളെയും



**ലോകമേധാവിത്വത്തിന് വേണ്ടിയുള്ള അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ നീക്കത്തിൽ അവരുടെ മുതലാളിത്ത ശക്തികൾക്കും പാവഭരണകൂടങ്ങൾക്കും പുറമേ രണ്ട് ശക്തികൾ പൊതുവായ പിൻതുണ നൽകിയിരുന്നു. ഇതിൽ ആദ്യത്തേത് വത്തിക്കാനായിരുന്നു. മുതലാളിത്തത്തിന്ബഹുജനപിൻതുണയുമായി വന്ന രണ്ടാമത്തെ പ്രധാന സംഘടന വലതുപക്ഷ സോഷ്യൽ ഡമോക്രസിയും അവരുടെ നേതൃത്വം അംഗീകരിക്കുന്ന ട്രേഡ് യൂണിയനുകളുമായിരുന്നു. റഷ്യൻ വിപ്ലവം മുതലുള്ള അനുഭവങ്ങൾ കൃത്യമായി വ്യക്തമാക്കുന്നത് അവർ മുതലാളിത്തത്തിനെ ശക്തമായി സംരക്ഷിക്കുന്നവരാണ് എന്നാണ്.**

ബഹുജനങ്ങളെയും സംശയാലുക്കളും അസംഘടിതരുമാക്കും എന്നതായിരുന്നു അവരുടെ ലക്ഷ്യം. ഇതിൽ ആദ്യത്തേത് വത്തിക്കാനായിരുന്നു. മുമ്പൊന്നുമില്ലാത്തുപോലെ രണ്ടാംലോക യുദ്ധാനന്തരകാലത്ത് വത്തിക്കാൻ രാഷ്ട്രീയമായി ഏറെ ഊർജ്ജസ്വലമായിരുന്നു. പരമ്പരാഗത മുതലാളിത്ത പാർട്ടികൾ ഫാസിസവുമായി അടുക്കുകയും യൂറോപ്പിലാകെ അവരുടെ വിശ്വാസ്യത നഷ്ടപ്പെടുകയും ചെയ്ത സമയത്തായിരുന്നു വത്തിക്കാൻ ചിത്രത്തിൽ വരികയും പ്രധാനപാർട്ടികളെ മുതലാളിത്തത്തിന്റെ പ്രതിരോധത്തിനായും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പൊതുകാഴ്ചപ്പാടിന് അനുകൂലമായും സംഘടിപ്പിക്കുകയും ചെയ്തത്. അങ്ങനെ പശ്ചിമജർമ്മനി, ഫ്രാൻസിസ്, ഇറ്റലി എന്നിവിടങ്ങളിൽ വത്തിക്കാൻ ശക്തികൾക്ക് മൂന്ന് പ്രധാനപ്പെട്ട രാഷ്ട്രീയപാർട്ടികളുണ്ടായി.

മുതലാളിത്തത്തിന്റെ തന്നെ നിലനിൽപ്പ് അപകടത്തിലായിരുന്നു. ഈ നിർണായകഘട്ടത്തിൽ അതിന് ബഹുജനപിൻതുണയുമായി വന്ന രണ്ടാമത്തെ പ്രധാന സംഘടന വലതുപക്ഷ സോഷ്യൽ ഡമോക്രസിയും അവരുടെ നേതൃത്വം അംഗീകരിക്കുന്ന ട്രേഡ് യൂണിയനുകളുമായിരുന്നു. റഷ്യൻ വിപ്ലവം മുതലുള്ള അനുഭവങ്ങൾ കൃത്യമായി വ്യക്തമാക്കുന്നത് അവർ മുതലാളിത്തത്തിനെ ശക്തമായി സംരക്ഷിക്കുന്നവരാണ് എന്നാണ്. അതുകൊണ്ടു തന്നെ രണ്ടാംലോകയുദ്ധാനന്തരകാലത്ത് യൂറോപ്പിലാകമാനം വലതുപക്ഷ സോഷ്യലിസ്റ്റുകൾ ആവശ്യമായും യുക്തിപരമായും അമേരിക്കൻ സാമ്രാജ്യത്വം പിന്തുണയ്ക്കുന്ന മുതലാളിത്ത ഗവൺമെന്റുകളിലെ കാത്തലിക് പാർട്ടികളുമായി തോളുരുമ്മി നിന്നു.

## തൊഴിലാളി പ്രസ്ഥാനത്തിൽ ഭിന്നിപ്പ്

വലതുപക്ഷ സോഷ്യൽ ഡെമോക്രാറ്റുകൾ സോവിയറ്റ് വിരുദ്ധ അപവാദ കഥകളും, ധനപരമായശേഷിയും ആക്രമണോത്സുക സാമ്രാജ്യത്വ നയങ്ങളുമായി അമേരിക്കൻ സാമ്രാജ്യത്വത്തിന് സഹായവുമായി അണിനിരന്നു. തൊഴിലാളിവർഗവിപ്ലവത്തിന്റെ ഭീഷണിയിൽ നിന്ന് മുതലാളിത്തത്തെ സംരക്ഷിക്കുക എന്ന വാൾസ്ട്രീറ്റ് പരിപാടിയോട് അവർക്ക് വലിയ താൽപ്പര്യമാണ് ഉണ്ടായിരുന്നത്. 1918-23 കാലയളവിൽ ജർമ്മനിയെ സോഷ്യലിസത്തിൽ നിന്ന് രക്ഷിച്ചവരല്ലേ? ജർമ്മൻ ഇറ്റാലിയൻ ഫാസിസം വളർന്നു വരുന്നതിനെതിരായി യൂറോപ്പിൽ വിപ്ലവകരമായി സാധ്യതയുണ്ടായിരുന്ന, യോജിച്ചതും സംഘടിതവുമായ പോരാട്ടത്തെ അട്ടിമറിച്ചത് അവരല്ലേ? അതിനാൽ തന്നെ രണ്ടാംലോകയുദ്ധാനന്തരം അമേരിക്ക അവതരിപ്പിച്ച പ്രതിവിപ്ലവ പ്രസ്ഥാനത്തിൽ മുഖ്യശക്തിയായി നിന്ന് പ്രവർത്തിച്ചത് അവരുടെ ഈ സ്വഭാവം തന്നെയായിരുന്നു.

ഈ കാര്യത്തിൽ ഏറ്റവും മുന്നിൽ നിന്നിരുന്ന സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി, ബ്രിട്ടീഷ് ഗവൺമെന്റിന്റെ അത്യുന്നതങ്ങൾ അലങ്കരിച്ചിരുന്ന ലേബർ പാർട്ടി തന്നെയാണ്. അതിന്റെ ഉന്നത സ്ഥാനം ഉപയോഗിച്ച് ഹിറ്റ്ലർ ഭരണം തകർത്തുകളഞ്ഞ വിവിധ സോഷ്യലിസ്റ്റ് പാർട്ടികളെ എല്ലാം ഉയർത്തിക്കൊണ്ടു വരുന്നതിന് അത് ശ്രമിച്ചു. അമേരിക്കൻ ലേബർ പാർട്ടിയുടെ പ്രത്യേക പങ്ക് കണക്കിലെടുത്ത്

> **തൊഴിലാളി വർഗ്ഗത്തെ വഞ്ചിക്കുന്നകാര്യത്തിൽ ഏറ്റവും മോശപ്പെട്ട വർഗ്ഗസഹകരണ നയത്തിന്റെ തുടക്കമായിരുന്നു 1947 ൽ സോഷ്യൽ ഡമോക്രാറ്റുകൾ തുടങ്ങിവച്ച പിളർപ്പൻ നടപടികൾ. തൊഴിലുടമകളുടേയും ഗവൺമെന്റിന്റെയും സഹായത്തോടെ സോഷ്യൽ ഡെമോക്രാറ്റുകൾ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ വലത്-ഇടതുപക്ഷങ്ങളായി ഭിന്നിപ്പിച്ചു. കമ്മ്യൂണിസ്റ്റ്കാരും മറ്റു പുരോഗമനശക്തികളുമൊക്കെ തൊഴിലാളിഐക്യത്തിനുവേണ്ടി സാർവദേശീയമായി പോരാടുകയായിരുന്നു.**

കൊണ്ട് തന്നെ ബ്രിട്ടീഷ് ഗവൺമെന്റിന്റെ 3750 കോടി ഡോളറിന്റെ വലിയൊരു വായ്പ 1946 ജൂലൈ 13 ന് അനുവദിക്കുകയും ചെയ്തു. സോഷ്യലിസം കെട്ടിപ്പടുക്കുകയാണെന്ന് അവകാശപ്പെട്ടുകൊണ്ടിരുന്ന ഒരു ഗവൺമെന്റിനെ അത്തരത്തിൽ പിന്തുണച്ചുകൊണ്ട് അമേരിക്കയിലെ സോഷ്യലിസ്റ്റ് വരുദ്ധ ഭീകരവംശരായ മുതലാളിമാർ തങ്ങളെതന്നെ അമ്പരപ്പിച്ചുകളഞ്ഞു. എന്നാൽ അതൊരു കൗശലപൂർണമായ നീക്കമായിരുന്നു. അമേരിക്കൻ സാമ്രാജ്യത്വവും വലതുപക്ഷ സോഷ്യൽ ഡമോക്രസിയും തമ്മിലുള്ള ബന്ധം അത് ഊട്ടി ഉറപ്പിച്ചു.

1947 ജൂലൈയിൽ മാർഷ്വൽ പദ്ധതി അവതരിപ്പിച്ചപ്പോൾ തന്നെ നടന്ന യോഗത്തിൽ വെച്ച് യുദ്ധത്തിൽ നശിച്ച യൂറോപ്പിനെ പുനരുദ്ധരിക്കുന്നതിനുള്ള അമേരിക്കൻ സഹായത്തെക്കുറിച്ച് നീതിപൂർവവും യുക്തിഭദ്രവുമായ ഒരു തീരുമാനം എടുക്കാൻ കഴിയാതെ വന്നപ്പോൾ തന്നെ ഇടതുപക്ഷത്തിന് ഈ പദ്ധതിയിൽ യൂറോപ്യൻ ജനതയ്ക്ക് യാതൊരു നേട്ടവും ഉണ്ടാവുകയില്ലെന്നും കഷ്ടപ്പാടുകളും അപകടങ്ങളുമാണ് അവരെ കാത്തിരിക്കുന്നതെന്നും വ്യക്തമായിരുന്നു. യുദ്ധകാലത്ത് അമേരിക്ക വൻതോതിൽ സമ്പന്നമായി തീർന്നു. ലോകത്തിലെ മറ്റു രാജ്യങ്ങൾക്കുമേൽ തങ്ങളുടെ മേധാവിത്വം അടിച്ചേൽപ്പിക്കാനാണ് ഈ ധനശക്തി മുഴുവൻ ഉപയോഗിക്കാൻ പോകുന്നതെന്ന് അന്നു തന്നെ വ്യക്തമായിരുന്നു.

പോളണ്ടിൽ വച്ച് 1947 സെപ്റ്റംബറിൽ നടന്ന പ്രധാനയൂറോപ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ യോഗത്തിൽ വച്ചാണ് മാർഷ്വൽ പദ്ധതിക്കും സാമ്രാജ്യത്വത്തിന്റെ ആക്രമണോത്സുക പദ്ധതിക്കുമെതിരായ കമ്മ്യൂണിസ്റ്റുകാരുടെയും വിശാല ഇടതുപക്ഷത്തിന്റെയും നിലപാടുകൾക്ക് മൂർത്ത രൂപം നൽകിയത്. സോവിയറ്റ് യൂണിയൻ, ബൾഗേറിയ, പോളണ്ട്, ചെക്കോസ്ലോവാക്യ, ഇറ്റലി, ഫ്രാൻസ്, യൂഗോസ്ലാവിയ, റുമാനിയ, ഹങ്കറി എന്നിവിടങ്ങളിലേതായിരുന്നു ആ പാർട്ടികൾ. 1943 മേയ് മാസത്തിൽ കമ്മ്യൂണിസ്റ്റ് ഇന്റർനാഷണൽ പിരിച്ചുവിടപ്പെട്ടിരുന്നതിനാൽ പരസ്പരസഹകരണം ഉറപ്പാക്കുന്നതിനുവേണ്ടി ഈ സമ്മേളനത്തിൽ വെച്ച് അവർ കമ്മ്യൂണിസ്റ്റ് ഇന്റർനാഷണൽ ബ്യൂറോ (കോമിൽഫോം) രൂപീകരിച്ചു. കോമിൽഫോം ഈ 9 രാജ്യങ്ങൾക്കു പുറത്തേക്കു വ്യാപിച്ചു. ഒരു വർഷം കഴിഞ്ഞ് യൂഗോസ്ലാവിയ കോമിൽഫോമിൽ നിന്നു വിട്ടുപോയി.

## മാർഷ്വൽ പദ്ധതി

ട്രൂമാൻ സിദ്ധാന്തത്തിനും വാൾസ്ട്രീറ്റ് സാമ്രാജ്യത്വത്തിന്റെ മറ്റ് ആക്രമണോത്സുക പദ്ധതികൾക്കുമെതിരായി കോമിൻഫോം കടുത്ത നിലപാട് എടുത്തു. ലോകമെമ്പാടും അമേരിക്ക നടത്താൻ പോകുന്ന പൊതുവായ വ്യാപനപദ്ധതിയുടെ യൂറോപ്യൻ ഭാഗമാണ് ഭൂമാൻ മാർഷ്വൽ പദ്ധതികൾ. ജപ്പാനിലെയും ജർമ്മനിയിലേയും മുതലാളിത്ത ഭീമൻമാർ ഇന്നലത്തെ കടന്നാക്രമണകാരികൾ ഇന്ന് അമേരിക്കയോടൊപ്പം ഒരു പങ്ക് നിർവഹിക്കുന്നതിന് തയ്യാറാവുകയാണ്. അമേരിക്കയിലെ സാമ്രാജ്യത്വ ശക്തികൾ യൂറോപ്പിലും ഏഷ്യയിലും അവരുടെ നയം നടപ്പിലാക്കുകയാണ്.

രണ്ടാംലോകയുദ്ധാനന്തരം തൊഴിലാളികൾ കെട്ടിപ്പൊക്കിയ ഐക്യട്രേഡ് യൂണിയനുകളെ തകർക്കുകയും നശിപ്പിക്കുകയും ചെയ്യുക എന്നത് എല്ലാറ്റിലുമുപരി അമേരിക്കൻ സാമ്രാജ്യത്വതാൽപ്പര്യങ്ങൾക്കും ലക്ഷ്യങ്ങൾക്കും ഇണങ്ങുന്നതായിരുന്നു. അതിൽ യോജിക്കുന്നതായി വലത് സോഷ്യൽ ഡമോക്രാറ്റുകളുടെ പിളർപ്പൻ നടപടികൾ. തുടർന്നുള്ള അടുത്ത വർഷങ്ങൾ ലോകതൊഴിലാളി പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറെ ദുരന്തങ്ങൾ ഉളവാക്കിയവയായിരുന്നു. തൊഴിലുടമകളുടേയും ഗവൺമെന്റിന്റെയും പരസ്യമായ സഹായത്തോടെ സോഷ്യൽ ഡെമോക്രാറ്റുകൾ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ വലത്ഇടതുപക്ഷങ്ങളായി ഭിന്നിപ്പിച്ചു. കമ്മ്യൂണിസ്റ്റ്കാരും മറ്റു പുരോഗമനശക്തികളുമൊക്കെ ലോകത്തിലെ ഭൂരിപക്ഷം തൊഴിലാളികളുടെ പിൻതുണയോടെ തൊഴിലാളിഐക്യത്തിനുവേണ്ടി സാർവദേശീയമായും ബന്ധപ്പെട്ട രാജ്യങ്ങളിലും പോരാടുകയായിരുന്നു. തൊഴിലാളി വർഗ്ഗത്തെ വഞ്ചിക്കുന്നകാര്യത്തിൽ ഏറ്റവും മോശപ്പെട്ട വർഗ്ഗസഹകരണ നയത്തിന്റെ തുടക്കമായിരുന്നു 1947 ൽ സോഷ്യൽ ഡമോക്രാറ്റുകൾ തുടങ്ങിവച്ച പിളർപ്പൻ നടപടികൾ. ●

# ഡിസംബറിൽ 8.3% : 16 മാസത്തെ ഏറ്റവും ഉയർന്ന നിരക്ക്




രാജ്യത്ത് തൊഴിലില്ലായ്മ നിരക്ക് 16 മാസത്തെ ഏറ്റവും ഉയർന്ന നിലയിലെത്തി. നവംബറിൽ 8% ആയിരുന്നത് ഡിസംബറിൽ 8.3% ആയി ഉയർന്നതായി സെന്റർ ഫോർ മോണിറ്ററിങ്ങ് ഇന്ത്യൻ ഇക്കോണമി (സിഐഐഇ) റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. നഗരമേഖലയിൽ ഗ്രാമങ്ങളിലേതിനെക്കാൾ തൊഴിലില്ലായ്മ കൂടുതലാണ്. നഗരമേഖലയിൽ നവംബറിൽ 8.96% ആയിരുന്നത് ഡിസംബറിൽ 10.09% ആയി ഉയർന്നു. അതേസമയം ഗ്രാമമേഖലയിൽ 7.55% ആയിരുന്നത് ഡിസംബറിൽ 7.44% ആയി കുറഞ്ഞു. പണപ്പെരുപ്പം ഉൾപ്പെടെയുള്ള ഘടകങ്ങളാണ് തൊഴിലില്ലായ്മ ഉയരാനുള്ള കാരണം. ഹരിയാനയിലാണ് ഏറ്റവും കൂടുതൽ -37.4%. ഏറ്റവും കുറവ് ഒഡീഷ്യയിലും - 0.9%. കേരളത്തിൽ 7.4%

**ഡിസംബറിൽ തൊഴില്ലായ്മാ നിരക്ക് 5 ശതമാനത്തിന് മുകളിലുള്ള സംസ്ഥാനങ്ങൾ**

ഹരിയാന : 37.4%, രാജസ്ഥാൻ : 28.5%, ഡൽഹി : 20.8%, ബിഹാർ : 19.1%, ജാർഖണ്ഡ് : 18.0%
ജമ്മു കശ്മീർ : 14.8%, ത്രിപുര : 14.3%, സിക്കിം : 13.6%, ഗോവ : 9.9%, ആന്ധ്രാപ്രദേശ് : 7.7%
ഹിമാചൽ പ്രദേശ് : 7.6%, കേരളം : 7.4%, പഞ്ചാബ് : 6.8%, പശ്ചിമബംഗാൾ : 5.5%

# ഫലം കാണാതെ മോദിയുടെ തൊഴിൽ മേളകൾ

വിലക്കയറ്റത്തോടൊപ്പം തൊഴിലില്ലായ്മയും രൂക്ഷമാകുന്നത് രാജ്യത്ത് ജനജീവിതം ദുസ്സഹമാകുന്നതിന്റെ സൂചന. കോവിഡ് അടച്ചിടലിനെ തുടർന്ന് 2020 ഏപ്രിലിൽ 23.5 ശതമാനം വരെയായി തൊഴിലില്ലായ്മ ഉയർന്നിരുന്നു. ഇത് ക്രമേണ താഴ്ന്ന് സെപ്തംബറിൽ 6.4 ശതമാനംവരെ എത്തി. എന്നാൽ, തുടർന്നുള്ള മാസങ്ങളിൽ വീണ്ടും കുതിച്ചുയർന്നു.



രൂക്ഷമായ തൊഴിലില്ലായ്മയെ തുടർന്ന് വിമർശങ്ങൾ ഉയർന്നതോടെ ഒഴിവുള്ള 10 ലക്ഷം സർക്കാർ തസ്തികകൾ 2023 അവസാനത്തോടെ നികത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി ഒക്ടോബർ നവംബർ മാസങ്ങളിൽ രണ്ടു ഘട്ടമായി തൊഴിൽ മേള എന്നപേരിൽ 1.46 ലക്ഷം പേർക്ക് നിയമന ഉത്തരവ് കൈമാറി. ഇതിലേറെയും ഗ്രൂപ്പ് സി, ഡി തസ്തികകളായിരുന്നു. എന്നാൽ, തൊഴിലില്ലായ്മ കുറയ്ക്കാൻ മോദിയുടെ തൊഴിൽ മേളകളും പര്യാപ്തമല്ലെന്ന് തെളിയിക്കുന്നതാണ് സിഎംഇഐ കണക്കുകൾ.

# ബീഡി വർക്കേഴ്സ് ഫെഡറേഷൻ അഖിലേന്ത്യാ സമ്മേളനം

ബീഡി തൊഴിലാളികളെ സംഘടിത ശക്തിയാക്കിയ കണ്ണൂരിന്റെ മണ്ണിൽ ഇക്കഴിഞ്ഞ ഡിസംബർ 28,29 തീയതികളിൽ അഖിലേന്ത്യാ ബീഡി വർക്കേഴ്സ് ഫെഡറേഷൻ ദേശീയ സമ്മേളനത്തിന് വേദിയായി .മുപ്പത് വർഷങ്ങൾക്ക് മുൻപ് ഫെഡറേഷന്റെ രൂപീകരണ സമ്മേളനം കണ്ണൂരിൽ വച്ചായിരുന്നു നടത്തിയിരുന്നത് .

പുകയില ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ടു പതിനേഴു സംസ്ഥാനങ്ങളിലായി ഏകദേശം 80 ലക്ഷത്തിലേറെ തൊഴിലാളികൾ ജോലി ചെയ്തുവരുന്നുണ്ട്. ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്ന ബീഡി അമ്പത്തിമൂന്നു വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തു വരുന്നു. ബീഡി വ്യവസായത്തിലേർപ്പെട്ടവരിൽ മഹാഭൂരിപക്ഷവും സ്ത്രീ തൊഴിലാളികളാണ് .ബീഡി വ്യവസായത്തിൽ വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്തമായ കൂലി വ്യവസ്ഥയാണ് മിനിമം വേതനമായി നിശ്ചയിച്ചിട്ടുള്ളത്. ദേശീയതലത്തിൽ ഒരു ഏകീകൃത കൂലി വ്യവസ്ഥ കൊണ്ടുവരണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് 1954 മുതൽ തൊഴിലാളികൾ പ്രക്ഷോഭസമരം സംഘടിപ്പിച്ചു വന്നിരുന്നു .എന്നാൽ ഇതേവരെ ഈ മേഖലയിൽ ദേശീയ മിനിമം കൂലി കൊണ്ടുവരാൻ ഗവർമെന്റ് തയ്യാറായിട്ടില്ല .ബീഡി തൊഴിലാളികളെ നിയമപരമായി സംരക്ഷിക്കുന്നതിന് 1966 ലാണ് കേന്ദ്രസർക്കാർ ഒരു നിയമം കൊണ്ടുവന്നത്. എന്നാൽ കേരളം ഒഴികെ മറ്റ്സംസ്ഥാനങ്ങൾ ഒന്നും തന്നെ നടപ്പിലാക്കാൻ തയ്യാറായില്ല .നിയമം എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് സമരങ്ങൾ സംഘടിപ്പിച്ചുവെങ്കിലും കേന്ദ്രം ഭരിച്ചുവന്ന സർക്കാരുകൾ ആയത് പരിഗണിക്കാൻ തയ്യാറായിട്ടില്ല .പാർലമെന്റിൽ ഇപ്പോൾ അവതരിപ്പിച്ചു പാസ്സാക്കിയ നാല് വെജ് കോഡ് ബില്ലിന്റെ പരിധിയിൽ ബീഡി സിഗാർ നിയമം ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഫലമായി അൻപത്തിആറ് വർഷങ്ങൾക്ക് മുൻപ് ബീഡി തൊഴിലാളികൾക്ക് വേണ്ടി ഉണ്ടാക്കിയ ഒരു നിയമം ഇല്ലാതായിരിക്കുന്നു .





കെ പി സഹദേവൻ

1972 ൽ ബീഡി തൊഴിലാളികളെ ഉൾപ്പെടുത്തി കേന്ദ്ര വെൽഫെയർ ഫണ്ട് രൂപീകരിച്ചു .അതുവഴി തൊഴിലാളികൾക്ക് വീട് നിർമ്മിക്കാനുള്ള ധനസഹായം, കുട്ടികൾക്കുള്ള സ്കോളർഷിപ്പ് ,വൈദ്യസഹായം തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിച്ചുവന്നിരുന്നു .ബീഡിക്ക് മേൽ സെസ്സ് ചുമത്തികൊണ്ടാണ് ഇതിനാവശ്യമായ തുക സർക്കാർ സമാഹരിച്ചത് .ജി എസ് ടി നമ്മുടെ രാജ്യത്തു നടപ്പാക്കിയതിനെത്തുടർന്നു സെസ്സ് പിരിക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു.തൽഫലമായി കേന്ദ്ര വെൽഫെയർ ഫണ്ട് മുഖേന ലഭ്യമായി വന്നിരുന്ന ആനുകൂല്യം പൂർണ്ണമായും ഇല്ലാതായിരിക്കുന്നു .

പുകവലിക്കെതിരെ സർക്കാർ സ്വീകരിച്ച നിലപാട് കാരണം ബീഡി വ്യവസായം അതി ഗൗരവകരമായ പ്രതിസന്ധി നേരിടുകയാണ് .തൊഴിലാ

ളികളുടെ ജോലിയിൽ ഗണ്യമായ കുറവ് അനുഭവപ്പെടുന്നു .അതിന്റെ ഭാഗമായി തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് വ്യാപകമാവുന്നു .

ബീഡി വ്യവസായ മേഖലക്കകത്തു ഒരു ലക്ഷവും അതിലേറെയും തൊഴിലാളികളെ വച്ച് ജോലി ചെയ്യിക്കുന്ന വൻകിട ബീഡി വ്യവസായികളുണ്ട്. രാജ്യത്തു നിലവിലുള്ള ഒരു നിയമവും ഞങ്ങൾക്ക് ബാധകമല്ല എന്ന നിലപാടാണു അവർ സ്വീകരിച്ചു വരുന്നത്. കടുത്ത ചൂഷണത്തിന് തൊഴിലാളികൾ വിധേയരാകുന്നു .അവരെ രക്ഷിക്കാനാവശ്യമായ യാതൊരു നടപടിയും രാജ്യം ഭരിച്ചു വന്ന ഒരു ഗവര്മെന്റും ഇതേവരെ സ്വീകരിച്ചിട്ടില്ല. ഈ മേഖലക്കകത്തു വ്യവസായികളെ സംരക്ഷിക്കുന്ന നിലപാടുകളാണ് സർക്കാർ സ്വീകരിച്ചുവന്നിട്ടുള്ളത് .

ബീഡി വ്യവസായത്തിനകത്തു നിലനിൽക്കുന്ന പ്രശ്നങ്ങൾ സമ്മേളനം വിശദമായി ചർച്ച ചെയ്തു .ദേശീയ മിനിമം കൂലി നിശ്ചയിക്കുക ,പുതിയ വേജ് കോഡ് ബില്ലിനെ തുടർന്ന് ഇല്ലാതാക്കിയ 1966.ൽ പാർലമെന്റ് പാസ്സാക്കിയ നിയമം പുനഃസ്ഥാപിക്കുക, മുഴുവൻ തൊഴിലാളികളെയും പി എഫ് പദ്ധതിയിൽ ഉൾപ്പെടുത്തുക ,കോൺടാക്ട് സബ് കോൺട്രാക്ട് സമ്പ്രദായം അവസാനിപ്പിക്കുക ,പുകവലി നിരോധന നിയമം കാരണം തൊഴിൽ നഷ്ടപ്പെടുന്നവർക്ക് സാമ്പത്തിക സഹായമോ പകരം ജോലിയോ നൽകുക, ക്ഷേമപദ്ധതികൾക്കുള്ള സെസ്സ് പുനഃസ്ഥാപിക്കുക,തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുക,മുഴുവൻ തൊഴിലാളികളെയും ഇ എസ് ഐ പരിധിയിൽ കൊണ്ടുവരിക ,തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു മാർച്ച് 27 നു ദേശവ്യാപക സമരം സംഘടിപ്പിക്കാനും ഇതിന്റെ ഭാഗമായി ഒരു മാസത്തെ പ്രചാരണ പരിപാടികൾക്കും സമ്മേളനം രൂപം നൽകി .

പ്രതിനിധി സമ്മേളനം സി ഐ ടി യു ദേശീയ പ്രസിഡന്റ് ഡോ: ഹേമലത ഉദ്ഘാടനം ചെയ്തു .പൊതു സമ്മേളനം സി ഐ ടി യു ദേശീയ വൈസ് പ്രസിഡന്റ് എ കെ പദ്മനാഭൻ ഉദ്ഘാടനം ചെയ്തു .എ കെ ജിയുടെയും സി കണ്ണന്റെയും സ്മൃതി മണ്ഡപത്തിൽ നിന്ന് അത്‌ലറ്റുകളുടെ അകമ്പടിയോടുകൂടി കൊണ്ടുവന്ന പതാക ഫെഡറേഷൻ പ്രസിഡന്റ് കെ പി സഹദേവൻ ആയിരക്കണക്കിന് തൊഴിലാളികളുടെ സാന്നിധ്യത്തിൽ ടാക്സി സ്റ്റാന്റിൽ ഉയർത്തി .

ഫെഡറേഷൻ പ്രസിഡന്റായി കെ പി സഹദേവനെയും ജനറൽ സെക്രട്ടറിയായി ദേബാശിഷ് റോയ് (പശ്ചിമ ബംഗാൾ) യെയും വീണ്ടും തെരെഞ്ഞെടുത്തു .ബിമൻ സന്ന്യാലാണ് ട്രഷറർ .ജെ ബാലകൃഷ്ണ ഷെട്ടി, ജ്യോതിരൂപ് ബാനർജി ,ഭീം കുമാർ , എം പി രാമചന്ദ്രൻ ,കാമുനി ഗോപാലസ്വാമി, രമണി ( വൈ:പ്രസിഡന്റുമാർ ). പി കമലാക്ഷൻ, മുഹമ്മദ് ആസാദ്, കെ തിരുശെൽവൻ, കെ ടി പദ്മനാഭൻ ,എസ് രമ, സയ്യിദ് മുജീബ്, ഷഹര്ബാനി റോയ് ( സെക്രട്ടറിമാർ ) എന്നിവരടക്കം 58 പേരുൾക്കൊള്ളുന്ന പുതിയ കമ്മിറ്റിയെയും സമ്മേളനം തിരഞ്ഞെടുത്തു.

# കേരള ആർടിസാൻസ് യൂണിയൻ 50 -ാം സംസ്ഥാന സമ്മേളനം

കേരള ആർട്ടിസാൻസ് യൂണിയൻ (CITU) 50 ാം വാർഷിക സംസ്ഥാന സമ്മേളനം ആലപ്പുഴയിൽ 2023 ജനുവരി 3, 4, 5 തീയതികളിൽ നടന്നു. 50ാം വാർഷിക സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി വിവിധ ജില്ലകളിൽ സെമിനാർ നടന്നു. തിരുവനന്തപുരത്ത് ”അസംഘടിത മേഖലയും സാമൂഹ്യ സുരക്ഷയും” എന്ന സെമിനാർ സിഐടിയു സംസ്ഥാന പ്രസിഡൻറ് സ. ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു.

പത്തനംതിട്ട ജില്ലയിൽ ”അസംഘടിത പരമ്പരാഗത മേഖലയിലെ പ്രതിസന്ധിയും സാമൂഹ്യസുരക്ഷയും” എന്ന സെമിനാർ CITU ജില്ലാ സെക്രട്ടറി സ. പി.ബി. ഹർഷകുമാർ ഉദ്ഘാടനം ചെയ്തു.

ആലപ്പുഴയിൽ രണ്ട് സെമിനാറുകൾ നടന്നു. 2022 ഡിസംബർ 25 ന് ”വർഗ്ഗീയതക്കെതിരെ വർഗ്ഗ





പി.കെ. ഷാജൻ
(പ്രസിഡന്റ്)



നെടുവത്തൂർ സുന്ദരേശൻ
(ജന.സെക്രട്ടറി)



കെ.കെ.ഹരിക്കുട്ടൻ
(ട്രഷറർ)

ഐക്യം" എന്ന സെമിനാർ ബഹു: മുൻ പൊതു മരാമത്ത് രജിസ്ട്രേഷൻ വകുപ്പുമന്ത്രി സ. ജി. സുധാകരൻ ഉദ്ഘാടനം ചെയ്തു.

2022 ഡിസംബർ 2 ന് "കേന്ദ്ര സർക്കാർ നയങ്ങളും അസംഘടിത തൊഴിൽ മേഖലയിലെ പ്രശ്നങ്ങളും" എന്ന സെമിനാർ സിപിഎം സംസ്ഥാന സെക്രട്ടറിയേറ്റംഗം സ. സജി ചെറിയാൻ M.L.A ഉദ്ഘാടനം ചെയ്തു.

കാസർഗോഡ് "പരമ്പരാഗത തൊഴിലാളികളും വെല്ലുവിളികളും" എന്ന സെമിനാർ സിഐടിയു സെക്രട്ടറി സ. ജനാർദ്ദനൻ ഉദ്ഘാടനം ചെയ്തു.

2023 ജനുവരി ർ ന് രാവിലെ സ. വി.വി. രോഹിണിക്കുട്ടി നഗറിൽ (ടൗൺ ഹാൾ) സംസ്ഥാന പ്രസിഡൻറ് സ. പി.കെ. ഷാജൻ പതാക ഉയർത്തി. സി. ഐ.ടി.യു സംസ്ഥാനജനറൽ സെക്രട്ടറി സ. എളമരം കരീം സമ്മേളനം ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി സ. നെടുവത്തൂർ സുന്ദരേശൻ പ്രവർത്തന റിപ്പോർട്ടും ബൈലാ ഭേദഗതിയും, സ. കെ.കെ. ഹരിക്കുട്ടൻ വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. സ. ഗ്രേസി സതീഷ് രക്തസാക്ഷി പ്രമേയവും സ. എൻ. മുരളീധരൻ അനുശോചന പ്രമേയവും അവതരിപ്പിച്ചു. സ്വാഗതസംഘം ചെയർമാൻ സ. ആർ. നാസർ സ്വാഗതവും സ. ജി. രാജമ്മ നന്ദിയും പറഞ്ഞു.

സിഐടിയു സംസ്ഥാന സെക്രട്ടറിമാരായ സ. സി.ബി. ചന്ദ്രബാബു, സ. പി.പി. ചിത്തരഞ്ജൻ MLA, സ. എ. എം. ആരിഫ് M.L.A, സിഐടിയു ജില്ലാ സെക്രട്ടറി സ. പി. ഗാനകുമാർ, CITU ജില്ലാ പ്രസിഡന്റ് എച്ച് സലാം MLA എന്നിവർ അഭിവാദ്യം ചെയ്ത് സംസാരിച്ചു. 170062 യൂണിയൻ അംഗങ്ങളെ പ്രതിനിധീകരിച്ച് 498 പേർ സമ്മേളനത്തിൽ പങ്കെടുത്തു. ചർച്ചയിൽ 31 സഖാക്കൾ പങ്കെടുത്തിരുന്നു. ഇതിൽ 11 പേർ വനിതകളായിരുന്നു.

വർഗ്ഗീയതയ്ക്കെതിരെ വർഗ്ഗ ഐക്യം ശക്തിപ്പെടുത്തുക, ലഹരിമുക്ത കേരളം, കേന്ദ്ര ഗവൺമെൻറ് നയങ്ങൾക്കെതിരെ പ്രക്ഷോഭത്തിന് അണിനിരക്കുക, നിർമ്മാണ തൊഴിലാളി ക്ഷേമനിധി കാര്യക്ഷമമാക്കുക, ക്ഷേമനിധികളെ ശക്തിപ്പെടുത്തുക, ആർട്ടിസാൻസുകൾക്ക് വകുപ്പും മന്ത്രാലയവും രൂപീകരിക്കുക, നിലമ്പൂർ വുഡ് കോംപ്ലക്സ് തുറന്ന് പ്രവർത്തിക്കുക, കരകൗശല വികസന കോർപ്പറേഷനെ ശക്തിപ്പെടുത്തുക എന്നീ പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു.

ജനുവരി 5 ന് വൈകുന്നേരം നഗര ചത്വരത്തിൽ നിന്നും തുടങ്ങിയ പ്രകടനം ഇഎംഎസ് സ്റ്റേഡിയത്തിൽ എത്തിച്ചേർന്നത് ആലപ്പുഴ നഗരത്തെ ചെങ്കടലാക്കിയായിരുന്നു.

പൊതുസമ്മേളനം കേരളത്തിന്റെ വ്യവസായ വകുപ്പ് മന്ത്രി സ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. സ. ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സ. സജി ചെറിയാൻ സംസാരിച്ചു. യൂണിയൻ ജനറൽ സെക്രട്ടറി സ. നെടുവത്തൂർ സുന്ദരേശൻ സ്വാഗതവും ജില്ലാ പ്രസിഡൻറ് സി.വി. ജോയി കൃതജ്ഞത പറഞ്ഞു. സിഐടിയു സംസ്ഥാന സെക്രട്ടറിമാരായ സ. സി.ബി. ചന്ദ്രബാബു, സ. പി.പി. ചിത്തരഞ്ജൻ MLA, സ. എ. എം. ആരിഫ് M.L.A, സിഐടിയു ജില്ലാ സെക്രട്ടറി സ. പി. ഗാനകുമാർ, സിഐടിയു ജില്ലാ പ്രസിഡൻറ് സ. എച്ച്. സലാം MLA എന്നിവർ പങ്കെടുത്തു.

251 അംഗ ജനറൽ കൗൺസിലും, 87 അംഗ സംസ്ഥാന കമ്മിറ്റിയേയും, 23 അംഗ ഭാരവാഹികളേയും സമ്മേളനം തെരഞ്ഞെടുത്തു. പ്രസിഡൻറായി സ. പി.കെ. ഷാജനെയും (തൃശൂർ), ജനറൽ സെക്രട്ടറിയായി സ. നെടുവത്തൂർ സുന്ദരേശനെയും (കൊല്ലം), ട്രഷററായി സ. കെ.കെ. ഹരിക്കുട്ടനേയും (കോട്ടയം) തെരഞ്ഞെടുത്തു.

വൈസ് പ്രസിഡൻറുമാരായി സഖാക്കൾ ജി. രാജമ്മ (ആലപ്പുഴ), ഗ്രേസി സതീഷ് (കോട്ടയം), എം. മോഹൻദാസ് (മലപ്പുറം), വി.എ. മുരുകൻ (പാലക്കാട്), പി.ബാബു (കോഴിക്കോട്), എ. രാജൻ (വയനാട്), മാമ്പറ്റ ശ്രീധരൻ (കോഴിക്കോട്), ആർ. ശിവദാസൻ (പത്തനംതിട്ട), ശ്രീദേവി രാജൻ (എറണാകുളം), സി. ഭാസ്കരൻ (മലപ്പുറം), സെക്രട്ടറിമാരായി സഖാക്കൾ സി.വി. ജോയി (ആലപ്പുഴ), വി.എസ്. അനൂപ് (കൊല്ലം), എൻ. മുരളീധരൻ (പാലക്കാട്), ടി.എം. ജമീല (പാലക്കാട്), വി.ബി.മോഹനൻ (ഇടുക്കി), ബി.ബാബു (തിരുവനന്തപുരം), എം.ജി. ഷൺമുഖൻ (കണ്ണൂർ), ടി. സുധാകരൻ (തൃശൂർ), പി. ലളിതാംബിക (കൊല്ലം), ശ്രീദേവി.ഐ(തിരുവനന്തപുരം)എന്നിവരെയും തെരഞ്ഞെടുത്തു.

### ഓക്സ്ഫാം റിപ്പോർട്ട്

# 40% സമ്പത്തും ഒരു ശതമാനത്തിന്റെ കൈപ്പിടിയിൽ

ഇന്ത്യയിൽ അതിസമ്പന്നരായ ഒരു ശതമാനം പേർ രാജ്യത്തെ മൊത്തം സമ്പത്തിന്റെ 40 ശതമാനവും കൈവശം വയ്ക്കുന്നതായി ഓക്സ്ഫാം റിപ്പോർട്ട്. അതേസമയം ജനസംഖ്യയുടെ പകുതിയോളം പേർ പങ്കുവയ്ക്കുന്നത് ആകെ സമ്പത്തിന്റെ മൂന്ന് ശതമാനം മാത്രം. രാജ്യത്ത് രണ്ട് വർഷത്തിനിടെ ശതകോടീശ്വരന്മാരുടെ എണ്ണം 102ൽ നിന്നും 166 ആയും വർധിച്ചു. ദാവോസിൽ ലോക സാമ്പത്തിക ഫോറത്തിന്റെ വാർഷിക യോഗത്തിലാണ് ഇന്ത്യയിലെ അസമത്വത്തിന്റെ കണക്ക് വ്യക്തമാക്കുന്ന റിപ്പോർട്ട് പുറത്തുവിട്ടത്. ആഗോള ദാരിദ്ര്യം ഉന്മൂലനംചെയ്യാൻ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെ കോൺഫെഡറേഷനാണ് ഒക്സ്ഫാം.

ഇന്ത്യയിലെ പത്ത് അതിസമ്പന്നർക്ക് 5% നികുതി ചുമത്തിയാൽ രാജ്യത്തെ പഠനം മുടങ്ങിയ എല്ലാ കുട്ടികളെയും സ്കൂളിൽ തിരിച്ചെത്തിക്കാൻ ആവശ്യമായ തുക ലഭിക്കുമെന്നും 'സർവൈവൽ ഓഫ് ദ റിച്ചസ്റ്റ്' എന്ന റിപ്പോർട്ടിൽ പറയുന്നു. കോവിഡ് ആരംഭിച്ചശേഷം കഴിഞ്ഞ നവംബർവരെ ശതകോടീശ്വരന്മാരുടെ സ്വത്ത് 121 ശതമാനം വർധിച്ചു. ദിവസം 3608 കോടി രൂപ വീതമാണ് ഇവരുടെ ആസ്തി വർധന. എന്നാൽ ഇവരിൽനിന്ന് സർക്കാരിന് ലഭിക്കുന്ന ജിഎസ്ടി തുലോം തുച്ഛം. 202122ൽ ജിഎസ്ടി ഇനത്തിൽ സർക്കാരിന് ലഭിച്ചത് 14.83 ലക്ഷം കോടി രൂപയാണ്. ഇതിൽ മേൽത്തട്ടിലുള്ള 10 ശതമാനം പേരിൽനിന്നുള്ള വിഹിതം വെറും മൂന്ന് % മാത്രം. താഴെത്തട്ടിലുള്ള 50 ശതമാനമാണ് 64 ശതമാനം വിഹിതവും സംഭാവന ചെയ്തത്.

ദളിതർ, ആദിവാസികൾ, മുസ്ലിങ്ങൾ, സ്ത്രീകൾ, അനൗപചാരിക മേഖലയിലെ തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങൾ ദുരിതത്തിലാണെന്നും ഓക്സ്ഫാം ഇന്ത്യ സിഇഒ അമിതാഭ് ബെഹാർ പറഞ്ഞു.

* ഇന്ത്യയിലെ 100 അതിസമ്പന്നരുടെ സ്വത്തിന്റെ മൂല്യം 54.12 ലക്ഷം കോടി. ഇത് ഒന്നരവർഷത്തെ കേന്ദ്ര ബജറ്റിന് തുല്യം
* ഗൗതം അദാനി 20172021ൽആർജിച്ച സ്വത്തിന് ഒറ്റത്തവണ നികുതി ചുമത്തിയാൽ 1.79 ലക്ഷം കോടി രൂപ സമാഹരിക്കാം. വർഷം 50 ലക്ഷം പ്രൈമറി അധ്യാപകരെ നിയമിക്കാൻ ഉതകുന്ന തുകയാണിത്.
* ശതകോടീശ്വരന്മാർക്ക് രണ്ട് ശതമാനം നികുതി ചുമത്തിയാൽ മൂന്ന് വർഷത്തേക്ക് രാജ്യത്തെ പോഷകാഹാരക്കുറവ് പരിഹരിക്കാനുള്ള 40,423 കോടി രൂപ ലഭിക്കും
* പുരുഷന് ഒരു രൂപ ലഭിക്കുമ്പോൾ അതേ മേഖലയിൽ സ്ത്രീക്ക് ലഭിക്കുന്നത് 63 പൈസ മാത്രം

# കേരള കാഷ്യു വർക്കേഴ്സ് സെന്റർ സംസ്ഥാന സമ്മേളനം

കേരള കാഷ്യു വർക്കേഴ്സ് സെന്ററിന്റെ സംസ്ഥാന സമ്മേളനം കൊട്ടാരക്കര ഇ.കാസിം നഗറിൽ ചേർന്നു. സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എം.പി ഉദ്ഘാടനം ചെയ്തു. കാഷ്യു വർക്കേഴ്സ് സെന്റർ പ്രസിഡന്റ് കെ.രാജഗോപാൽ അധ്യക്ഷനായി. മുരളി മടന്തംകോട് രക്തസാക്ഷി പ്രമേയവും രാജു അനുശോചന പ്രമേയവും അവതരിപ്പിച്ചു. ജനറൽ സെക്രട്ടറി ബി.തുളസീധരക്കുറിപ്പ് പ്രവർത്തനറിപ്പോർട്ടും ട്രഷറർ ബീമാബീവി കണക്കും അവതരിപ്പിച്ചു. ധനമന്ത്രി കെ.എൻ.ബാലഗോപാൽ, പി.കെ.ഗുരുദാസൻ സിഐടിയു അഖിലേന്ത്യാ വൈസ് പ്രസിഡന്റ് ജെ.മെഴ്സിക്കുട്ടിയമ്മ സംസ്ഥാന ഭാരവാഹികളായ സി.എസ്.സുജാത, എസ്.ജയമോഹനൻ, സി.കെ.ഹരികൃഷ്ണൻ, സിപിഎം ജില്ലാസെക്രട്ടറി എസ്.സുദേവൻ എന്നിവർ സമ്മേളനത്തെ അഭിസംബോധന ചെയ്തു. സമ്മേളനം 101 അംഗ കമ്മിറ്റിയെയും തെരഞ്ഞെടുത്തു.

കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലി പുതുക്കുക, ജനപക്ഷ എൽഡിഎഫ് സർക്കാരിനെ സംരക്ഷിക്കുക, പൊതുമേഖലാസ്ഥാപനങ്ങളിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുക, സംസ്ഥാനസർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുക, കശുവണ്ടി വ്യവസായം സംരക്ഷിക്കാൻ കേന്ദ്രസർക്കാർ സാമ്പത്തിക സഹായം അനുവദിക്കുക തുടങ്ങിയ പ്രമേയങ്ങൾ സമ്മേളനം പാസ്സാക്കി.

**ഭാരവാഹികൾ :** കെ.രാജഗോപാൽ (പ്രസിഡന്റ്), ബി.തുളസീധരക്കുറിപ്പ് (ജനറൽ സെക്രട്ടറി), ബിന്ദു സന്തോഷ് (ട്രഷറർ).